ഭൂമിയുടെ അതിർത്തികൾവരെ രക്ഷ
എത്തിച്ചുകൊടുക്കാൻ ജനതകൾക്കു ദീപമായി
നിന്നെ സ്ഥാപിച്ചിരിക്കുന്നു (ഏശയ്യ 49,6).

വാല്യം 10 ജനുവരി 2018 ലക്കം 01

# തലശ്ശേരി അതിരൂപതാ ബുള്ളറ്റിൻ

# THALASSERY ARCHDIOCESAN BULLETIN

ഒറ്റപ്രതി 10 രൂപ വാർഷിക വരിസംഖ്യ 120 രൂപ

# ഉള്ളടക്കം


1. Prot. No.604/17, സർക്കുലർ നമ്പർ : 24/2017 ........ 7
2. കെസിബിസി സർക്കുലർ - കർഷകദിനം ........ 11
3. പരിശുദ്ധ പിതാവിന്റെ സന്ദേശം ........ 16
4. കെസിബിസി സർക്കുലർ - ഓഖി ചുഴലിക്കാറ്റ് ........ 23
5. കച്ചേരിക്കാര്യം ........ 25
6. അതിരൂപതായോഗം - 2017 റിപ്പോർട്ട് ........ 29
7. പ്രെസ്ബിറ്ററൽ കൗൺസിൽ റിപ്പോർട്ട് ........ 34
8. ഇന്റർനെറ്റ് മിഷൻ ........ 38
9. വിശ്വാസപരിശീലനം ........ 41
10. ബൈബിൾ അപ്പൊസ്റ്റോലേറ്റ് ........ 46
11. ചെറുപുഷ്പ മിഷൻലീഗ് ........ 49
12. തിരുബാലസഖ്യം ........ 54
13. യുവജനശുശ്രൂഷ ........ 55
14. കുടുംബ പ്രേഷിതത്വം ........ 61
15. വിദ്യാഭ്യാസ ഏജൻസി ........ 69
16. വിമൽജ്യോതി വാർത്തകൾ ........ 74
17. നിർമ്മലഗിരി വാർത്തകൾ ........ 76
18. ഫ്രാൻസിസ്കൻ അത്മായ സഭ ........ 78
19. ഇൻഫാം വാർത്തകൾ ........ 80
20. കെസിബിസി മദ്യവിരുദ്ധ സമിതി ........ 81
21. എകെസിസി വാർത്തകൾ ........ 84
22. സാമൂഹ്യസേവനവേദി ........ 87
23. ധ്യാനകേന്ദ്രങ്ങളിലൂടെ ........ 92
24. വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന് (ഞറളക്കാട്ട് പിതാവ്) ........ 93
25. Programme of the Archbishop Mar George Njaralakatt ........ 95
26. വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന് (വലിയമറ്റം പിതാവ്) ........ 98
27. Programme of the Abp. Emeritus Mar George Valiamattam ........ 99
28. വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന് (പാംപ്ലാനി പിതാവ്) ........ 100
29. Programme of the Auxiliary Bishop Mar Joseph Pamplany ........ 102

**Prot. No. 604/17 സർക്കുലർ നമ്പർ 24/2017**

# അതിരൂപതാ യോഗം

ഈശോയിൽ പ്രിയ സഹോദരീസഹോദരന്മാരേ,

തലശ്ശേരി അതിരൂപതയെ സംബന്ധിച്ചിടത്തോളം ഒരു ചരിത്ര സംഭവമായിരുന്നു ഇക്കഴിഞ്ഞ നവംബർ 26 മുതൽ 30 വരെ നാം നടത്തിയ അതിരൂപതായോഗം. ഒരു വർഷം നീണ്ടുനിന്ന ഒരുക്കത്തിനു ശേഷം നടത്തിയ അസംബ്ലി നമ്മുടെ അതിരൂപതയുടെ മുഴുവൻ ചിന്തകളെയും ആഗ്രഹങ്ങളെയും പ്രതിഫലിപ്പിക്കുന്ന ക്രിയാത്മക നിർദ്ദേശങ്ങളോടെയാണ് സമാപിച്ചത് എന്നത് ചാരിതാർത്ഥ്യജനകമാണ്. നാമെല്ലാവരും ആകാംക്ഷയോടെ ഉറ്റുനോക്കിക്കൊണ്ടിരുന്ന ഈ യോഗം നമ്മെ നിരാശപ്പെടുത്തിയില്ല എന്ന് സന്തോഷത്തോടെ പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്.

വാർഡ്തലങ്ങൾ മുതൽ നാം നടത്തിയ ചർച്ചകളുടെ ചൈതന്യം ഉൾക്കൊണ്ട് ദൈവജനത്തെ മുഴുവൻ പ്രതിനിധീകരിച്ചു വന്ന 225 പേർ തലശ്ശേരി സന്ദേശഭവനിൽ നാല് ദിവസം ഗൗരവമായ ചർച്ചകളിൽ മുഴുകിക്കഴിഞ്ഞത് അവിസ്മരണീയമായ അനുഭവമായിരുന്നുവെന്ന് യോഗാംഗങ്ങളെല്ലാവരും അഭിപ്രായപ്പെടുകയുണ്ടായി. പ്രഗത്ഭവ്യക്തികളുടെ വിഷയാവതരണം, ഗ്രൂപ്പ് ചർച്ചകൾ, റിപ്പോർട്ട് അവതരണങ്ങൾ, പൊതു ചർച്ച, അഭിവന്ദ്യ പിതാക്കന്മാരുടെ ചിന്തോദ്ദീപ്തകമായ സന്ദേശങ്ങൾ തുടങ്ങിയവക്കൊപ്പം വി. കുർബാനയും യാമപ്രാർത്ഥനകളും ആരാധനയും കൊന്തനമസ്കാരവുമൊക്കെയുൾപ്പെട്ട പ്രാർത്ഥനാശുശ്രൂഷകളും അസംബ്ലിയെ ആകർഷകമാക്കി. തികഞ്ഞ ഗൗരവത്തോടും അച്ചടക്കത്തോടും പൂർണ്ണമായ സഹകരണത്തോടും കൂടി അസംബ്ലിയിൽ പങ്കെടുത്ത എല്ലാ അംഗങ്ങളെയും ഞാൻ അഭിനന്ദിക്കുകയും അവർക്ക് നന്ദി അറിയിക്കുകയും ചെയ്യുന്നു.

ഈ അതിരൂപതായോഗം ലക്ഷ്യം വച്ചത് 2028-ൽ നമ്മുടെ അതിരൂപത സ്ഥാപിതമായി 75 വർഷം തികയുകയും മലബാറിലേക്കുള്ള ആദ്യകുടിയേറ്റത്തിന് നൂറുവയസ്സുതികയും ചെയ്യുന്നതിന്റെ പശ്ചാത്തലത്തിൽ അടുത്ത പത്ത് വർഷത്തേയ്ക്കുള്ള ഒരു കർമ്മപദ്ധതി തയ്യാറാക്കുക എന്നതായിരുന്നു. കുടുംബം, ഇടവക, സാമൂഹ്യ-സാംസ്കാരിക-രാഷ്ട്രീയമേഖലകൾ, കാർഷിക-പരിസ്ഥിതി മേഖല എന്നീ തലങ്ങളിൽ മാറുന്ന കാലത്തിനനുസരിച്ച് സ്വീകരിക്കുന്ന നയപരിപാടികൾ, പുതിയ സമീപനങ്ങൾ, കർമ്മപദ്ധതികൾ എന്നിവ ചർച്ചാവിഷയമായി. ഇടവകകളിൽനിന്നും സന്യാസസമൂഹങ്ങളിൽ നിന്നും വ്യക്തികളിലും നിന്നും ലഭിച്ച നിർദ്ദേശങ്ങളെ ഉൾക്കൊള്ളി

ച്ചുകൊണ്ടുള്ള ഒരു കർമ്മപദ്ധതിക്കാണ് അസംബ്ലി രൂപം കൊടുത്തത്.

അസംബ്ലി നിർദ്ദേശങ്ങൾ കൂടുതൽ ആലോചനകൾക്കുശേഷം വരും മാസങ്ങളിൽ വിശദമായി നിങ്ങളെ അറിയിക്കുന്നതാണ്. എങ്കിലും അസംബ്ലിയുടെ അവസാനം അംഗീകരിച്ച കർമ്മപദ്ധതിയിലെ ചില പ്രധാന നിർദ്ദേശങ്ങൾ നിങ്ങളെ അറിയിക്കാൻ ഞാൻ ആഗ്രഹിക്കുന്നു.

1. അസംബ്ലിയുടെ നിർദ്ദേശങ്ങൾ നടപ്പിലാക്കാൻ ഒരു ദശവർഷാചരണം-ഓരോ വർഷവും ഓരോ പ്രത്യേക മേഖലക്ക് പ്രാധാന്യം കൊടുത്തുകൊണ്ടുള്ള ആചരണം-പ്രഖ്യാപിക്കുന്നതാണ്. 2018 സംഘടനാശാക്തീകരണവർഷം, പ്രത്യേകിച്ച് യുവജനവർഷം ആയി പ്രഖ്യാപിക്കുന്നു. 2018 മാർച്ച് 19ന് ഈ വർഷാചരണം ഉദ്ഘാടനം ചെയ്യുന്നതാണ്. തുടർന്നുള്ള വർഷങ്ങളിൽ ജീവകാരുണ്യവർഷം, പരിസ്ഥിതി-കർഷകവർഷം, കുടുംബകൂട്ടായ്മവർഷം, സഭാശുശ്രൂഷകവർഷം, കുടുംബനവീകരണവർഷം, കുട്ടികളുടെ വർഷം, ലഹരിവിരുദ്ധ വർഷം, പ്രേഷിതവർഷം, ജൂബിലിവർഷം എന്നിവ ആചരിക്കുന്നതായിരിക്കും.

2. അതിരൂപതയിലെ ഭവനരഹിതരായ നിർദ്ധനരെ സഹായി ക്കാൻ വരുന്ന 10 വർഷത്തിനുള്ളിൽ ഇടവകകളുടെയും സംഘടനകളുടെയും സഹായത്തോടെ 1000 ഭവനങ്ങൾ നിർമ്മിച്ചു നല്കുന്നതാണ്. തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ മേൽനോട്ടത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന ഈ പദ്ധതിയുടെ വിശദാംശങ്ങൾ പിന്നീട് അറിയിക്കുന്നതാണ്.

3. അതിരൂപതയിലെ കുടുംബകൂട്ടായ്മകളെ ശക്തിപ്പെടുത്താനായി ഒരു പുതിയ ഡിപ്പാർട്ട്മെന്റ് ആരംഭിക്കുകയും മുഴുവൻസമയ ഡയറക്ടറെ നിയമിക്കുകയും ചെയ്യുന്നതാണ്.

4. വിപുലമായ സൗകര്യങ്ങളോടുകൂടി ഒരു കൗൺസലിംഗ് സെന്റർ രൂപതയിൽ ആരംഭിക്കുന്നതാണ്.

5. തലശ്ശേരി അതിരൂപതയെ പരിസ്ഥിതിസൗഹൃദ അതിരൂപതയാക്കി മാറ്റാനുള്ള കർമ്മപരിപാടികൾ രൂപീകരിക്കുന്നതാണ്. പ്ലാസ്റ്റിക്, തെർമോകോൾ, ഫ്ളക്സ് തുടങ്ങിയവയുടെ ഉപയോഗം പള്ളികളിൽ ഒഴിവാക്കുകയും പള്ളിവക സ്ഥലങ്ങളിൽ ധാരാളം മരങ്ങൾ വച്ചുപിടിപ്പിക്കുകയും സാധിക്കുന്നിടത്തോളം മരങ്ങൾ മുറിക്കാതെയും കുന്നുകളിടിക്കാതെയും നിർമ്മാണപ്രവർത്തനങ്ങൾ ക്രമീകരിക്കുകയും ചെയ്യാൻ ഇപ്പോൾ മുതൽ എല്ലാവരും സഹകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

6. പ്ലാസ്റ്റിക് മാലിന്യ നിർമ്മാർജ്ജനത്തിന് വിവിധ സംഘടനകളുടെ സഹായത്തോടെ ഇടവകകളിൽ സംവിധാനം ഏർപ്പെടുത്തുന്നതാണ്.

7. ഭക്ഷ്യസ്വയംപര്യാപ്തതയെ ലക്ഷ്യംവച്ച് കാർഷികമേഖലയെ സഹായിക്കാനുള്ള കർമ്മപദ്ധതികൾ ഇൻഫാം, എ.കെ.സി.സി. റ്റി.എസ്.എസ്.എസ്. എന്നിവയുടെ നേതൃത്വത്തിൽ നടപ്പിലാക്കുന്നതാണ്.

8. ക്ഷീര കർഷകസംഘങ്ങളും പാൽഡയറിയും റ്റി.എസ്.എസ്. എസിന്റെ ആഭിമുഖ്യത്തിൽ നടപ്പിലാക്കുന്നതാണ്.

9. കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ സമാധാനപ്രവർത്തനങ്ങൾക്ക് അതിരൂപത സജീവമായി ഇടപെടുന്നതിനുള്ള സംവിധാനങ്ങൾ ഒരുക്കുന്നതാണ്.

10. സർക്കാർ മേഖലയിലെ ജോലി സാധ്യതകൾ പ്രയോജനപ്പെടുത്താൻ ഉതകുന്ന പരിശീലനകേന്ദ്രങ്ങൾ കോർപ്പറേറ്റ് എഡ്യൂക്കേഷൻ ഏജൻസിയുടെ നേതൃത്വത്തിൽ ആരംഭിക്കുന്നതാണ്.

11. വി. കുർബാന അർപ്പണം, ആരാധനക്രമസംഗീതം, നഷ്ടമാകുന്ന ക്രിസ്തീയ പാരമ്പര്യങ്ങളുടെ പുനരുദ്ധാരണം തുടങ്ങിയവയ്ക്കുള്ള മാർഗ്ഗനിർദ്ദേശങ്ങൾ സമർപ്പിക്കാൻ ഒരു ലിറ്റർജിക്കൽ കമ്മിറ്റിയെ നിയമിക്കുന്നതാണ്.

മുകളിൽ പറഞ്ഞിരിക്കുന്നത് അസംബ്ളിയുടെ ക്രിയാത്മക നിർദ്ദേശങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ട ചിലതുമാത്രമാണ്. ഇവ ഓരോന്നും നടപ്പിലാക്കാനുള്ള പ്രായോഗികപദ്ധതികൾ കൂടുതൽ വിശദമായി ചർച്ചചെയ്യേണ്ടതുണ്ട്. അതിനായി 2018 ജനുവരി മാസം 16,17 തീയതികളിലായി അതിരൂപതയിലെ വൈദികരുടെ സമ്മേളനം നാല് റീജണുകളിൽവച്ച് നടത്തുന്നതാണ്. അതിരൂപതാ പാസ്റ്ററൽ കൗൺസിൽ സമ്മേളനം ഫെബ്രു. 13നും വിളിച്ചു ചേർക്കുന്നതായിരിക്കും. ഇവയ്ക്കുശേഷം വിശദമായ രൂപരേഖ തയ്യാറാക്കി നിങ്ങളെ അറിയിക്കുന്നതാണ്.

അസംബ്ലിയിലൂടെ പ്രതിഫലിച്ച അതിരൂപതയിലെ മുഴുവൻ അംഗങ്ങളുടെയും അഭിപ്രായങ്ങളെ ഗൗരവത്തോടെ ഉൾക്കൊണ്ടുകൊണ്ട്, അവയെല്ലാം പ്രവർത്തിപഥത്തിൽ എത്തിക്കണമെന്നാണ് എന്റെ ആഗ്രഹം. അതിന് നിങ്ങളെല്ലാവരുടെയും പിൻതുണയും സഹകരണവും ഞാൻ അഭ്യർത്ഥിക്കുന്നു.

അതിരൂപതായോഗം ഫലപ്രദവും വിജയകരവുമായി പൂർത്തിയാക്കാൻ സാധിച്ചത് അനേകംപേരുടെ നിസ്തുലമായ അദ്ധ്വാനവും

സഹകരണവും മൂലമാണ്. യോഗം ഉത്ഘാടനം ചെയ്യാനെത്തിയ മേജർ ആർച്ചുബിഷപ് അഭിവന്ദ്യ മാർ ജോർജ് ആലഞ്ചേരി പിതാവ്, അഭിവന്ദ്യ വലിയമറ്റം പിതാവ്, മാർ ജോസഫ് പാംപ്ലാനി പിതാവ്, നമ്മുടെ അയൽ രൂപതകളിൽനിന്നുള്ള അഭിവന്ദ്യ പിതാക്കന്മാർ, വിവിധ വിഷയങ്ങളെ ക്കുറിച്ചുള്ള പ്രബന്ധങ്ങൾ അവതരിപ്പിച്ചവർ എന്നിവരെയും മറ്റ് വിശിഷ്ടാതിഥികളെയും നന്ദിയോടുകൂടി അനുസ്മരിക്കുന്നു. അസംബ്ലി വിജയിപ്പിക്കുന്നതിനായി അത്യദ്ധ്വാനം ചെയ്ത മോൺ. അലക്സ് താരാമംഗലം അച്ചന്റെ നേതൃത്വത്തിലുള്ള കേന്ദ്രകമ്മിറ്റി അംഗങ്ങളെയും സംഘാടകസമിതിയെയും ഞാൻ അഭിനന്ദിക്കുകയും നന്ദി പറയുകയും ചെയ്യുന്നു. അസംബ്ലിയുടെ സെക്രട്ടറി എന്ന നിലയിൽ ഏറെ കഠിനാധ്വാനം ചെയ്ത ബഹു. തോമസ് തെങ്ങുംപള്ളി അച്ചന് പ്രത്യേകം അഭിനന്ദനങ്ങൾ. അസംബ്ലിയിൽ പങ്കെടുത്ത് അതിരൂപതയുടെ നന്മയെ മുന്നിൽ കണ്ട് വിലയേറിയ നിർദ്ദേശങ്ങൾ നൽകിയ എല്ലാ അംഗങ്ങൾക്കും നന്ദിയും ദൈവാനുഗ്രഹവും ആശംസിക്കുന്നു.

അസംബ്ലി നൽകിയ ഊർജ്ജവും നവോന്മേഷവും നമ്മുടെ അതിരൂപതയുടെ എല്ലാ തലങ്ങളിലുമുള്ള പ്രവർത്തനങ്ങളിൽ നിറയാൻ സർവ്വശക്തനായ ദൈവം നമ്മെ അനുഗ്രഹിക്കട്ടെ. നമ്മുടെ അമ്മയായ പരിശുദ്ധ കന്യകാമറിയത്തിന്റെയും നമ്മുടെ അതിരൂപത യുടെ സ്വർഗ്ഗീയ മദ്ധ്യസ്ഥനായ വി. യൗസേപ്പിതാവിന്റെയും മദ്ധ്യസ്ഥത വഴി മാറുന്ന കാലത്തെ വിശ്വാസജീവിതം സുദൃഢമാക്കാൻ നമുക്ക് സാധിക്കട്ടെ. ഏവർക്കും പുതുവത്സാരാശംസകൾ നേർന്നുകൊണ്ട്,

സ്നേഹാശിസ്സുകളോടെ,

നിങ്ങളുടെ വത്സലപിതാവ്

തലശ്ശേരി **മാർ ജോർജ് ഞറളക്കാട്ട്**
20-12-2017 തലശ്ശേരി അതിരൂപതയുടെ മെത്രാപ്പോലീത്ത

---

**പ്രത്യേക ശ്രദ്ധയ്ക്ക് :** ഈ സർക്കുലർ 2018 ജനുവരി 7-ാം തീയതി ഞായറാഴ്ച എല്ലാ ഇടവക ദൈവാലയങ്ങളിലും വി. കുർബാന മദ്ധ്യേ വായിക്കേണ്ടതാണ്.

# 2018 ജനുവരി 15 കർഷകദിനം

## കേരള കത്തോലിക്കാ മെത്രാൻ സമിതി (കെസിബിസി)

## ഇൻഫാം പുറപ്പെടുവിക്കുന്ന സർക്കുലർ

മിശിഹായിൽ പ്രിയ സഹോദരീ സഹോദരന്മാരേ,

അസംഘടിത കർഷകസമൂഹത്തിന്റെ അതിജീവനം ലക്ഷ്യമാക്കി കേരള കത്തോലിക്കാ സഭയുടെ നേതൃത്വത്തിൽ ഒന്നര പതിറ്റാണ്ട് മുമ്പ് രൂപീകരിക്കപ്പെട്ട സ്വതന്ത്ര കർഷകപ്രസ്ഥാനമാണ് ഇൻഫാം. വിളകളുടെ വിലത്തകർച്ചയും കീടബാധയും വന്യമൃഗശല്യവും കടക്കെണിയുംമൂലം ആത്മഹത്യയുടെ വക്കിലെത്തിയ കർഷകസമൂഹത്തിന് സാന്ത്വനമേകുവാൻ ദൈവനിയോഗംപോലെ രൂപംകൊണ്ട ഇൻഫാമിന്റെ നേതൃത്വത്തിൽ നടത്തപ്പെട്ട കർഷക പോരാട്ടങ്ങൾ ചരിത്രത്താളുകളിൽ ഇന്നും ജ്വലിച്ചുനിൽക്കുന്നു. ഇത്തരം ജനകീയ പോരാട്ടങ്ങളിലൂടെ കാർഷിക പ്രശ്നങ്ങൾ ഭരണാധികാരികളുടെയും രാഷ്ട്രീയ നേതൃത്വങ്ങളുടെയും ശ്രദ്ധയിൽ കൊണ്ടുവരുവാനും ഒട്ടനവധി കാർഷികപ്രശ്നങ്ങൾക്ക് പരിഹാരം സാധ്യമാക്കുവാനും കഴിഞ്ഞുവെന്നത് അഭിമാനപൂർവ്വം സ്മരിക്കുന്നു.

പക്ഷേ ആഗോളവൽക്കരണത്തിന്റെയും കമ്പോളവൽക്കരണത്തിന്റെയും ഈ കാലഘട്ടത്തിൽ കാർഷികമേഖലയിൽ പരിഹരിക്കപ്പെടേണ്ട നിരവധി പ്രശ്നങ്ങൾ ഇനിയും അവശേഷിക്കുന്നുണ്ട്. കാർഷികോല്പന്നങ്ങളുടെ വില തകർന്നടിഞ്ഞുകൊണ്ടിരിക്കുന്നു. ഉല്പാദനച്ചെലവ് വർദ്ധിക്കുന്നു. തൊഴിലാളി ക്ഷാമം രൂക്ഷമാണ്. വന്യമൃഗശല്യംമൂലം വിളകൾ നശിപ്പിക്കപ്പെടുന്നു. കാലാവസ്ഥാവ്യതിയാനം കാർഷികമേഖലയെ പ്രതികൂലമായി ബാധിച്ച് ഉല്പാദനത്തിലും വൻ ഇടിവ് സൃഷ്ടിച്ചിരിക്കുന്നു. കടബാധ്യത കർഷകന്റെ ഉറക്കംകെടുത്തുകമാത്രമല്ല ജീവനും തട്ടിയെടുക്കുന്നു. കീടബാധമൂലം വിളകൾ നശിക്കുന്നു.

പകലന്തിയോളം പണിയെടുത്ത് രാജ്യത്തെ മുഴുവൻ ജനങ്ങൾക്കും ആവശ്യമായ ഭക്ഷ്യവസ്തുക്കളും വ്യവസായങ്ങൾക്ക് ആവശ്യമായ അസംസ്കൃതവസ്തുക്കളും ഉല്പാദിപ്പിക്കുന്ന കർഷകരുടെ പ്രശ്നങ്ങൾ പരിഹരിക്കപ്പെടണമെങ്കിൽ കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ അടിയന്തരവും ഫലപ്രദവുമായ ഇടപെടൽ അനിവാര്യമാണ്.

കാർഷികോല്പന്നങ്ങൾക്ക് വിലസ്ഥിരത ഉറപ്പുവരുത്തണം. മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ നിർമ്മാണത്തിലൂടെ കർഷകർക്ക് അധികവരുമാനം ലഭ്യമാക്കണം. മലയോരമേഖലയിലെ വന്യമൃഗശല്യത്തിന് ശാശ്വതപരിഹാരം കണ്ടെത്തണം. കാർഷിക കടങ്ങൾ എഴുതിത്തള്ളണം. കർഷകന് പലിശരഹിതവായ്പ ലഭ്യമാക്കണം. നാടിനുവേണ്ടി സേവനം ചെയ്യുന്ന കർഷകന് വാർദ്ധക്യാവസ്ഥയിൽ പ്രതിമാസം പതിനായിരം രൂപ പെൻഷൻ നൽകണമെന്ന 2015 ലെ സംസ്ഥാന കാർഷികനയത്തിലെ നിർദ്ദേശം നടപ്പിലാക്കണം. കേന്ദ്രസംസ്ഥാന സർക്കാരുകൾ കാർഷിക ബഡ്ജറ്റ് അവതരിപ്പിക്കണം. കർഷകപ്രതിനിധികളെ ഉൾപ്പെടുത്തി കാർഷിക കമ്മീഷൻ രൂപീകരിക്കണം. ഇത്തരം ന്യായമായ ആവശ്യങ്ങൾ നേടിയെടുക്കണമെങ്കിൽ ജാതിമതഭേദമെന്യേ കർഷകർ ഒറ്റക്കെട്ടായി മുന്നോട്ടുവരേണ്ടതുണ്ട്.

കാർഷികവൃത്തിയോടുള്ള യുവജനതയുടെ അവഗണനയും ഗൗരവപൂർവ്വം ചർച്ചചെയ്യപ്പെടേണ്ട വിഷയമാണ്. കാർഷികവൃത്തി ആദായകരമല്ലാത്തതുകൊണ്ടും കർഷകർക്ക് അർഹമായ പരിഗണന ലഭിക്കാത്തതുകൊണ്ടും യുവജനങ്ങൾ കാർഷികവൃത്തിയിൽ നിന്നും അകന്നുനിൽക്കുകയാണിന്ന്. ഇത് ആശങ്കാജനകമായ അവസ്ഥയാണ്. വരും തലമുറകളും കാർഷികവൃത്തി തുടർന്നാൽമാത്രമേ ഭക്ഷ്യസുരക്ഷ ഉറപ്പുവരുത്തുവാൻ സാധിക്കുകയുള്ളൂ. കാർഷികവൃത്തി ഒരു സംസ്കാരത്തിന്റെ ഭാഗമായിട്ടാണ് പഴയതലമുറ കണ്ടിരുന്നത്. അത് കുടുംബബന്ധങ്ങളെ ഊട്ടിയുറപ്പിച്ച സ്നേഹസംസ്കാരമായിരുന്നുവെന്ന സത്യം യുവതലമുറ തിരിച്ചറിയണം. മണ്ണും മനുഷ്യനും പ്രകൃതിയും സമന്വയിക്കപ്പെടുമ്പോൾ രൂപംകൊള്ളുന്ന ജീവസംസ്കൃതിയാണ് കാർഷികവൃത്തിയുടെ അന്തഃസത്ത. അതൊടൊപ്പം പ്രകടമാകുന്ന ആത്മീയതയുടെ ഫലവും വിസ്മരിച്ചുകൂടാ.

സ്രഷ്ടാവായ ദൈവവും സൃഷ്ടികളായ മനുഷ്യനും പ്രകൃതിയും തമ്മിലുള്ള സമന്വയമാണ് കാർഷികവൃത്തിയിൽ നാം ദർശിക്കുന്ന ആത്മീയത. ഫലസമൃദ്ധമായ ഏദൻതോട്ടത്തിന്റെ കാവൽക്കാരും പരിപാലകരുമായി ദൈവം ചുമതലപ്പെടുത്തിയത് മനുഷ്യരെയാണ്. ദൈവിക രഹസ്യങ്ങൾ വെളിപ്പെടുത്താൻ ദിവ്യനാഥൻ ഉപയോഗിച്ച ഉപമകളിൽ പലതും കാർഷികവൃത്തിയുമായി ബന്ധപ്പെട്ടതാണ്. ഭൂമിയെയും നദികളെയും പൂജിക്കുന്ന ആർഷഭാരത സംസ്കാരം ഈ ആത്മീയതയുടെ ഭാഗമാണ്. അതുകൊണ്ട് ഭക്ഷ്യോല്പാദനം മനുഷ്യന്റെ

നിലനിൽപ്പിന് അനിവാര്യമാണെന്ന സത്യം തിരിച്ചറിഞ്ഞുകൊണ്ടും കാർഷികവൃത്തിയിൽ അന്തർലീനമായിരിക്കുന്ന ജീവസംസ്കാരവും ആത്മീയതയും ഉൾക്കൊണ്ടുകൊണ്ടും യുവജനങ്ങൾ കാർഷികവൃത്തിയിൽ ഏർപ്പെടാൻ സ്വയം സന്നദ്ധരാകണം.

അവകാശങ്ങൾ നേടിയെടുക്കുവാനുള്ള പോരാട്ടങ്ങളോടൊപ്പം സ്വയം പര്യാപ്തത കൈവരിക്കാനുള്ള മാർഗ്ഗങ്ങളെക്കുറിച്ചും കർഷകർ ചിന്തിക്കേണ്ടതുണ്ട്. ഏകവിളയിൽ നിന്നും ബഹുവിളകൃഷിയിലേയ്ക്ക് കർഷകർ മാറണം. ജൈവകൃഷിരീതി അവലംബിക്കണം. അടുക്കളത്തോട്ടങ്ങളിൽ വിഷരഹിത പച്ചക്കറികൾ ഉൾപ്പെടെയുള്ള ഭക്ഷ്യവസ്തുക്കൾ ഉല്പ്പാദിപ്പിച്ച് ഭക്ഷ്യസുരക്ഷയും ആരോഗ്യസുരക്ഷയും ഉറപ്പുവരുത്തണം. ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കാൻ ഇടവകതോറും ഞായറാഴ്ച ചന്തകൾ ആരംഭിക്കണം. പാഴായിപ്പോകുന്ന ചക്ക, കശുമാമ്പഴം തുടങ്ങിയ ഭക്ഷ്യവസ്തുക്കൾ മൂല്യവർദ്ധിത ഉല്പന്നങ്ങളാക്കി മാറ്റുവാനുള്ള സംരംഭങ്ങൾ തുടങ്ങണം. പശുവളർത്തൽ, കോഴിവളർത്തൽ തുടങ്ങിയ സംരംഭങ്ങളിലൂടെ അധികവരുമാനം ഉറപ്പുവരുത്തണം. ഗ്രാമസഭകളിൽ സജീവമായി പങ്കെടുക്കുകയും കാർഷികപ്രശ്നങ്ങൾ അവതരിപ്പിക്കുകയും വേണം. സർക്കാർ ആനുകൂല്യങ്ങൾ നേടിയെടുക്കാൻ പ്രാദേശികതലത്തിൽ കർമ്മസമിതികൾ രൂപീകരിക്കണം. തൊഴിലാളിക്ഷാമം പരിഹരിക്കാനും ഉല്പദനച്ചെലവ് കുറയ്ക്കാനും ലക്ഷ്യമിട്ടുകൊണ്ട് പണ്ടുകാലത്ത് ഉണ്ടായിരുന്ന മാറ്റാൾപണി പുനരാരംഭിക്കണം. ഇത്തരം ക്രിയാത്മക മാർഗ്ഗങ്ങളിലൂടെ നമുക്ക് ഒരു പരിധിവരെ സ്വയം പര്യാപ്തത കൈവരിക്കാൻ കഴിയും.

കാർഷികമേഖലയോടൊപ്പം സഭാവിശ്വാസികൾ ഉപജീവനത്തിനായി ഏറെ ആശ്രയിക്കുന്ന മത്സ്യബന്ധനമേഖലയും നമ്മുടെ വിചിന്തനത്തിന് വിധേയമാക്കണമെന്ന് ഞാൻ കരുതുന്നു. കടലിന്റെ മക്കൾ ഇന്ന് അനുഭവിക്കുന്ന അരക്ഷിതാവസ്ഥ ആശങ്കാജനകവും ഭീതിജനകവുമാണ്. അടുത്തനാളിൽ കേരളത്തിലുൾപ്പെടെ വീശിയടിച്ച ഓഖി ചുഴലിക്കാറ്റിന്റെ ദുരന്തങ്ങൾ ഏറെ അനുഭവിച്ചത് മത്സ്യത്തൊഴിലാളികളാണ്. കടലിൽ മത്സ്യബന്ധനത്തിനുപോയ തങ്ങളുടെ ഉറ്റവർ മടങ്ങിവരാതായപ്പോൾ അലമുറയിട്ട് കരയുന്ന അമ്മമാരുടെ നിസ്സഹായാവസ്ഥ ആരെയാണ് വേദനിപ്പിക്കാത്തത്? ഒട്ടേറെ സഹോദരങ്ങളുടെ വിലപ്പെട്ട ജീവനാണ് അപഹരിക്കപ്പെട്ടത്. എല്ലാം നഷ്ടപ്പെട്ട

കടലിന്റെ മക്കളുടെ ദുഃഖത്തിൽ പങ്കുചേരുവാനും അവരെ ആശ്വസിപ്പിക്കുവാനും മാത്രമല്ല എല്ലാവിധ സഹായങ്ങളുമായി സഭ മുന്നോട്ടു വന്നുവെന്നത് ശ്ലാഘനീയമാണ്. തീരദേശജനതയുടെ പുനരുദ്ധാരണത്തിന് നമുക്ക് ഒറ്റക്കെട്ടായി കൈകോർക്കാം. വീടുകൾ നഷ്ടപ്പെട്ടവരുടെ പുനരധിവാസം സർക്കാർ ഉറപ്പുവരുത്തണം. വള്ളവും വലയും ബോട്ടും നഷ്ടമായവർക്ക് പൂർണ്ണനഷ്ടപരിഹാരം ലഭ്യമാക്കണം. മത്സ്യത്തൊഴിലാളികളുടെ കടങ്ങൾ എഴുതിത്തള്ളണം. മേലിൽ ഇത്തരം വൻ ദുരന്തങ്ങൾ ആവർത്തിക്കാതിരിക്കാനാവശ്യമായ മുന്നറിയിപ്പുകൾ യഥാസമയം നൽകണം. ന്യായമായ ഈ ആവശ്യങ്ങൾ അംഗീകരിക്കാൻ ജനകീയ സർക്കാരിന് ധാർമ്മികബാധ്യതയുണ്ടെന്ന കാര്യം ബോധ്യപ്പെടുത്തട്ടെ. മലയോര തീരദേശ കർഷകസമൂഹം സംഘടിച്ചുനീങ്ങേണ്ടതും സഹകരിച്ചുപ്രവർത്തിക്കേണ്ടതും അടിയന്തരമാണ്.

ആഗോളതലത്തിലെ കാർഷിക വ്യാപാരമാറ്റങ്ങളെയും കരാറുകളെയും നമ്മൾ നോക്കിക്കാണുകയും പഠിക്കുകയും വിലയിരുത്തുകയും വേണം. രാജ്യാന്തര കാർഷികവിപണിയായി ഇന്ത്യ മാറുമ്പോൾ ഈ മണ്ണിലെ കർഷകരും സംരക്ഷിക്കപ്പെടണം. ലോകവിപണികളുമായി മത്സരിക്കുവാനുള്ള കരുത്ത് നാം ആർജിക്കണം. ഇതിനായി സംഘടിച്ചുനീങ്ങുന്നതിനോടൊപ്പം രാഷ്ട്രീയ നിലപാടുകളും ഭരണപങ്കാളിത്തങ്ങളും കർഷകർക്കുണ്ടാകണം.

കേരളത്തിലെ കത്തോലിക്കാ മെത്രാൻസമിതിയുടെ തീരുമാനപ്രകാരം 2010 മുതൽ എല്ലാവർഷവും ജനുവരി 15 ഇൻഫാം കർഷകദിനമായി ആചരിക്കുകയാണല്ലോ. ഈ വർഷവും വിപുലമായ പരിപാടികളാണ് കർഷദിനത്തോടനുബന്ധിച്ച് സംഘടിപ്പിക്കുന്നത്. കൃഷിയുടെയും കർഷകന്റെയും മഹത്വവും നന്മകളും ഓർമ്മപ്പെടുത്താനുള്ള ഒരു സുവർണ്ണാവസരംകൂടിയാണ് കർഷകദിനം. കർഷകസെമിനാറുകളും പൊതുയോഗങ്ങളും സംഘടിപ്പിച്ചുകൊണ്ട് കാർഷികപ്രശ്നങ്ങൾ ഭരണാധികാരികളുടെയും പൊതുസമൂഹത്തിന്റെയും ശ്രദ്ധയിൽപെടുത്തുവാനും വിഘടിച്ചുനിൽക്കാതെ സംഘടിച്ചുനീങ്ങേണ്ടതിന്റെ ആവശ്യകത കർഷകരെ ബോധ്യപ്പെടുത്തുവാനും കർഷകദിനത്തിൽ നാം ശ്രമിക്കണം. ഇടവക, യൂണിറ്റ് തലങ്ങളിൽ കർഷകരെ ആദരിക്കണം. ഇൻഫാം യൂണിറ്റുകൾ ഇല്ലാത്ത ഇടവകകളിൽ ബഹു. വികാരിയച്ചൻമാരുടെ നേതൃത്വത്തിൽ കർഷകരായ നാനാജാതി മതസ്ഥരെ ഉൾപ്പെടുത്തികൊണ്ട് യൂണിറ്റുകൾ രൂപികരിക്കണം.

ദൈവപിതാവിന്റെ സൃഷ്ടികളായ മനുഷ്യമക്കൾക്ക് അന്നന്നുവേണ്ടുന്ന ആഹാരം നൽകാൻ സഹകാരികളായി വർത്തിക്കുന്ന കർഷകരോടൊപ്പം കത്തോലിക്കാസഭ നിലകൊള്ളുമെന്ന് ആവർത്തിച്ചുപറയട്ടെ. ജീവിക്കുവാൻ വേണ്ടിയുള്ള ഇന്നലകളിലെ കുടിയേറ്റ കാലഘട്ടങ്ങളിലും സർക്കാരുകളുടെ അതിക്രൂരമായ കുടിയിറക്കുവേളകളിലും അഭിവന്ദ്യരായ സഭാപിതാക്കന്മാരും, വൈദികരും, അല്മായരും പ്രവാചകധീരതയോടെ കർഷകർക്കൊപ്പം നിലകൊണ്ട് പോരാടിയ ചരിത്രം പ്രത്യേകം സ്മരിക്കുന്നു. പ്രതിസന്ധികളുടെ ഈ നാളുകളിലും കർഷകമക്കൾക്ക് സാന്ത്വനമേകാനും ശക്തിപകരാനും നേതൃത്വം നൽകിക്കൊണ്ടിരിക്കുന്ന ബഹു. വൈദികരെ പ്രത്യേകം അഭിനന്ദിക്കുന്നു. വിഷമഘട്ടങ്ങളിൽ തളരാതെ കൂടുതൽ കരുത്തോടെ പുത്തൻ പ്രതീക്ഷകളുമായി മുന്നേറുവാൻ നമുക്കാകണം. ഇൻഫാമിനു നേതൃത്വം കൊടുക്കുന്ന എല്ലാ ഭാരവാഹികളെയും പ്രത്യേകം അഭിനന്ദിക്കുന്നു.

കേരള കത്തോലിക്കാ മെത്രാൻ സമിതിക്കുവേണ്ടി,

**ബിഷപ് മാർ മാത്യു അറയ്ക്കൽ**
ഇൻഫാം എപ്പിസ്കോപ്പൽ അഡ്വൈസർ

---

**പ്രത്യേക ശ്രദ്ധയ്ക്ക്:** 2018 ജനുവരി 14-ാം തീയതി ഞായറാഴ്ച ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാ സഭകളിലെ എല്ലാ ദൈവാലയങ്ങളിലും, ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കുകയോ, ഇതിലെ ആശയങ്ങൾ വിശ്വാസിസമൂഹത്തിന് വിശദീകരിച്ചുകൊടുക്കുകയോ ചെയ്യേണ്ടതാണ്.

Ref: 3053/K-5/KCBC/OL/DS 11.12.2017

# അമ്പത്തൊന്നാം ലോകസമാധാനദിനാചരണം
# ഫ്രാൻസിസ് മാർപാപ്പായുടെ സന്ദേശം
# 1 ജനുവരി 2018

*കുടിയേറ്റക്കാരും അഭയാർഥികളും: സമാധാനം തേടുന്ന സ്ത്രീപുരുഷന്മാർ*

## 1. ഹൃദയപൂർവകമായ സമാധാനാശംസ

ഭൂമിയിലെ എല്ലാ ജനതകൾക്കും എല്ലാ രാഷ്ട്രങ്ങൾക്കും സമാധാനം! ക്രിസ്തുമസ് രാത്രിയിൽ[1] മാലാഖ ആശംസിച്ച സമാധാനം എല്ലാവർക്കും അഗാധമായ പ്രചോദനമാണ് - ഓരോ വ്യക്തിക്കും എല്ലാ ജനതകൾക്കും പ്രത്യേകിച്ച്, അതിന്റെ അഭാവം ഏറ്റവും തീവ്രമായി സഹിക്കുന്നവർക്കും. ഞാൻ അവരെപ്പറ്റി സ്ഥിരം ഓർമ്മിക്കുകയും അവർക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുന്നുണ്ട്. അവരിൽ ലോകത്തെങ്ങുമുള്ള 250 മില്യൻ കുടിയേറ്റക്കാരുണ്ട്. അവരിൽത്തന്നെ 22.5 മില്യൻ അഭയാർഥികളാണ്. എന്റെ പ്രിയപ്പെട്ട മുൻഗാമിയായ ബനഡിക്റ്റ് 16-ാമൻ മാർപാപ്പാ അവരെക്കുറിച്ച് ഇങ്ങനെ പറഞ്ഞു: ''സമാധാനത്തോടെ ജീവിക്കാനുള്ള ഒരിടം അന്വേഷിക്കുന്ന സ്ത്രീകളും പുരുഷന്മാരും യുവാക്കളും വൃദ്ധജനങ്ങളും[2] ആ സമാധാനം കണ്ടെത്താൻ, യാത്രയിൽ ജീവന്റെ അപകടസാധ്യത ഏറ്റെടുക്കാൻ, തയ്യാറാണ്. അവരുടെ യാത്ര സുദീർഘവും അപകടകരവുമാണ്. അവർ ക്ലേശങ്ങളും പീഡകളും സഹിക്കുന്നു. ലക്ഷ്യത്തിൽനിന്ന് അവരെ അകറ്റിനിറുത്തുന്ന വേലിക്കെട്ടുകളും മതിലുകളും അവർ കാണുന്നു.

പീഡനവും ദാരിദ്ര്യവും പരിസ്ഥിതി തകർച്ചയും മൂലം മാതൃദേശം വിട്ടുപോകുന്നവരെ സഹതാപത്തിന്റെ ചൈതന്യത്തോടെ നമുക്ക് ആശ്ലേഷിക്കണം.''

മറ്റുള്ളവരുടെ സഹനത്തിനു നേരെ ഹൃദയം തുറക്കുന്നതു മാത്രം മതിയാവുകയില്ലെന്നു നമുക്കറിയാം. നമ്മുടെ സഹോദരീസഹോദരന്മാർക്ക് സുരക്ഷിത ഭവനത്തിൽ വീണ്ടും സമാധാനപൂർവം ജീവിക്കാൻ കഴിയുന്നതിനുമുമ്പ് നാം വളരെ കാര്യങ്ങൾ ചെയ്തുതീർക്കാനുണ്ട്. മറ്റുള്ളവരെ സ്വാഗതം ചെയ്യുന്നതിനും വസ്തുനിഷ്ഠമായ സമർപ്പണം ആവശ്യമാണ്. സഹായത്തിന്റെയും സന്മനസിന്റെയും നെറ്റുവർക്ക് ആവശ്യമാണ്. സൂക്ഷ്മവും സഹതാപപൂർണവുമായ ശ്രദ്ധയും വേണം.

സങ്കീർണവും നവീനവുമായ അസംഖ്യം ആധുനികപ്രശ്നങ്ങളെ ഉത്തരവാദിത്വപൂർവം കൈകാര്യം ചെയ്യണം. ഈ പ്രശ്നങ്ങളിൽ എപ്പോഴും പരിമിതമായിരിക്കുന്ന വിഭവങ്ങളുടെ കാര്യം പറയേണ്ടതില്ലല്ലോ. അവരെ സ്വാഗതം ചെയ്യാനും വളർത്താനും സംരക്ഷിക്കാനും ഉദ്ഗ്രഥിക്കാനും പുതിയൊരു സമൂഹത്തിന്റെ ഭാഗങ്ങളാക്കിത്തീർക്കാനും രാഷ്ട്രീയനേതാക്കൾ വിവേകം എന്ന ഗുണം അഭ്യസിച്ചുകൊണ്ട് പ്രായോഗിക മാനങ്ങൾ സ്വീകരിക്കണം. "പൊതുനന്മയെക്കുറിച്ചുള്ള ശരിയായ ധാരണയുടെ പരിധിക്കുള്ളിൽനിന്ന് അങ്ങനെ ചെയ്യണം."[3] നേതാക്കന്മാർക്ക് അവരുടെ സമൂഹത്തെ സംബന്ധിച്ച് വ്യക്തമായ ഉത്തരവാദിത്വമുണ്ട്. അതിന്റെ നിയമാനുസൃതമായ അവകാശങ്ങളും ഏകതാളമായ വികസനവും അവർ ഉറപ്പുവരുത്തണം - പണിയാൻ തുടങ്ങിയ ഗോപുരം പണിതീർക്കുന്നതിൽ പരാജയപ്പെടുന്ന വിഢിയായ നിർമ്മാതാവിനെപ്പോലെയാകാതിരിക്കാൻ വേണ്ടിത്തന്നെ.[4]

**2. എന്തുകൊണ്ട് ഇത്രമാത്രം അഭയാർത്ഥികളും കുടിയേറ്റക്കാരും?**

മാലാഖമാർ ബേത്‌ലഹേമിൽ സമാധാനം പ്രഘോഷിച്ചിട്ട് രണ്ടായിരം വർഷമായപ്പോൾ നടത്തിയ മഹാജൂബിലിയെപ്പറ്റി ചിന്തിച്ചുകൊണ്ട് വിശുദ്ധ ജോൺപോൾ 2-ാമൻ ഒരു വസ്തുത ചൂണ്ടിക്കാണിച്ചു. ഇരുപതാം നൂറ്റാണ്ടിന്റെ സവിശേഷതയായിരിക്കുന്ന "യുദ്ധങ്ങളുടെയും സംഘട്ടനങ്ങളുടെയും വംശഹത്യകളുടെയും വംശ നിർമാർജനത്തിന്റെയും അവസാനിക്കാത്തതും ഭീതിജനകവുമായ അനന്തരഫലങ്ങളിൽ ഒന്നാണ് വ്യക്തികളുടെ സ്ഥാനചലനത്തിനുള്ള കാരണ"[5] മെന്നാണ് അദ്ദേഹം ചൂണ്ടിക്കാണിച്ചത്. ഇന്നോളം പുതിയ നൂറ്റാണ്ട് അതിൽ നിന്നു മാറിയിട്ടില്ല. ആയുധങ്ങൾ ഉപയോഗിച്ചുകൊണ്ടുള്ള സംഘട്ടനങ്ങളും സംഘടിതമായ അക്രമത്തിന്റെ മറ്റു രൂപങ്ങളും രാഷ്ട്രങ്ങളുടെ അതിരുകളിലേക്കും അപ്പുറത്തേക്കും ജനങ്ങളെ ചലിപ്പിച്ചുകൊണ്ടേയിരിക്കുന്നു.

ജനങ്ങൾ മറ്റു കാരണങ്ങളാലും കുടിയേറുന്നുണ്ട്. പ്രധാനമായും "അവർ കൂടുതൽ നല്ല ജീവിതം ആഗ്രഹിക്കുന്നതുകൊണ്ട് അങ്ങനെ ചെയ്യുന്നു". "വാഗ്ദാനമില്ലാത്ത ഭാവിയുടെ നിരാശയെ പിന്നിലാക്കാൻ വേണ്ടിയാണ് പലപ്പോഴും അങ്ങനെ ചെയ്യുന്നത്."[6] അവർ സ്വന്തം കുടുംബങ്ങളോടു ചേരാൻ വേണ്ടിയോ പ്രൊഫഷണലോ വിദ്യാഭ്യാസപരമോ ആയ സാഹചര്യങ്ങൾ അന്വേഷിച്ചുകൊണ്ടോ അങ്ങനെ ചെയ്യുന്നു. എന്തെന്നാൽ അതിനെല്ലാം അവകാശമുള്ളവർക്ക് സമാധാനത്തിൽ ജീവിക്കാൻ സാധിക്കുന്നില്ല. കൂടാതെ, *ലാവുദാത്തോസി* എന്ന ചാക്രികലേഖനത്തിൽ ഞാൻ ചൂണ്ടിക്കാണിച്ചിട്ടുള്ളതുപോലെ "പരി

സ്ഥിതിപരമായ അധഃപതനം മൂലമുണ്ടാകുന്ന വർധിച്ചുവരുന്ന ദാരിദ്ര്യത്തിൽനിന്ന് ഓടിപ്പോകാൻ ശ്രമിക്കുന്ന ധാരാളം കുടിയേറ്റക്കാരുണ്ട്."[7]

മിക്കവരും ക്രമീകൃത മാർഗങ്ങളിലൂടെയാണ് കുടിയേറുന്നത്. എന്നാൽ ചിലർ വ്യത്യസ്തമാർഗങ്ങൾ സ്വീകരിക്കുന്നു. പ്രധാനമായും നിരാശകൊണ്ടാണ് അങ്ങനെ ചെയ്യുന്നത്. അവരുടെ രാജ്യങ്ങൾ അവർക്ക് സുരക്ഷിതത്വമോ അവസരങ്ങളോ നല്കുന്നില്ല. നിയമപരമായ മാർഗങ്ങൾ അപ്രായോഗികമോ അടയ്ക്കപ്പെട്ടതോ അമിതമായ കാലതാമസം വരുത്തുന്നതോ ആണ്.

കുടിയേറ്റത്തിനു വിധേയമാകുന്ന അനേകരാഷ്ട്രങ്ങളിൽ കുടിയേറ്റം ദേശീയ സുരക്ഷിതത്വത്തിന് അപകടകരമാണെന്ന വാദം പരക്കുന്നു. പുതിയവരെ സ്വീകരിക്കൽ ഏറെ ചെലവുള്ള കാര്യമാണെന്നു വാദിക്കുന്നു. അങ്ങനെ ദൈവത്തിന്റെ പുത്രീപുത്രന്മാർക്ക് അവകാശപ്പെട്ട മഹത്ത്വത്തെ ഇല്ലാതാക്കുന്നു.[8]

ഭാവിയിൽ കുടിയേറ്റം തുടരുമെന്ന് അന്താരാഷ്ട്രസമൂഹത്തിനു ലഭ്യമായ എല്ലാ സൂചനകളും വ്യക്തമാക്കുന്നുണ്ട്. ചിലർ ഇതിനെ ഒരു ഭീഷണിയായി കരുതുന്നു. സമാധാനം സ്ഥാപിക്കാനുള്ള ഒരു സന്ദർഭമായി ആത്മവിശ്വാസത്തോടെ അതിനെ കാണാൻ ഞാൻ ആവശ്യപ്പെടുന്നു.

### 3. ധ്യാനാത്മകമായ നോട്ടത്തോടെ

വിശ്വാസത്തിന്റെ ജ്ഞാനം ധ്യാനാത്മകവീക്ഷണത്തെ വളർത്തുന്നു. അത് ഒരു വസ്തുത തിരിച്ചറിയുന്നു. അതായത് നമ്മൾ എല്ലാവരും "ഒറ്റക്കുടുംബത്തിലെ അംഗങ്ങളാണ്. കുടിയേറ്റക്കാരും അവരെ സ്വീകരിക്കുന്ന ജനതകളും ഒറ്റ കുടുംബത്തിലെ അംഗങ്ങളാണ്. നമ്മുടെ ലക്ഷ്യം സാർവത്രികമാണ്. സഭയുടെ സാമൂഹികപ്രബോധനം പഠിപ്പിക്കുന്നതുപോലെതന്നെ. ഇവിടെയാണ് ഐക്യദാർഢ്യവും പങ്കുവയ്ക്കലും സ്ഥാപിക്കപ്പെട്ടിരിക്കുന്നത്."[9] ഈ വാക്കുകൾ പുതിയ ജറുസലെമിനെ സംബന്ധിച്ച് ബൈബിളിൽ കാണുന്ന പ്രതിബിംബത്തെ ഉണർത്തുന്നു. ഏശയ്യാ പ്രവാചകന്റെ പുസ്തകവും (അധ്യായം 60) വെളിപാടിന്റെ പുസ്തകവും (അധ്യായം 21) ഒരു നഗരത്തെ വിവരിക്കുന്നു. അതിന്റെ കവാടങ്ങൾ എല്ലാ ദേശത്തെയും ജനതകൾക്കായി തുറന്നിട്ടിരിക്കുന്നു. അവർ അതുകണ്ട് വിസ്മയിക്കുകയും സമ്പന്നതകൾകൊണ്ട് അതിനെ നിറയ്ക്കുകയും ചെയ്യുന്നു. അതിനെ നയിക്കുന്ന പരമാധികാരി സമാധാനമാണ്. അതിനോടുള്ള സഹവർത്തിത്വത്തെ ഭരിക്കുന്ന തത്ത്വം നീതിയാണ്.

നാം ജീവിക്കുന്ന നഗരങ്ങളെയും ഈ ധ്യാനാത്മകവീക്ഷണ ത്തോടെ നാം നോക്കണം. അവരുടെ വീടുകളിലും തെരുവീഥികളിലും ചത്വരങ്ങളിലും ദൈവം വർത്തിക്കുന്നതായി കാണുന്ന വിശ്വാസ ത്തിന്റെ നോട്ടമാണത്. അവിടന്ന് ഐക്യദാർഢ്യത്തെയും സഹോദ ര്യത്തെയും നന്മയ്ക്കും സത്യത്തിനും നീതിക്കും വേണ്ടിയുള്ള ആഗ്ര ഹത്തെയും വളർത്തുന്നു."[10] മറ്റു വാക്കുകളിൽ പറഞ്ഞാൽ, സമാധാന വാഗ്ദാനത്തെ പൂർത്തീകരിക്കുന്നു.

ആ നോട്ടം കുടിയേറ്റക്കാരിലേക്കും അഭയാർഥികളിലേക്കും വ്യാപി പ്പിക്കുമ്പോൾ അവർ കൈയിൽ ഒന്നുമില്ലാതെയല്ല എത്തിച്ചേരുന്ന തെന്ന് നാം കണ്ടെത്തും. അവർ ധീരതയും വൈദഗ്ധ്യവും ഊർജവും ആഗ്രഹങ്ങളും ഉള്ളവരാണ്. അതുപോലെ അവരുടെ സംസ്കാരങ്ങ ളുടെ നിക്ഷേപങ്ങളും അവരുടെ കൈയിലുണ്ട്. ഇങ്ങനെ അവർ അവരെ സ്വീകരിക്കുന്ന രാഷ്ട്രങ്ങളുടെ ജീവനെ സമ്പന്നമാക്കുന്നു. ലോകത്ത് എവിടെയും അസംഖ്യ വ്യക്തികളുടെയും കുടുംബങ്ങളു ടെയും സമൂഹങ്ങളുടെയും സർഗാത്മകതയും ആവേശവും ത്യാഗ ചൈതന്യവും കൂടി നമ്മൾ കാണുന്നുണ്ട്. അവർ കുടിയേറ്റക്കാർക്കും അഭയാർത്ഥികൾക്കും വേണ്ടി വാതിലുകളും ഹൃദയങ്ങളും തുറക്കുന്നു. വിഭവങ്ങൾ പരിമിതമായിരിക്കുന്നിടങ്ങളിലും നാം അതു കാണുന്നു.

പൊതുനന്മയെ സംബന്ധിച്ച ഉത്തരവാദിത്വമുള്ളവരുടെ വിവേച നശക്തിയെയും ധ്യാനാത്മകമായ വീക്ഷണം നയിക്കണം. സ്വാഗതം ചെയ്യലിന്റെ നയം സ്വീകരിക്കുകയും വേണം. "പൊതുനന്മയെ സംബ ന്ധിച്ച ശരിയായ വീക്ഷണം അനുവദിക്കുന്ന പിരിധിക്കുള്ളിൽ അങ്ങനെ ചെയ്യണം."[11] മനുഷ്യകുടുംബത്തിലെ എല്ലാ അംഗങ്ങളു ടെയും ആവശ്യങ്ങളും ഓരോ വ്യക്തിയുടെയും ക്ഷേമവും ഓർത്തു കൊണ്ട് അപ്രകാരം ചെയ്യണം.

പൊട്ടിമുളച്ചു വളർന്നുകൊണ്ടിരിക്കുന്ന സമാധാനത്തിന്റെ വിത്തു കളെ തിരിച്ചറിയാൻ ഇപ്രകാരം വസ്തുതകളെ നോക്കിക്കാണുന്ന വർക്കു സാധിക്കും. കുടിയേറ്റക്കാരുടെയും അഭയാർത്ഥികളുടെയും സാന്നിധ്യത്തെ സംബന്ധിച്ച് മിക്കപ്പോഴും വിഭജിക്കപ്പെടുകയും ധ്രുവീ കരിക്കപ്പെടുകയും ചെയ്തുകൊണ്ടിരിക്കുന്ന നമ്മുടെ നഗരങ്ങൾ അങ്ങനെ സമാധാനത്തിന്റെ പണിപ്പുരകളായി മാറും.

## 4. പ്രവർത്തനത്തിനു നാല് മൈൽക്കല്ലുകൾ

അനാഥാലയം അന്വേഷിക്കുന്നവർക്കും അഭയാർത്ഥികൾക്കും കുടി യേറ്റക്കാർക്കും മനുഷ്യക്കടത്തിന് ഇരയായിട്ടുള്ളവർക്കും അവർ അന്വേ ഷിക്കുന്ന സമാധാനം കണ്ടെത്താൻ അവസരം നല്കുകയെന്നത് നാലു

പ്രവൃത്തികൾ കൂടിച്ചേർന്ന കാര്യമാണ്: സ്വാഗതം ചെയ്യൽ, സംരക്ഷിക്കൽ, വളർത്തൽ, കൂട്ടിച്ചേർക്കൽ.[12]

നിയമപരമായ മാർഗങ്ങൾ വ്യാപിപ്പിക്കുകയെന്നത് "സ്വാഗതം ചെയ്യലിന്" ആവശ്യമാണ്. കുടിയേറ്റക്കാരെയും അന്യനാട്ടുകാരെയും പീഡനവും അക്രമവും നേരിടേണ്ടിവരുന്ന രാജ്യങ്ങളിലേക്ക് തള്ളിക്കളയാതിരിക്കുകയും വേണം. ദേശീയ സുരക്ഷിതത്വത്തെക്കുറിച്ചുള്ള നമ്മുടെ താത്പര്യം മാനുഷിക മൗലികാവകാശങ്ങളെക്കുറിച്ചുള്ള താത്പര്യത്തോടു തുല്യമായിരിക്കണം. വിശുദ്ധ ഗ്രന്ഥം നമ്മെ ഇങ്ങനെ ഓർമ്മിപ്പിക്കുന്നു: "ആതിഥ്യ മര്യാദ മറക്കരുത്. അതുവഴി ദൈവദൂതന്മാരെ അറിയാതെ സത്കരിച്ചവരുണ്ട്."[13]

അഭയകേന്ദ്രവും സുരക്ഷിതത്വവും തേടി, യഥാർത്ഥ അപകടങ്ങളിൽ നിന്ന് ഓടിവരുന്നവരുടെ അലംഘ്യമായ മഹത്ത്വത്തെ അംഗീകരിക്കാനും സംരക്ഷിക്കാനും അവരെ ചൂഷണത്തിൽനിന്നു രക്ഷിക്കാനുമുള്ള കടമയെ സംബന്ധിച്ചതാണ് "സംരക്ഷിക്കൽ." അപകടസാധ്യതയുടെയും ദുരുപയോഗത്തിന്റെയും ഇരകളാകത്തക്ക സാഹചര്യത്തിലുള്ള സ്ത്രീകളെയും കുട്ടികളെയും കുറിച്ച് ഞാൻ പ്രത്യേകമായി ചിന്തിക്കുന്നു. അവരുടെ അവസ്ഥ അടിമത്തത്തിനു തുല്യംപോലുമാണ്. "കർത്താവ് പരദേശികളെ പരിപാലിക്കുന്നു. വിധവകളെയും അനാഥരെയും സംരക്ഷിക്കുന്നു."[14]

കുടിയേറ്റക്കാരുടെയും അഭയാർത്ഥികളുടെയും സംപൂർണമായ മാനുഷിക വികസനത്തെ പിന്താങ്ങുകയെന്നതാണ് "വളർത്തൽ." അങ്ങനെ ചെയ്യാൻ പല മാർഗങ്ങളുമുണ്ട്. കുട്ടികൾക്കും യുവജനത്തിനും എല്ലാ തലങ്ങളിലുമുള്ള വിദ്യാഭ്യാസം ലഭിക്കുമെന്ന് ഉറപ്പുവരുത്തണമെന്ന് ഊന്നിപ്പറയാൻ ഞാൻ ആഗ്രഹിക്കുന്നു. അത് അവരെ സ്വന്തം കഴിവുകളെ തിരിച്ചറിയാനും വളർത്താനും സഹായിക്കും. മാത്രമല്ല, പരിത്യജിക്കലിന്റെയും എതിർപ്പിന്റെയും ചൈതന്യത്തിനു പകരം മറ്റുള്ളവരെ കണ്ടുമുട്ടാനും സംഭാഷണം നടത്താനുമുള്ള ചൈതന്യം അവർക്കുണ്ടാകും. ബൈബിൾ ഇങ്ങനെ പഠിപ്പിക്കുന്നു: ദൈവം "പരദേശിയെ സ്നേഹിക്കുന്നു. അവർക്ക് ആഹാരവും വസ്ത്രവും നല്കുന്നു. അതിനാൽ പരദേശിയെ സ്നേഹിക്കുക. ഈജിപ്തിൽ നിങ്ങൾ പരദേശികളായിരുന്നല്ലോ."[15]

അവസാനമായി "ഉദ്ഗ്രഥിക്കൽ" അഥവാ "കൂട്ടിച്ചർക്കൽ" എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് ഇതാണ്: സ്വാഗതം ചെയ്യുന്ന സമൂഹത്തിന്റെ ജീവിതത്തിൽ പൂർണമായി പങ്കുചേരാൻ അഭയാർത്ഥികളെയും കുടിയേറ്റക്കാരെയും അനുവദിക്കുക. പരസ്പരം സമ്പന്നമാക്കുന്ന ഒരു

പ്രക്രിയയുടെ ഒരു ഭാഗമായിരിക്കണം അത്. പ്രാദേശിക സമൂഹത്തിന്റെ പൂർണമായ മാനുഷിക വികസനത്തിനു സേവനം ചെയ്യുന്നതിൽ ഫല പൂർണമായ സഹകരണവും ഉണ്ടാകണം. വിശുദ്ധ പൗലോസ് ശ്ലീഹാ ഇക്കാര്യം ഇങ്ങനെ വ്യക്തമാക്കുന്നു: "ഇനിമേൽ നിങ്ങൾ അന്യരോ പരദേശികളോ അല്ല. വിശുദ്ധരുടെ സഹപൗരരും ദൈവഭവനത്തിലെ അംഗങ്ങളുമാണ്."[16]

## 5. രണ്ട് അന്താരാഷ്ട്ര ഉടമ്പടികളുണ്ടാക്കാനുള്ള നിർദേശം

എന്റെ ഹൃദയപൂർവകമായ പ്രത്യാശ ഇതാണ്: 2018-ൽ ഈ പ്രക്രിയ രണ്ട് ആഗോള ഉടമ്പടികൾ എഴുതാനും അംഗീകരിക്കാനും യുണൈറ്റഡ് നേഷൻസിനെ പ്രചോദിപ്പിക്കും. ഒരു ഉടമ്പടി സുരക്ഷിതവും ക്രമവത്കൃതവുമായ കുടിയേറ്റത്തിനുവേണ്ടിയുള്ളതാണ്. മറ്റേത്, അഭയാർഥികളെ സംബന്ധിക്കുന്നതാണ്.

ആഗോളതലത്തിൽ സ്വീകരിക്കപ്പെടുന്ന ഉടമ്പടികളാകയാൽ നയ പ്രഖ്യാപനങ്ങൾക്കും പ്രായോഗികമായ കാര്യങ്ങൾക്കും വേണ്ട സംവിധാനം അവ പ്രദാനം ചെയ്യും. ഇക്കാരണത്താൽ അവ സഹതാപം, മുൻകൂട്ടിക്കാണൽ, ധീരത എന്നിവയാൽ പ്രചോദിപ്പിക്കപ്പെട്ടതായിരിക്കണം. സമാധാന സംസ്ഥാപന പരമായ പ്രക്രിയയെ വളർത്താനുള്ള ഓരോ അവസരവും അതു പ്രയോജനപ്പെടുത്തും. ഈ മാർഗത്തിലൂടെ മാത്രമേ അന്താരാഷ്ട്ര രാഷ്ട്രീയത്തിന് ആവശ്യമായ യാഥാർഥ്യബോധമുണ്ടാകുകയുള്ളൂ. കുറ്റം പറച്ചിലിനും ആഗോളവത്കരിക്കപ്പെടുന്ന നിസ്സംഗതയ്ക്കും കീഴ്പ്പെടാതിരിക്കാനാണത്.

സംവാദവും ക്രമവത്കരണവും അന്താരാഷ്ട്ര സമൂഹത്തെ സംബന്ധിച്ച ഒരു അത്യാവശ്യവും സവിശേഷമായ ഒരു കടമയുമാണ്. ദേശീയ അതിർത്തികൾക്ക് അപ്പുറത്ത് കൂടുതൽ അഭയാർഥികളെ അതുവഴി സ്വാഗതം ചെയ്യാൻ കഴിയും. അല്ലെങ്കിൽ കൂടുതൽ നന്നായി സ്വാഗതം ചെയ്യാൻ കഴിയും. സാമ്പത്തികത കുറഞ്ഞ രാഷ്ട്രങ്ങൾക്കും അങ്ങനെ ചെയ്യാൻ സാധിക്കും. അവർക്ക് അത്യാവശ്യമായ പണം അന്താരാഷ്ട്ര സഹകരണം വഴി ഉറപ്പുനല്കിയാൽ മതി.

സമഗ്ര മാനുഷിക വികസനത്തെ വളർത്താനുള്ള ഡികാസ്ട്രിയിൽ കുടിയേറ്റക്കാരെയും അഭയാർഥികളെയും സംബന്ധിച്ച ഖണ്ഡികകളിൽ 20 കാര്യങ്ങൾ സൂചിപ്പിച്ചിട്ടുണ്ട്. ഈ നാലു ക്രിയകളും ചെയ്യാൻ അവ പ്രേരിപ്പിക്കും. പൊതുനയത്തിലും ക്രൈസ്തവസമൂഹത്തിന്റെ മനോഭാവങ്ങളിലും പ്രവർത്തനങ്ങളിലും ഇതു നടപ്പാക്കാൻ പ്രേരണ നല്കും.[17] രണ്ടു യു.എൻ ആഗോള ഉടമ്പടികളും സ്വീകരിക്കാനുള്ള പ്രക്രിയയിൽ കത്തോലിക്കാസഭയ്ക്കു താത്പര്യമുണ്ട്. ഇതിന്റെയും

മറ്റു സംഭാവനകളുടെയും ലക്ഷ്യം അതാണ്. കൂടുതൽ പൊതുവായ അജപാലനപ്രവർത്തനത്തിന്റെ അടയാളമാണ് ഈ താത്പര്യം. അത് സഭയുടെ ഉദ്ഭവം മുതൽ തുടങ്ങിയതാണ്. ഇന്നോളമുള്ള അനേകം പ്രവർത്തനങ്ങളിലൂടെ സഭ അതു തുടർന്നിട്ടുമുണ്ട്.

## 6. നമ്മുടെ പൊതുഭവനത്തിനുവേണ്ടി

വിശുദ്ധ ജോൺപോൾ 2-ാമന്റെ വാക്കുകളിൽനിന്ന് നമുക്ക് പ്രചോദനം സ്വീകരിക്കാം. അദ്ദേഹം ഇങ്ങനെ പറഞ്ഞു: "സമാധാനപൂർണമായ ഒരു ലോകം എന്ന 'സ്വപ്നം' എല്ലാവരും പങ്കുചേരുന്ന ഒന്നായിക്കഴിഞ്ഞാൽ, അഭയാർഥികളുടെയും കുടിയേറ്റക്കാരുടെയും സംഭാവനയെ ശരിയായി വിലയിരുത്തിയാൽ മനുഷ്യവർഗം കൂടുതൽ കൂടുതൽ സാർവത്രികമാകുന്ന കുടുംബമായിത്തീരും. നമ്മുടെ ഭൂമി യഥാർഥത്തിൽ പൊതുവായ ഭവനം ആയിത്തീരുകയും ചെയ്യും."[18] ചരിത്രത്തിലുടനീളം അനേകർ ഈ "സ്വപ്ന"ത്തിൽ വിശ്വസിച്ചവരും അവരുടെ നേട്ടങ്ങൾ ഒരു സാക്ഷ്യവുമാണ് - ഇത് ഒരു മായാലോക സങ്കല്പമല്ലെന്നതിന്റെ സാക്ഷ്യപത്രം.

അവരിൽ ഒരാളായി വിശുദ്ധ ഫ്രാൻസെസ് സേവ്യർ കബ്രീനിയെ ഈ വർഷം നമുക്കു ഓർമ്മിക്കാം. അവളുടെ നൂറാം ചരമവാർഷികം ഇക്കൊല്ലമാണ്. ഈ നവംബർ 13-ാംതീയതി അനേകം സഭാ സമൂഹങ്ങൾ അവളുടെ ഓർമ്മ ആഘോഷിക്കുന്നു. ഏറെ ശ്രദ്ധേയയായ അവൾ കുടിയേറ്റക്കാർക്കുവേണ്ടിയുള്ള സേവനത്തിന് തന്റെ ജീവിതം സമർപ്പിച്ചു. അവൾ കുടിയേറ്റക്കാരുടെ രക്ഷാധികാരിയായ വിശുദ്ധയാണ്. നമ്മുടെ സഹോദരീസഹോദരന്മാരെ സ്വാഗതം ചെയ്യാനും, സംരക്ഷിക്കാനും വളർത്താനും സമൂഹത്തിലേക്കു കൂട്ടിച്ചേർക്കാനും ഈ വിശുദ്ധ നമ്മെ പഠിപ്പിച്ചു. "സമാധാനസ്രഷ്ടാക്കൾ നീതിയുടെ ഫലം സമാധാനത്തിൽ വിതയ്ക്കുന്നു"[19] എന്നത് നമുക്കെല്ലാവർക്കും അനുഭവിക്കാൻ, ആ വിശുദ്ധയുടെ മാധ്യസ്ഥതവഴി കർത്താവ് നമ്മെ ശക്തരാക്കട്ടെ.

വത്തിക്കാനിൽ നിന്ന്
13 നവംബർ 2017

കുടിയേറ്റക്കാരുടെ രക്ഷാധികാരിണിയായ ഫ്രാൻസെസ് സേവ്യർ കബ്രീനിയുടെ ഓർമ്മദിവസം

**ഫ്രാൻസിസ് മാർപാപ്പാ**

Ref: 3052/K-5/KCBC/OL/DS 07.12.2017

# ഓഖി ചുഴലിക്കാറ്റ് വിതച്ച ദുരന്തങ്ങളുടെ പശ്ചാത്തലത്തിൽ കേരള കത്തോലിക്കാ മെത്രാൻ സമിതി പുറപ്പെടുവിക്കുന്ന സർക്കുലർ

ഇക്കഴിഞ്ഞ നവംബർ 29-ന് ആഞ്ഞടിച്ച ഓഖി ചുഴലിക്കാറ്റ് അനേകം കുടുംബങ്ങളുടെ ജീവിതസ്വപ്നങ്ങളെയാണ് തകർത്തത്. ദുരന്തം വൻതോതിൽ തീരദേശത്തെയും ഒപ്പം, ഉൾനാടൻ-മലയോര പ്രദേശങ്ങളെയും ബാധിച്ചു. അനേകം മനുഷ്യജീവിതങ്ങൾ ഹോമിക്കപ്പെട്ടു. പാവപ്പെട്ട തൊഴിലാളികൾ ഒരായുസ്സുകൊണ്ട് നേടിയെടുത്ത ജീവനോപാധികളും പാർപ്പിടങ്ങളും അടിസ്ഥാന സൗകര്യങ്ങളും തകർന്നടിഞ്ഞു. ഈ ദുരന്തത്തിന്റെ വ്യാപ്തിയും ആഴവും ഡിസംബർ 5 മുതൽ 7 വരെ പാലാരിവട്ടം പിഒസിയിൽ നടന്ന കെസിബിസി യോഗം ചർച്ച ചെയ്തു.

പ്രകൃതിക്ഷോഭത്തിൽ ദുരിതമനുഭവിക്കുന്ന ജനങ്ങളോട് ഐക്യദാർഢ്യം പ്രഖ്യാപിച്ചുകൊണ്ട് കേരള കത്തോലിക്കാ മെത്രാന്മാരെല്ലാവരും വല്ലാർപാടം മരിയൻ തീർത്ഥാടനകേന്ദ്രത്തിൽ പ്രത്യേക പ്രാർത്ഥനാശുശ്രൂഷ നടത്തി. പ്രകൃതിക്ഷോഭത്തിൽ ജിവൻ നഷ്ടപ്പെട്ടവരുടെ കുടുംബാംഗങ്ങളുടെ ദുഃഖത്തിൽ കെസിബിസി ഹൃദയപൂർവം പങ്കുചേരുന്നു.

ചുഴലിക്കാറ്റിൽ ഇനിയും തിട്ടപ്പെടുത്താൻ കഴിയാത്തവിധത്തിൽ മത്സ്യത്തൊഴിലാളികൾ അകപ്പെടുകയും മത്സ്യബന്ധനോപാധികൾ നശിക്കുകയും ചെയ്തു എന്നത് ആശങ്കയും ദുഃഖവും വർധിപ്പിക്കുന്നു. സമയോചിതമായ നടപടികളുണ്ടായിരുന്നെങ്കിൽ ഇത്രയധികം ജീവഹാനി ഉണ്ടാകുമായിരുന്നില്ല. ഇപ്പോൾ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ഉണർന്നു പ്രവർത്തിക്കുന്നതിൽ സന്തോഷമുണ്ട്. ഇത്തരം ദുരന്തങ്ങളെ ഭാവിയിൽ ഒഴിവാക്കാനും ഫലപ്രദമായി നേരിടാനും ദുരന്തനിവാരണ അഥോറിറ്റി, തീരദേശ വികസന അഥോറിറ്റി, മറൈൻ എൻഫോഴ്സ്മെന്റ്, തീരദേശ പോലീസ്, കോസ്റ്റ് ഗാർഡ്, ഫിഷറീസ് ഡിപ്പാർട്ട്മെന്റ് തുടങ്ങിയ സംവിധാനങ്ങളെ കാര്യക്ഷമമായി ഏകോപിപ്പിക്കുന്നതിന് നടപടികൾ ഉണ്ടാകണം. തീരമേഖലയുടെ വിഷയങ്ങൾ കൈകാര്യംചെയ്യുന്നതിന് കേന്ദ്രസർക്കാരിൽ സ്വതന്ത്ര ചുമതലയുള്ള മന്ത്രാലയം രൂപീകരിക്കണമെന്ന് സമ്മേളനം ആവശ്യപ്പെട്ടു.

കേരള മെത്രാൻ സമിതി ഇക്കാര്യങ്ങൾ പ്രധാനമന്ത്രിയെയും മുഖ്യമന്ത്രിയെയും അറിയിക്കുകയും ദുരിതത്തിൽ കഴിയുന്ന തീരജനതയുടെ സമഗ്രവികസനത്തിനുവേണ്ടി പുനരധിവാസ പാക്കേജ് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്.

മനുഷ്യാവകാശദിനമായ ഡിസംബർ 10 ഞായറാഴ്ച കേരളത്തിലെ കത്തോലിക്കാസഭയും ഭാരതകത്തോലിക്കാസഭയും ദുരിതബാധിതരോട് ഐക്യദാർഢ്യം പ്രഖ്യാപിച്ചുകൊണ്ട് പ്രാർത്ഥനാദിനമായി ആചരിക്കുകയാണ്. ദുരിതമനുഭവിക്കുന്ന സഹോദരങ്ങളെ ദിവ്യബലിമധ്യേ അനുസ്മരിച്ചു പ്രാർത്ഥിക്കേണ്ടതാണ്. അന്നേദിനം സമാഹരിക്കുന്ന പ്രത്യേക ദുരിതാശ്വാസനിധി തീരദേശജനതയുടെ സമാശ്വാസത്തിനുവേണ്ടി നീക്കിവയ്ക്കുന്നതാണ്. വിശ്വാസികൾ ഒരു ദിവസത്തെ വരുമാനമെങ്കിലും ദുരിതാശ്വാസപ്രവർത്തനത്തിനായി സംഭാവനചെയ്യണമെന്ന് കെസിബിസി അഭ്യർത്ഥിക്കുന്നു. ഓരോ രൂപതയും സമാഹരിക്കുന്ന തുക ഡിസംബർ 31-നുമുമ്പ് കെസിബിസി സെക്രട്ടേറിയേറ്റിൽ ഏല്പിക്കേണ്ടതാണ്. നമ്മുടെ എല്ലാ ഇടവകകളും, സ്ഥാപനങ്ങളും, സന്യാസ ഭവനങ്ങളും ഈ സംരംഭത്തിൽ പങ്കുചേരണമെന്ന് അഭ്യർത്ഥിക്കുന്നു.

ഈ പ്രാർത്ഥനായജ്ഞത്തിലും ദുരിതാശ്വാസപ്രവർത്തനങ്ങളിലും ക്രൈസ്തവസാഹോദര്യത്തിന്റെയും ഉപവിയുടെയും നേർക്കാഴ്ച തെളിഞ്ഞു നില്ക്കട്ടെ.

**ആർച്ചുബിഷപ് ഡോ. എം. സൂസ പാക്യം**
പ്രസിഡന്റ്, കെസിബിസി

**ബിഷപ് ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റം**
**ആർച്ചുബിഷപ് മാർ മാത്യു മൂലക്കാട്ട്**
വൈസ് പ്രസിഡന്റ്, കെസിബിസി സെക്രട്ടറി ജനറൽ, കെസിബിസി

പി.ഒ.സി., കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം *കൊച്ചി - 682 025*

---

**NB:** 2017 ഡിസംബർ 10-ാം തീയതി ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാ സഭകളിലെ എല്ലാ ദൈവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കുകയോ ഇതിൽ പറയുന്ന കാര്യങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചുകൊടുക്കുകയോ ചെയ്യേണ്ടതാണ്.




## 1. പുതിയ നിയമനങ്ങൾ

ഫാ. ജോസ് കുന്നേൽ ഒ.എസ്.ബി. – വികാരി, വിമലശ്ശേരി

ഫാ. ജോസ് മണ്ണൂർ – അവധി

## 2. വൈദിക സമ്മേളനം – പ്രെസ്ബിത്തേരിയം

തലശ്ശേരി അതിരൂപതയിലെ വൈദികരുടെ സമ്മേളനം 2018 ജനുവരി 16, 17 തീയതികളിലായി നാല് റീജനുകളിൽവച്ച് ചേരുന്നതാണ്. അതിരൂപതാ അസംബ്ലിയുടെ തീരുമാനങ്ങൾ അറിയിക്കുന്നതിനും തുടർനടപടികൾ ചർച്ച ചെയ്യുന്നതിനും വേണ്ടിയാണ് യോഗം ചേരുന്നത്. അഭിവന്ദ്യപിതാക്കന്മാരുടെ സാന്നിധ്യത്തിൽ ചേരുന്ന വൈദിക സമ്മേളനത്തിൽ ഓരോ റീജനുകളിലെയും വൈദികർ അതാത് സ്ഥലങ്ങളിൽ നിർബന്ധമായും സംബന്ധിക്കണമെന്ന് താത്പര്യപ്പെടുന്നു.

| തീയതി | സമയം | സ്ഥലം | പങ്കെടുക്കേണ്ട ഫൊറോനകൾ |
|---|---|---|---|
| 16 ചൊവ്വ | രാവിലെ 9.30–12.30 | പടന്നക്കാട് | കാഞ്ഞങ്ങാട്, പനത്തടി വെള്ളരിക്കുണ്ട്, തോമാപുരം |
| 16 ചൊവ്വ | ഉച്ചകഴിഞ്ഞ് 2.30–5.30 | ആലക്കോട് | ചെറുപുഴ, മേരിഗിരി, ആലക്കോട് വായാട്ടുപറമ്പ്, തളിപ്പറമ്പ് |
| 17 ബുധൻ | രാവിലെ 9.30–12.30 | ഇരിട്ടി | പേരാവൂർ, എടൂർ, കുന്നോത്ത് നെല്ലിക്കാംപൊയിൽ |
| 17 ബുധൻ | ഉച്ചകഴിഞ്ഞ് 2.30–5.30 | ചെമ്പേരി | ചെമ്പേരി, ചെമ്പന്തൊട്ടി പൈസക്കരി |

## 3. പാസ്റ്ററൽ കൗൺസിൽ

പുതിയ പാസ്റ്ററൽ കൗൺസിലിലേക്ക് ഫൊറോനകളിൽനിന്നുള്ള പ്രതിനിധികളായി ഒരു വൈദികൻ, 3 അത്മായ പ്രതിനിധികൾ (1 അത്മായ പുരുഷൻ, 1 അത്മായ യുവാവ്, 1 വനിത) എന്നിവരുടെ പേരുകളും അഡ്രസ്സും മൊബൈൽനമ്പറും ഇനിയും നല്കാനുള്ള ഫൊറോന വികാരിമാർ ഉടനെതന്നെ പേരുകൾ ചാൻസലറച്ചനെ അറിയിക്കേണ്ടതാണ്. പുതിയ പാസ്റ്ററൽ കൗൺസിലിന്റെ ആദ്യസമ്മേളനം 2018 ഫെബ്രുവരി 13ന് ചേരുന്നതാണ്.

## 4. റീജണൽ ബിഷപ്സ് ഹൗസ്, പടന്നക്കാട്

പടന്നക്കാട് റീജണൽ പാസ്റ്ററൽ സെന്ററിനടുത്ത് അതിരൂപതവകയായി ഉണ്ടായിരുന്ന കെട്ടിടം അഭിവന്ദ്യ പിതാക്കന്മാർക്ക് താമസിക്കാനുള്ള സൗകര്യങ്ങളോടെ നവീകരിച്ച് 2017 ഡിസംബർ 16ന് വെഞ്ചരിച്ചു. അഭിവന്ദ്യ പിതാക്കന്മാർ മുൻകൂട്ടി അറിയിക്കുന്ന ദിവസങ്ങളിൽ അവിടെയുണ്ടാകും. കാസർഗോഡ് റീജിയന്റെ സിൻചെല്ലൂസ് പെരിയ ബഹു. മോൺ. ജോർജ് എളൂക്കുന്നേലച്ചൻ താമസവും ഓഫീസും ഈ ഭവനത്തിലേക്ക് മാറ്റിയിരിക്കുന്നു. അനുവാദങ്ങൾക്കും മറ്റാവശ്യങ്ങൾക്കും കാസർഗോഡ് റീജണിലുള്ളവർക്ക് ഇനി മുതൽ റീജണൽ ബിഷപ്സ് ഹൗസിൽ വികാരി ജനറാളച്ചനെ സന്ദർശിക്കാവുന്നതാണ്.

അഡ്രസ് : റീജണൽ ബിഷപ്സ് ഹൗസ്
നിർമ്മൽ നഗർ, ഐങ്ങോത്ത്, പടന്നക്കാട് പി.ഒ., 671314
ഫോൺ: 9447347624, 8547911230

## 5. സഭൈക്യവാരം

ലോകത്തിലെ എല്ലാ ക്രൈസ്തവ വിഭാഗങ്ങളും ഒന്നിച്ച് ആചരിക്കുന്ന സഭൈക്യവാരം ജനുവരി 18 മുതൽ 25 വരെയാണ്. ഈ വർഷത്തെ പ്രാർത്ഥനാവാരത്തിലെ വിചിന്തനവിഷയം പുറപ്പാട് 15:1-21 അടിസ്ഥാനമാക്കി "കർത്താവേ അങ്ങയുടെ വലതുകൈ ശക്തിയാൽ മഹത്വമാർന്നിരിക്കുന്നു" എന്നതാണ്. ക്രിസ്തുവിൽ വിശ്വസിക്കുന്നവരെല്ലാവരും ഒരു ഇടയനും ഒരു തൊഴുത്തുമായി തീരാൻ സാധിക്കട്ടെ എന്ന് പ്രാർത്ഥിക്കാം. സഭൈക്യസംരംഭങ്ങളുടെ വിജയത്തിനുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കാൻ ഇടവകജനങ്ങളെ ഓർമ്മിപ്പിക്കുമല്ലോ.

## 6. സീറോ - മലബാർ മിഷൻ വാരാചരണം

കഴിഞ്ഞ മാസത്തെ ബുള്ളറ്റിനിൽ കൊടുത്തിരിക്കുന്ന അഭിവന്ദ്യ മേജർ ആർച്ചുബിഷപ്പിന്റെ സർക്കുലറിൽ സൂചിപ്പിച്ചിരിക്കുന്നതുപോലെ 2018 ജനുവരി 6 മുതൽ 12 വരെ സീറോ - മലബാർ പ്രേഷിതവാരം ആഘോഷിക്കുകയാണ്. സീറോ - മലബാർ സഭയ്ക്ക് ഭാരതം മുഴുവൻ പ്രേഷിത പ്രവർത്തനം നടത്താനുള്ള അവകാശം ലഭിച്ചിരിക്കുന്ന സാഹചര്യത്തിൽ പ്രേഷിതവാരാചരണം അർത്ഥവത്തായി നടത്താൻ പരിശ്രമിക്കാം. എല്ലാ ഭവനങ്ങളിലും കൊടുക്കാനുള്ള കവറുകൾ ഫൊറോനാകേന്ദ്രങ്ങളിൽ എത്തിച്ചിട്ടുണ്ട്. ബഹു. വികാരിയച്ചന്മാർ അവ തീച്ചയായും വിതരണം ചെയ്യണമെന്ന് ഓർമ്മിപ്പിക്കട്ടെ. പള്ളികളിൽ പ്രത്യേകം പറഞ്ഞ് സംഭാവന സ്വീകരിക്കുകയും സീറോ - മലബാർ മിഷനെ സഹായിക്കാൻ ഈ തുക ജനുവരി 30ന് മുമ്പ് അതിരൂപതാ കേന്ദ്രത്തിൽ എത്തിക്കുകയും ചെയ്യണ

മെന്ന് ഓർമ്മിപ്പിക്കുന്നു. ഷംസാബാദ് രൂപതയെ പ്രത്യേകമായി നാം സഹായിക്കേണ്ടതുണ്ട്.

## 7. ജനുവരി – 15 കർഷകദിനം

കേരളത്തിലെ കത്തോലിക്കാ മെത്രാൻ സമിതിയുടെ തീരുമാന പ്രകാരം ഇൻഫാമിന്റെ ആഭിമുഖ്യത്തിൽ ജനുവരി മാസം 15–ാം തീയതി കർഷകദിനമായി ആചരിക്കുന്നു. എല്ലാ ഇടവകകളിലും കർഷകദിന പരിപാടികൾ സംഘടിപ്പിക്കാനും ഇൻഫാമിനെ ശക്തിപ്പെടുത്താനുള്ള ശ്രമങ്ങൾ നടത്താനും താത്പര്യപ്പെടുന്നു. ഇൻഫാം സംഘടന ഉള്ള ഇടവകകളിൽ അന്നേദിവസം വിവിധ പരിപാടികൾ സംഘടിപ്പിക്കാൻ ഉത്സാഹിക്കണമെ.

## 8. ജനുവരി –1 ലോകസമാധാനദിനം

ലോകസമാധാനദിനത്തോടനുബന്ധിച്ച് മാർപ്പാപ്പ നല്കുന്ന സന്ദേശം ഈ ലക്കം ബുള്ളറ്റിനിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. കുടിയേറ്റക്കാരും അഭയാർത്ഥികളുമായവർക്കുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കാൻ മാർപ്പാപ്പ ഓർമ്മിപ്പിക്കുന്നു. മാർപ്പാപ്പയുടെ ഈ സന്ദേശം ചുരുക്കമായെങ്കിലും ജനങ്ങളെ അറിയിക്കുമല്ലോ.

## 9. ദിയാക്കോണിയ – സംഘടന യൂണിറ്റുകൾ

കഴിഞ്ഞ മാസം നാല് റീജണുകളിൽവച്ച് ചേർന്ന വിവിധ സംഘടനകളുടെ സംയുക്ത യോഗത്തിൽ അഭിവന്ദ്യ പിതാക്കന്മാരുടെ സാന്നിധ്യത്തിൽ 2018 ഫെബ്രുവരി 28നു മുമ്പ് എല്ലാ സംഘടനകളുടെയും യൂണിറ്റുകൾ എല്ലാ ഇടവകകളിലും സ്ഥാപിക്കണമെന്ന് തീരുമാനിച്ചിരുന്നല്ലോ. ഫെബ്രുവരി 28നു മുമ്പ് യൂണിറ്റുകൾ സ്ഥാപിച്ച് ഭാരവാഹികളുടെ ലിസ്റ്റ് അതിരൂപതാ കേന്ദ്രത്തിലേക്ക് അയച്ചുതരണമെന്ന് ഓർമ്മിപ്പിക്കുന്നു.

## 10. ആദരാഞ്ജലികൾ

**1. സി. മേരി സിറിൽ കാഞ്ഞിരമറ്റത്തിൽ എസ്.എച്ച്. (80) :** തിരുഹൃദയ



സന്യാസിനീ സമൂഹം തലശ്ശേരി സെന്റ് ജോസഫ്സ് പ്രൊവിൻസ് അംഗമായ സി. മേരി സിറിൽ കാഞ്ഞിരമറ്റത്തിൽ എസ്.എച്ച്. 2017 ഡിസംബർ 9–ാം തീയതി നിര്യാതയായി. പരേത മാലോം ഇടവകയിൽ കാഞ്ഞിരമറ്റത്തിൽ ജോസഫ്–അന്നമ്മ ദമ്പതികളുടെ മൂത്ത മകളാണ്. മരിയാപുരം, ആലക്കോട്, പൈസക്കരി, കുളത്തുവയൽ, ചുങ്കക്കുന്ന്, കട്ടിപ്പാറ, വായാട്ടുപറമ്പ്, ബത്തേരി, പോരൂർ, വിളക്കന്നൂർ, വെള്ളാട്, അറബി, ബളാൽ, പേരാവൂർ, മരിയഭവൻ, ജോസ്ഗിരി എന്നീ സ്ഥലങ്ങളിൽ

സേവനമനുഷ്ഠിച്ചിട്ടുണ്ട്. നിർമലഗിരി സാൻജോസ് ഭവനിൽ വിശ്രമജീവിതം നയിക്കുകയായിരുന്നു. മൃതസംസ്ക്കാരശുശ്രൂഷയ്ക്ക് പേരാവൂർ സെന്റ് ജോസഫ്സ് പ്രൊവിഷ്യൽ ഹൗസിൽ അഭിവന്ദ്യ മാർ ജോർജ് വലിയമറ്റം പിതാവ് നേതൃത്വം വഹിച്ചു. സിസ്റ്ററിനെ ദൈവം നിത്യമഹത്വത്തിലേയ്ക്ക് പ്രവേശിപ്പിക്കുമാറാകട്ടെ.

**2. സി. സുമ സി.എച്ച്.എഫ്. (68):** ഹോളി ഫാമിലി സന്യാസിനീ



സമൂഹത്തിന്റെ മുൻ തലശ്ശേരി റീജണൽ സുപ്പീരിയർ സി. സുമ സി.എച്ച്.എഫ്. 2017 ഡിസംബർ 3ന് നിര്യാതയായി. കടുമേനി സ്കൂളിൽ 22 വർഷത്തോളം പ്രധാനാധ്യാപകയായി സേവനമനുഷ്ഠിച്ചിട്ടുണ്ട്. തലശ്ശേരി അതിരൂപതാ പാസ്റ്ററൽ കൗൺസിൽ അംഗം, വൊക്കേഷൻ ബ്യൂറോ അംഗം തുടങ്ങിയ നിലകളിൽ അതിരൂപതാ പ്രവർത്തനങ്ങളിൽ സജീവ സാന്നിധ്യമായിരുന്നു. മൃതസംസ്ക്കാരം 2017 ഡിസംബർ 4-ന് പാലക്കാട് മേരിലാന്റിൽ മാർ ജേക്കബ് മനത്തോടത്ത് പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ നടന്നു. സിസ്റ്ററിന്റെ സേവനങ്ങളെ നന്ദിപൂർവ്വം അനുസ്മരിക്കുകയും നിത്യസമ്മാനം നല്കി ദൈവം അനുഗ്രഹിക്കട്ടെയെന്ന് പ്രാർത്ഥിക്കുകയും ചെയ്യുന്നു.

## 10 സ്നേഹസ്മൃതി

1. റവ. ഫാ. തോമസ് പറമ്പേട്ട് - 02-01-2015
2. റവ. ഫാ. ജോസഫ് പരിയാരം - 06-01-1979
3. റവ. ഫാ. ജോബ് മൈലാടിയിൽ സിഎംഐ - 06-01-2016
4. റവ. ഫാ. മാത്യു വള്ളോംകുന്നേൽ - 09-01-2016
5. റവ. ഫാ. ഫൗസ്റ്റിൻ പാറയിൽ സിഎംഐ - 10-01-1994
6. റവ. ഫാ. ജോസഫ് ആലക്കൽ - 17-01-2014
7. മോൺ. ജോസഫ് കണിയാമറ്റം - 17-01-2014
8. റവ. ഫാ. കെറുബിൻ പൊരിയത്ത് സിഎംഐ - 18-01-1960
9. റവ. ഫാ. ബർനാർഡിൻ സിഎംഐ - 18-01-1989
10. റവ. ഫാ. ജോസഫ് കോട്ടേപ്പറമ്പിൽ - 21-01-2007
11. റവ. ഫാ. ജോസഫ് മൈലാടൂർ - 21-01-2016
12. റവ. ഫാ. ജോസഫ് കുന്നേൽ സിഎംഐ - 23-01-2003
13. റവ. ഫാ. അബ്രാഹം പൊരുന്നോലിൽ - 31-01-1986

**ഫാ. തോമസ് തെങ്ങുംപള്ളിൽ**
ചാൻസലർ

# തലശ്ശേരി അതിരൂപതായോഗം - 2017
# റിപ്പോർട്ട്

തലശ്ശേരി അതിരൂപതയുടെ ചരിത്രത്തിൽ പുതിയൊരു അധ്യായം എഴുതിച്ചേർത്തുകൊണ്ട് അതിരൂപതാ അസംബ്ലി-2017 പര്യവസാനിച്ചു. 2017 നവംബർ 26 മുതൽ 30 വരെ തലശ്ശേരി സന്ദേശഭവനിൽവച്ചാണ് അസംബ്ലി നടന്നത്. അതിരൂപതയിലെ അല്മായരെയും വൈദികരെയും സന്യസ്ത രെയും പ്രതിനിധീകരിച്ച് 225 പ്രതിനിധികളാണ് അസംബ്ലിയിലേക്ക് തെരഞ്ഞെടുക്കപ്പെട്ടിരുന്നത്. അതിൽ 220 പേർ അസംബ്ലിയിൽ പങ്കെടുത്തു.

നവംബർ 26-ാം തീയതി ഞായറാഴ്ച വൈകുന്നേരം 4.30ന് രജിസ്ട്രേഷൻ ആരംഭിച്ചു. അംഗങ്ങൾക്കുള്ള താമസസൗകര്യം സന്ദേശഭവൻ, ബിഷപ്പ് ഹൗസ്, ജോസ്ഗിരി ഹോസ്പിറ്റൽ, തൊട്ടടുത്തുള്ള കോൺവെന്റുകൾ എന്നിവിടങ്ങളിലാണ് ക്രമീകരിച്ചിരുന്നത്. അംഗങ്ങൾക്കെല്ലാവർക്കും ബാഗ്, ഫയൽ, നോട്ട്ബുക്ക്, പേരെഴുതിയ ടാഗ് എന്നിവ രജിസ്ട്രേഷൻ സമയത്ത് നല്കി. താമസസ്ഥലങ്ങൾ കണ്ടുപിടിച്ചശേഷം എല്ലാവരും വൈകുന്നേരം 6.30 ഓടെ സന്ദേശഭവൻ ഓഡിറ്റോറിയത്തിൽ സമ്മേളിച്ചു. അതിരൂപതാ ദ്ധ്യക്ഷൻ അഭിവന്ദ്യ മാർ ജോർജ് ഞറളക്കാട്ട് പിതാവ് യോഗാംഗങ്ങളെല്ലാ വരെയും ഹൃദയപൂർവ്വം സ്വാഗതം ചെയ്തു. ദീർഘമായ ഒരുക്കത്തിനു ശേഷമാണ് അസംബ്ലിക്കായി നാം ഒന്നിച്ചുചേർന്നിരിക്കുന്നതെന്നും അതിരൂപതയിലെ മുഴുവൻ ആളുകളുടെയും സ്വപ്നങ്ങളെയും പ്രതീക്ഷ കളെയും അവതരിപ്പിക്കാൻ പ്രതിനിധികൾക്ക് സാധിക്കണമെന്നും അഭിവന്ദ്യ പിതാവ് സ്വാഗതഭാഷണത്തിൽ ഓർമ്മിപ്പിച്ചു. തുടർന്ന് അസംബ്ലി നടപടിക്രമം സെക്രട്ടറി ബഹു. തോമസ് തെങ്ങുംപള്ളിലച്ചൻ വിശദീകരിച്ചു. തുടർന്നു നടന്ന ദിവ്യകാരുണ്യ ആരാധനക്ക് ഫാ. ജോൺസൺ അന്ത്യാംകുളം നേതൃത്വം നല്കി.

8 മണിക്ക് സന്ദേശഭവന്റെ നടുമുറ്റത്ത് തയ്യാറാക്കിയ പന്തലിൽ അത്താഴം. തുടർന്ന് ഓഡിറ്റോറിയത്തിൽവച്ച് അംഗങ്ങളെ പരിചയപ്പെടുത്തി. അഭിവന്ദ്യ പിതാവിന്റെ ആശീർവാദപ്രാർത്ഥനയോടെ ഒന്നാം ദിവസത്തെ പരിപാടികൾ സമാപിച്ചു.

27-ാം തീയതി തിങ്കളാഴ്ച രാവിലെ 6.15ന് പ്രഭാതപ്രാർത്ഥനയോടെ പരിപാടികൾ ആരംഭിച്ചു. 6.30ന് സീറോ-മലബാർ മേജർ ആർച്ച്ബിഷപ്പ് മാർ ജോർജ് കാർഡിനൽ ആലഞ്ചേരി പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ വി. കുർബാന അർപ്പിച്ചു. മാർ ജോർജ് ഞറളക്കാട്ട്, മാർ ജോർജ് വലിയമറ്റം എന്നിവർ സഹകാർമ്മികരായിരുന്നു. വി. കുർബാനക്കുശേഷം അഭിവന്ദ്യ ആലഞ്ചേരി പിതാവ് ബിഷപ്പ് ഹൗസിൽ പുതുതായി തയ്യാറാക്കിയ മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി മ്യൂസിയം ഉദ്ഘാടനം ചെയ്തു.

പ്രഭാതഭക്ഷണത്തിനുശേഷം രാവിലെ 8.45ന് ഉദ്ഘാടനസമ്മേളനം ആരംഭിച്ചു. മാർ ജോർജ് ഞറളക്കാട്ട് പിതാവ് അദ്ധ്യക്ഷത വഹിച്ചു. മോൺ. അലക്സ് താരാമംഗലം എല്ലാവർക്കും സ്വാഗതം ആശംസിച്ചു. അദ്ധ്യക്ഷ പ്രസംഗത്തിൽ അഭിവന്ദ്യ ഞറളക്കാട്ട് പിതാവ് അസംബ്ലിക്കുവേണ്ടി നടത്തിയ വിപുലമായ ഒരുക്കങ്ങളെയും അസംബ്ലി ലക്ഷ്യം വയ്ക്കുന്ന കർമ്മപദ്ധതിയുടെ രൂപീകരണത്തെയുംകുറിച്ച് പ്രതിപാദിച്ചു. അതിരൂപതാ യോഗം എന്ന് പേരുവിളിച്ചതിനുള്ള അഭിനന്ദനങ്ങൾ അറിയിച്ചുകൊണ്ടാണ് മേജർ ആർച്ചുബിഷപ്പ് മാർ ജോർജ് ആലഞ്ചേരി ഉദ്ഘാടനപ്രസംഗം ആരംഭിച്ചത്. സഭാസ്നേഹമുള്ളവരാകണമെന്നും ദൈവത്തിന്റെ കാരുണ്യത്തിന്റെ മുഖത്തെ പ്രകാശിപ്പിക്കുന്നവരാകണമെന്നും അഭിവന്ദ്യ പിതാവ് പ്രസംഗത്തിൽ ഓർമ്മിപ്പിച്ചു. “മാറുന്ന കാലത്തെ മാറേണ്ട വിശ്വാസ സാക്ഷ്യം” എന്നുകൂടി അസംബ്ലിയുടെ വിഷയത്തിൽ കൂട്ടിച്ചേർക്ക ണമെന്ന് അഭിവന്ദ്യ മേജർ ആർച്ചുബിഷപ്പ് അഭിപ്രായപ്പെട്ടു. അഭിവന്ദ്യ മാർ ജോർജ് വലിയമറ്റം പിതാവ് അനുഗ്രഹപ്രഭാഷണം നടത്തി. താമരശ്ശേരി രൂപതാദ്ധ്യക്ഷൻ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ, പേരാവൂർ എം.എൽ.എ. ശ്രീ. സണ്ണി ജോസഫ്, നസ്രത്ത് സിസ്റ്റേഴ്സ് സുപ്പീരിയർ ജനറൾ മദർ ഗ്രേയ്സ് മേരി എന്നിവർ ആശംസകളർപ്പിച്ച് സംസാരിച്ചു. എ.കെ.സി.സി. ഗ്ലോബൽ സെക്രട്ടറി അഡ്വ. ടോണി പുഞ്ചക്കുന്നേൽ, മാതൃവേദി ഗ്ലോബൽ വൈസ് പ്രസിഡന്റ് ശ്രീമതി സിസിലി പുഷ്പക്കു ന്നേൽ, സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി സംസ്ഥാന കോ-ഓഡിനേറ്റർ ശ്രീ. ബാബു കൊട്ടാരം, വിൻസെന്റ് ഡി പോൾ സംസ്ഥാന സമിതി അംഗം ശ്രീമതി ജോളി സെബാസ്റ്റ്യൻ കാരക്കുന്നേൽ എന്നിവരെ അനുമോദിച്ചു. മോൺ. ജോർജ് എളൂക്കുന്നേൽ നന്ദി പറഞ്ഞു. ബി.കെ. ജെ.എം. നഴ്സിംഗ് സ്കൂളിലെയും സെമിനാരിയിലെയും വിദ്യാർത്ഥികൾ ചേർന്ന് ആലപിച്ച സീറോ-മലബാർ ആന്തത്തോടെ ഉദ്ഘാടന സമ്മേളനം പര്യവസാനിച്ചു.

11 മണിക്ക് ആദ്യസെഷൻ ആരംഭിച്ചു. വിശ്വാസശാക്തീകരണം കുടുംബത്തിൽ എന്ന വിഷയത്തെക്കുറിച്ച് എറണാകുളം ഭാരതമാതാ കോളേജ് അധ്യാപിക പ്രൊഫ. കൊച്ചുറാണി ജോസഫ് പ്രബന്ധം അവതരിപ്പിച്ചു. നിർമ്മലഗിരി കോളേജ് പ്രിൻസിപ്പൽ ഡോ. എൻ. ജെ. സെലീന മോഡറേറ്ററായിരുന്നു. അഡ്വ. സണ്ണി അഗസ്റ്റിൻ, ഡോ. ഫിലോമിന വെട്ടിക്കൽ എന്നിവർ പ്രതികരണപ്രസംഗങ്ങൾ നടത്തി. തുടർന്നു നടന്ന പൊതുചർച്ച, ഗ്രൂപ്പ് ചർച്ച എന്നിവയിൽ അംഗങ്ങൾ സജീവമായി പങ്കെടുത്തു.

വൈകുന്നേരം 5.30ന് റംശാനമസ്കാരത്തിനുശേഷം കോട്ടയം രൂപതാ സഹായമെത്രാൻ മാർ ജോസഫ് പണ്ടാരശ്ശേരി പിതാവ് യോഗത്തെ അഭിസംബോധന ചെയ്ത് സംസാരിച്ചു. അതിനുശേഷം ഗ്രൂപ്പ് ചർച്ചകളുടെ റിപ്പോർട്ട് അവതരണമായിരുന്നു. കുന്നോത്ത് ഗുഡ്ഷെപ്പേർഡ് മേജർ

സെമിനാരിയുടെ റെക്ടർ റവ. ഡോ. മാണി ആട്ടേൽ മോഡറേറ്ററായിരുന്നു. യോഗാംഗങ്ങളുടെ പൊതു അഭിപ്രായങ്ങൾകൂടി കേട്ടശേഷം ഈ വിഷയത്തെക്കുറിച്ചുള്ള ക്രോഡീകരിച്ച റിപ്പോർട്ട് ഫാ. ജോൺസൺ അന്ത്യാംകുളം അവതരിപ്പിച്ചു.

അത്താഴത്തിനും രാത്രിജപത്തിനുശേഷം ഫാ. ഫ്രാൻസിസ് മേച്ചിറാകത്ത് തയ്യാറാക്കിയ വിവിധ കലാപരിപാടികൾ വിവിധ ഇടവകകളിൽനിന്നും വന്ന കുട്ടികൾ അവതരിപ്പിച്ചു. അതോടൊപ്പം അവതരിപ്പിച്ച ബഹു. സെബാസ്റ്റ്യൻ മണപ്പാത്തുപറമ്പിൽ അച്ചൻ സംവിധാനം ചെയ്ത കുടിയേറ്റത്തെക്കുറിച്ചുള്ള ഒരു ഡോക്യുമെന്ററി എല്ലാവരുടെയും പ്രത്യേക പ്രശംസക്ക് പാത്രീഭൂതമായി.

നവംബർ 28-ാം തീയതി ചൊവ്വാഴ്ച രാവിലെ 6.30ന് മാർ ജോർജ് വലിയമറ്റം പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ വി. കുർബാന അർപ്പിച്ചു. മാർ ജോസഫ് പാംപ്ലാനി പിതാവാണ് വചനസന്ദേശം നല്കിയത്.

8.45ന് ആരംഭിച്ച രണ്ടാമത്തെ സെഷനിൽ "വിശ്വാസശാക്തീകരണം ഇടവകയിൽ" എന്ന വിഷയത്തെക്കുറിച്ച് കോതമംഗലം രൂപതാ വികാരി ജനറാൾ മോൺ. ജോർജ് ഓലിയപ്പുറം പ്രബന്ധം അവതരിപ്പിച്ചു. ഫാ. ജോസ് വെട്ടിക്കൽ മോഡറേറ്ററായിരുന്നു. പ്രൊഫ. ഡോ. മാത്യു മണ്ഡപത്തിൽ (പ്രിൻസിപ്പൽ, എം. ജി. കോളേജ്, ഇരിട്ടി), സി. നോബിൾ എഫ്.സി.സി. (പ്രൊവിൻഷ്യൽ), ശ്രീ. സിജോ അമ്പാട്ട് (പ്രസിഡന്റ് കെ.സി.വൈ.എം.) എന്നിവർ പ്രതികരണപ്രസംഗങ്ങൾ നടത്തി. ഗ്രൂപ്പ് ചർച്ചകൾക്കുശേഷം നടന്ന റിപ്പോർട്ടവതരണ സെഷനിൽ ഫാ. അബ്രാഹം പോണാട്ട് മോഡറേറ്ററായിരുന്നു. പൊതു ചർച്ചക്കുശേഷം ക്രോഡീകരിച്ച റിപ്പോർട്ട് ശ്രീ. ജെയ്സൺ അട്ടാറിമാക്കൽ അവതരിപ്പിച്ചു.

വൈകുന്നേരം 5.30ന് റംശാനമസ്കാരത്തിനുശേഷം മൂന്നാമത്തെ സെഷൻ ആരംഭിച്ചു. "സാമൂഹ്യ-സാസ്കാരിക-രാഷ്ട്രീയ മേഖലകളിലെ വിശ്വാസശാക്തീകരണം" എന്ന വിഷയത്തെക്കുറിച്ച് തൃശൂർ ആർച്ചുബിഷപ് മാർ ആൻഡ്രൂസ് താഴത്ത് പ്രബന്ധം അവതരിപ്പിച്ചു. മോൺ. മാത്യു എം.ചാലിൽ മോഡറേറ്ററായിരുന്നു. പ്രൊഫ. ഡോ. ജോസഫ് കോയിപ്പിള്ളി (കേന്ദ്ര സർവ്വകലാശാല, കാസർഗോഡ്), ഫാ. ജിയോ പുളിക്കൽ എന്നിവർ പ്രതികരണപ്രസംഗങ്ങൾ നടത്തി. തുടർന്ന് നടന്ന പൊതുചർച്ചയിൽ അംഗങ്ങളുടെ ചോദ്യങ്ങൾക്ക് മാർ ആൻഡ്രൂസ് താഴത്ത് മറുപടി നല്കി. അത്താഴത്തിനുശേഷം ഫാ. ഡയസ് തുരുത്തിപ്പള്ളി തയ്യാറാക്കിയ കലാസന്ധ്യ അരങ്ങേറി.

29-ാം തീയതി ബുധനാഴ്ച രാവിലെ വി. കുർബാനക്ക് മാനന്തവാടി രൂപതാദ്ധ്യക്ഷൻ മാർ ജോസ് പൊരുന്നേടം പിതാവ് മുഖ്യകാർമ്മികത്വം

വഹിക്കുകയും വചനസന്ദേശം നല്കുകയും ചെയ്തു. പ്രഭാതഭക്ഷണത്തിനുശേഷം 8.45ന് ഓഡിറ്റോറിയത്തിൽവച്ച് കണ്ണൂർ രൂപതാദ്ധ്യക്ഷൻ റൈറ്റ് റവ. ഡോ. അലക്സ് വടക്കുംതല യോഗാംഗങ്ങളെ അഭിസംബോധന ചെയ്ത് സംസാരിച്ചു.

തുടർന്ന് നാലാമത്തെ സെഷൻ ആരംഭിച്ചു. "കാർഷിക സാംസ്ക്കാരവും പരിസ്ഥിതി ആദ്ധ്യാത്മികതയും" എന്ന വിഷയത്തെക്കുറിച്ച് മംഗലാപുരം സെന്റ് അലോഷ്യസ് കോളേജ് അദ്ധ്യാപകൻ ഡോ. പി.പി. സജിമോൻ പ്രബന്ധമവതരിപ്പിച്ചു. സി.എം.സി. സുപ്പീരിയർ ജനറൽ സി. സിബി ആയിരുന്നു മോഡറേറ്റർ. ഫാ. ജോസഫ് ചാത്തനാട്ട് സി.എസ്.ടി., ശ്രീ. തോമസ് കളപ്പുര എന്നിവർ പ്രതികരണ പ്രസംഗങ്ങൾ നടത്തി. തലശ്ശേരി അതിരൂപതയിൽ കാർഷികമേഖലയിൽ വിജയകരമായ പരീക്ഷണങ്ങൾ നടത്തുന്ന ഏതാനും പേരുടെ അനുഭവങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ഒരു ഹ്രസ്വ ഡോക്യുമെന്ററി അവതരിപ്പിച്ചു. ഫാ. ഡയസ് തുരുത്തിപ്പള്ളിയാണ് ഇത് തയ്യാറാക്കിയത്. മൂന്നും നാലും സെഷനുകളിലെ വിഷയങ്ങളെക്കുറിച്ചുള്ള ഗ്രൂപ്പുചർച്ച ഒന്നിച്ചാണ് നടത്തിയത്. ഉച്ചഭക്ഷണത്തിനുശേഷം ചർച്ചാറിപ്പോർട്ടുകൾ അവതരിപ്പിച്ചു. ഡോ. ജോസ്ലറ്റ് മാത്യു മോഡറേറ്ററായിരുന്നു. തുടർന്നു നടന്ന പൊതുചർച്ചയിൽ അംഗങ്ങൾ ആവേശത്തോടെ പങ്കെടുത്തു. അഭിവന്ദ്യ ഞറളക്കാട്ട് പിതാവും അഭിവന്ദ്യ പാംപ്ലാനി പിതാവും ചോദ്യങ്ങൾക്ക് മറുപടി പറഞ്ഞു. രണ്ട് വിഷയങ്ങളുടെയും ക്രോഡീകരിച്ച റിപ്പോർട്ടുകൾ യഥാക്രമം ഫാ. ജോസഫ് കാക്കരമറ്റത്തിലും ഫാ. ജേക്കബ് വെണ്ണായപ്പിള്ളിയും അവതരിപ്പിച്ചു.

റംശാനമസ്ക്കാരത്തിനുശേഷം ഭദ്രാവതി രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ മാർ ജോസഫ് അരുമച്ചാടത്ത് അസംബ്ലിയെ അഭിസംബോധന ചെയ്ത് സംസാരിച്ചു. തുടർന്നു നടന്ന "സീറോ അവറി"ൽ അംഗങ്ങളുടെ ചോദ്യങ്ങൾക്ക് അഭിവന്ദ്യ പിതാക്കന്മാർ മറുപടി നല്കി. അത്താഴത്തിനു ശേഷം ഫാ. മാർട്ടിൻ വരിക്കനാനിക്കലിന്റെ നേതൃത്വത്തിൽ അവതരിപ്പിച്ച ഓർക്കസ്ട്ര നവ്യമായ അനുഭവമായി.

നവംബർ 30-ാം തീയതി രാവിലെ 6.15ന് കത്തീഡ്രൽ ദൈവാലയത്തിൽ അഭിവന്ദ്യ മാർ ജോർജ് ഞറളക്കാട്ടിന്റെ മുഖ്യകാർമ്മികത്വത്തിൽ വി. കുർബാനയും മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി പിതാവിന്റെ കബറിടത്തിൽ ഒപ്പീസും നടന്നു. തുടർന്ന് അസംബ്ലി അംഗങ്ങളുടെ ഗ്രൂപ്പ് ഫോട്ടോ എടുത്തു. പ്രഭാതഭക്ഷണത്തിനുശേഷം മാർ ജോസഫ് പാംപ്ലാനി അതിരൂപതായോഗം കർമ്മപദ്ധതി - വിഷൻ 2028 അവതരിപ്പിച്ചു. വിശദമായ ചർച്ചകൾക്കുശേഷം അംഗീകരിച്ച കർമ്മപദ്ധതി ആർച്ചുബിഷപ്പ് മാർ ജോർജ് ഞറളക്കാട്ട് പ്രഖ്യാപിച്ചു. അസംബ്ലിയുടെ സുഗമമായ നടത്തിപ്പിന് സഹകരിച്ച എല്ലാവർക്കും ഫാ. തോമസ് തെങ്ങുംപള്ളിൽ നന്ദി അറിയിച്ചു.

11 മണിക്ക് അസംബ്ലിയുടെ സമാപന സമ്മേളനം ആരംഭിച്ചു. മോൺ. ജോർജ് എളൂക്കുന്നേൽ സ്വാഗതം ആരംഭിച്ചു. മാർ ജോർജ് വലിയമറ്റം, മാർ ലോറൻസ് മുക്കുഴി എന്നിവർ അനുഗ്രഹപ്രഭാഷണം നടത്തി. അസംബ്ലി അംഗങ്ങളുടെ പ്രതിനിധികളായി ഫാ. തോമസ് കരിങ്ങട ഒ.എഫ്.എം., ശ്രീ. മാണി പാലയ്ക്കൽ, ശ്രീമതി ഗ്രേസി ജോർജ് എന്നിവർ വിലയിരുത്തൽ നടത്തി. അഭിവന്ദ്യ ജോർജ് ഞറളക്കാട്ട് പിതാവ് സമാപനസന്ദേശം നല്കി. മോൺ. അലക്സ് താരാമംഗലം എല്ലാവർക്കും നന്ദി പറഞ്ഞു. ഫാ. മാത്യു ആശാരിപറമ്പിൽ നയിച്ച ആരാധനയ്ക്കുശേഷം ഉച്ചഭക്ഷണത്തോടെ അസംബ്ലി പര്യവസാനിച്ചു.

കേന്ദ്രകമ്മിറ്റി അംഗങ്ങൾ, അസംബ്ലി നടത്തപ്പിനായി രൂപീകരിച്ച വിവിധ സബ് കമ്മിറ്റി അംഗങ്ങൾ എന്നിവരുടെ കഠിനാദ്ധ്വാനം അസംബ്ലിയുടെ വിജയത്തിനു പിന്നിലുണ്ട്. സന്ദേശഭവനിലെ ബഹു. അച്ചന്മാരും സിസ്റ്റേഴ്സും മറ്റ് സ്റ്റാഫ് അംഗങ്ങളും താമസവും ഭക്ഷണവും മറ്റ് സൗകര്യങ്ങളും ഒരുക്കത്തിന് രാപകലില്ലാതെ അദ്ധ്വാനിച്ചു. ഒപ്പം നമ്മുടെ റീജൻസി ബ്രദേഴ്സും പൊന്ന്യം സെമിനാരിയിലെ ബ്രദേഴ്സും സദാ സേവനസന്നദ്ധരായി ഉണ്ടായിരുന്നു. ഇവർക്കെല്ലാവർക്കും ഹൃദ്യമായ നന്ദി അറിയിക്കുന്നു. അസംബ്ലി അംഗങ്ങൾക്ക് താമസസൗകര്യമൊരുക്കിയ ജോസ്ഗിരി ഹോസ്പിറ്റൽ അധികൃതരോടും ചുറ്റുപാടുമുള്ള കോൺവെന്റുകളിലെ സുപ്പീരിയേഴ്സിനോടും പ്രത്യേകം നന്ദി പറയുന്നു.

ക്ഷണം സ്വീകരിച്ച് അസംബ്ലിയിൽ അതിഥികളായി എത്തുകയും പഠിച്ചൊരുങ്ങി വന്ന് ഈടുറ്റ സന്ദേശങ്ങൾകൊണ്ട് അനുഗ്രഹിക്കുകയും ചെയ്ത അഭിവന്ദ്യപിതാക്കന്മാർ, പണ്ഡിതോചിതമായ പ്രബന്ധങ്ങൾ അവതരിപ്പിച്ച വിദഗ്ദന്മാർ, പ്രതികരണപ്രസംഗങ്ങൾ നടത്തിയവർ, മോഡറേറ്റർമാരായി പ്രവർത്തിച്ചവർ, ഗ്രൂപ്പ് ചെയർമാൻമാരും സെക്രട്ടറിമാരുമായിരുന്നവർ തുടങ്ങി വിവിധതരത്തിൽ സഹകരിച്ച എല്ലാവർക്കും നന്ദി. അസംബ്ലിയിൽ ആദ്യന്തം സജീവമായി പങ്കെടുത്ത് വിലയേറിയ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും നല്കിയ എല്ലാവർക്കും ഹൃദ്യമായ നന്ദി അറിയിക്കുന്നു.

ഒരു വർഷം ദീർഘിച്ച ഈ അതിരൂപതായോഗം വിജയകരമായി സമാപിക്കുമ്പോൾ ഇടവകാതലം മുതൽ അവസാനംവരെ വിവിധ ഘട്ടങ്ങളിൽ സഹായിച്ചവരും പിന്തുണ നല്കിയവരും കഠിനാദ്ധ്വാനം ചെയ്തുവരുമായി അനേകം പേരുണ്ട്. എല്ലാവരെയും നന്ദിപൂർവ്വം അനുസ്മരിക്കുന്നു.

**ഫാ. തോമസ് തെങ്ങുംപള്ളിൽ**
സെക്രട്ടറി, അതിരൂപതായോഗം

# പ്രെസ്ബിറ്ററൽ കൗൺസിൽ റിപ്പോർട്ട്

2015–2018 വർഷത്തിലെ അതിരൂപതാ പ്രെസ്ബിറ്ററൽ കൗൺസിലിന്റെ നാലാമത്തെ യോഗം 2017 ഡിസംബർ 12ന് അഭിവന്ദ്യ മാർ ജോർജ് ഞറളക്കാട്ട് പിതാവിന്റെ അധ്യക്ഷതയിൽ സന്ദേശഭവനിൽവച്ച് നടന്നു. ബഹു. ഫാ. ജോൺസൺ അന്ത്യാകുളം നയിച്ച പ്രാർത്ഥനാ ശുശ്രൂഷ യോടെ ആരംഭിച്ച യോഗത്തിന് മോൺ. അലക്സ് താരാമംഗലം സ്വാഗതം ആശംസിച്ചു. മുൻയോഗത്തിന്റെ റിപ്പോർട്ട് ഫാ. ജോർജ് കാഞ്ഞിരക്കാട്ട് അവതരിപ്പിച്ചത് യോഗം അംഗീകരിച്ചു. തുടർന്ന് അഭിവന്ദ്യ ഞറളക്കാട്ട് പിതാവ് പ്രെസ്ബിറ്ററൽ കൗൺസിൽ ഉദ്ഘാടനം ചെയ്ത് സംസാരിച്ചു. അതിരൂപതാ അസംബ്ലിയുടെ വിജയത്തിനായി പ്രവർത്തിച്ച എല്ലാ സെനറ്റ് അംഗങ്ങളെയും പിതാവ് അഭിനന്ദിക്കുകയും എല്ലാവർക്കും നന്ദിപറയുകയും ചെയ്തു. അതിരൂപതാ അംസംബ്ലിയിൽ എടുത്ത തീരുമാനങ്ങൾ അടുത്ത പത്ത് വർഷത്തിനുള്ളിൽ അതിരൂപതയിൽ നടപ്പിലാക്കുന്നതിനുവേണ്ടി എല്ലാവരുടേയും സഹായം പിതാവ് അഭ്യർത്ഥിച്ചു. ദശവർഷ പദ്ധതികൾ ഈ വർഷം മുതൽ ആരംഭിക്കണമെന്ന് അഭിവന്ദ്യ പിതാവ് ഓർമ്മപ്പെടുത്തി. മൈനർ കേസുകൾ, നമ്മുടെ സ്ഥാപനങ്ങളിൽ ജോലിചെയ്യുന്നവരുമായി ബന്ധപ്പെട്ട കേസുകൾ എന്നിവ കൈകാര്യം ചെയ്യുന്നതിനുവേണ്ടി കമ്മീഷ നംഗങ്ങളെ സെനറ്റിൽ നിന്ന് തിരഞ്ഞെടുക്കണമെന്നും പിതാവ് നിർദ്ദേശിച്ചു. തുടർന്ന് അതിരൂപതാ അസംബ്ലിയുടെ തുടർനടപടികളെക്കുറിച്ച് അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവ് വിശദീകരിച്ചു. അതിരൂപതയുടെ പ്ലാറ്റിനം ജൂബിലിക്കൊരുക്കമായി അസംബ്ലി നിർദ്ദേശിച്ച പത്ത് സംരഭങ്ങളെപ്പറ്റിയും പത്തു വർഷാചരണങ്ങളെക്കുറിച്ചും അഭിവന്ദ്യ പിതാവ് വിശദീകരിച്ചു.

പത്ത് സംരംഭങ്ങൾ :

1. കൗൺസലിംഗ് സെന്റർ (ഫാ. സെബാസ്റ്റ്യൻ ചെരിപുറം, ഫാ. മാത്യു അരീപ്ലാക്കൽ)
2. ക്ഷീരകർഷക സംഘങ്ങളും, പാൽഡയറിയും – (റ്റി.എസ്.എസ്.എസ്.)
3. പരിശീലന കേന്ദ്രങ്ങൾ പിഎസ്സി കോച്ചിംഗ് സെന്റർ, സിവിൽ സർവ്വീസ് അക്കാദമി, ട്യൂഷൻ സെന്റർ, എൻട്രസ് കോച്ചിംഗ് (കോർപ്പറേറ്റ് എജ്യൂക്കേഷൽ ഏജൻസി)
4. അതിരൂപതാ അനുരഞ്ജന സമിതികൾ – ലീഗൽ സെൽ (ഫാ. സ്കറിയ നിരപ്പേൽ, ഫാ. തോമസ് തെങ്ങുംപള്ളിൽ)
5. സമാധാന സംരംഭങ്ങൾക്കായുള്ള പീസ് ഫോറം (എകെസിസി, ഫാ. സ്കറിയ കല്ലൂർ)

6. സമുദായ ശാക്തീകരണവും ദീപികാ പ്രചരണവും (എകെസിസി, ഡിഎഫ്സി)
7. മീഡിയ ഫോറം (ഫാ. ഡയസ് തുരുത്തിപ്പള്ളിൽ)
8. ആർട്ടിസ്റ്റ് ഫോറം (ഫാ. മനോജ് ഒറ്റപ്ലാക്കൽ)
9. ടെലിച്ചെറി റിസേർച്ച് സെന്റർ (ആൽഫ, ഫാ. ജോസഫ് കാക്കരമറ്റം)
10. ആരാധനാക്രമ കമ്മിറ്റി രൂപീകരണം

## പത്ത് വർഷാചരണങ്ങൾ

1. സംഘടനാ ശാക്തീകരണ വർഷം - യുവജനവർഷം
   പ്രത്യേക പ്രാധാന്യം കെസിവൈഎം, സംഘടനകൾ ഫെബ്രുവരി 28നു മുമ്പ് യൂണിറ്റുകൾ ആരംഭിക്കുക. കോ-ഓർഡിനേഷൻ - മത്സരം/സമരം, സംഘടനകൾക്ക് പൊതു കർമ്മരേഖ
2. ജീവകാരുണ്യ വർഷം (ടിഎസ്എസ്എസ്) ബിഷപ്പ് വള്ളോപ്പിള്ളി ഭവനനിർമ്മാണ പദ്ധതി
3. പരിസ്ഥിതി/കർഷക വർഷം (ഇൻഫാം/എകെ.സി.സി/ടി.എസ്.എസ്.എസ്)
   പ്ലാസ്റ്റിക് വിമുക്ത അതിരൂപത, ഹരിതം 2028, മന്ന 2028, ജീവജലം 2028
4. കുടുംബകൂട്ടായ്മാ വർഷം (പുതിയ ഡിപ്പാർട്ട്മെന്റ്)
   വാർഡു പ്രാർത്ഥനകൾ സജീവമാക്കുക, പൊതുപ്രാർത്ഥനാ പുസ്തകം, ഓരോ മാസവും ചർച്ചാ വിഷയങ്ങൾ
5. സഭാ ശുശ്രൂഷക വർഷം (പ്രീസ്റ്റ്സ് സെനറ്റ് & വെൽഫെയർ കമ്മിറ്റി)
6. കുടുംബ നവീകരണ വർഷം (ഫാമിലി അപ്പൊസ്റ്റൊലേറ്റ് ദമ്പതികളുടെ തുടർപരിശീലനം, എംപിസിയുടെ നവീകരണം, ഫാമിലി കൗൺസലിംഗ്, പേരന്റിംഗ് ട്രെയിംഗ്, ഫാമിലി മെന്റർ ഗ്രൂപ്പ്സ്)
7. കുട്ടികളുടെ വർഷം (കാറ്റിക്കിസം, സിഎംഎൽ, കോർപ്പറേറ്റ് എജ്യൂക്കേഷണൽ ഏജൻസി) കുട്ടികളുടെ വിശ്വാസരൂപീകരണം, സ്വഭാവരൂപീകരണം, വിശുദ്ധീകരണം.
8. ലഹരിവിരുദ്ധവർഷം (കെസിബിസി മദ്യവിരുദ്ധസമിതി, എഡിഎസ്‌യു, പ്രതീക്ഷ) ലഹരി വിരുദ്ധബോധവത്ക്കരണം.
9. പ്രേഷിത വർഷം (കൂരിയ/വൈദികമിഷനറി ഫോറം) എതെങ്കിലും ഒരു പ്രദേശം സുവിശേഷപ്രഘോഷണത്തിനായി ദത്തെടുക്കുക. വരുമാനത്തിന്റെ ഓഹരി മിഷൻ പ്രവർത്തനത്തിനായി പങ്കുവയ്ക്കാൻ പഠിപ്പിക്കുക.

10 ജൂബിലി വർഷം (2028)

അസംബ്ലിയിൽ കൈക്കൊണ്ട തീരുമാനങ്ങളും സംരഭങ്ങളും പാരീഷ്, ഫൊറോന, പാസ്റ്ററൽ കൗൺസിൽ തുടങ്ങിയ തലങ്ങളിൽ അവതരിപ്പിക്കുകയും ചർച്ച ചെയ്ത് അവയുടെ സുഗമമായ നടത്തിപ്പിനുവേണ്ട നിർദ്ദേ

ശങ്ങൾ സ്വീകരിക്കണമെന്നും തുടർന്നു നടന്ന ചർച്ചകളിൽ സെനറ്റ് ശുപാർശ ചെയ്തു. ജനുവരി 16, 17 തീയതികളിൽ നാലു റീജണുകളിലായി പ്രെസ്ബിത്തേരിയം വിളിച്ച് ഇക്കാര്യങ്ങൾ ചർച്ച ചെയ്യുമെന്ന് അഭിവന്ദ്യ പിതാവ് അറിയിച്ചു. എല്ലാ സംരംഭങ്ങളും 2018ൽ തന്നെ ആരംഭിക്കണം. ആത്മീയനവീകരണം എന്ന ആശയം ഉൾപ്പെടുത്തണം, അച്ചന്മാർ ഇക്കാര്യങ്ങൾ നടപ്പിലാക്കുന്നുണ്ടോ എന്ന് ഇടയ്ക്ക് വിലയിരുത്തണം, പ്രായം കവിഞ്ഞ ആളുകൾക്കുള്ള മാര്യേജ് ബ്യൂറോ ഉടനെ ആരംഭിക്കണം, ഗ്രീൻ പ്രോട്ടോകോൾ ഉണ്ടാക്കണം, ജീവകാരുണ്യസംരംഭങ്ങളുടെ റിപ്പോർട്ട് ഉണ്ടാക്കുകയും പരസ്യം ചെയ്യുകയും വേണം, അജപാലന ഓഡിറ്റിംഗ് നടത്തണം, മെഡിക്കൽ ഇൻഷ്യൂറൻസ് പദ്ധതി നടപ്പാക്കണം, രൂപതയ്ക്ക് ഒരു മാസിക തുടങ്ങണം തുടങ്ങിയ നിർദ്ദേശങ്ങൾ സെനറ്റ് അംഗങ്ങൾ മുന്നോട്ടുവച്ചു.

ജീവകാരുണ്യവർഷവുമായി ബന്ധപ്പെട്ട് അതിരൂപത നടപ്പാക്കുന്ന ബിഷപ്പ് വള്ളോപ്പിള്ളി ഭവനനിർമ്മാണ പദ്ധതിയെക്കുറിച്ച് ഫാ. ജോസഫ് കാക്കരമറ്റത്തിലച്ചൻ വിശദീകരിച്ചു. ഒരു പൊതുപ്ലാൻ വേണമെന്നും പൊതു ഫണ്ട് ഇതിനായി സ്വരൂപീക്കണമെന്നും ഓരോ ഇടവകയും 10 വർഷം കൊണ്ട് എത്ര വീടുകൾ പണിയുമെന്ന് കണക്കെടുക്കണമെന്നും അഭിപ്രായമുണ്ടായി. സർക്കാർ സഹായങ്ങൾ സ്വീകരിക്കണമെന്നും വേണ്ടെന്നും വ്യത്യസ്ത അഭിപ്രായങ്ങളുണ്ടായി. തുടർന്ന് കൂടുതൽ പഠിക്കാനായി ഫാ. ആന്റണി പരതേപ്പതിക്കൽ, ഫാ. തോമസ് തയ്യിൽ, ഫാ. ജോസഫ് കാക്കരമറ്റത്തിൽ എന്നിവരെ സെനറ്റ് തിരഞ്ഞെടുത്തു.

മൈനർ കേസുകൾ, നമ്മുടെ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്നവരുമായി ബന്ധപ്പെട്ട കേസുകൾ എന്നിവ കൈകാര്യം ചെയ്യുന്നതിനുവേണ്ട കമ്മീഷനംഗങ്ങളുടെ രൂപീകരണത്തെ സംബന്ധിച്ചുള്ള സി.ബി.സി.ഐയുടെ നിർദ്ദേശങ്ങൾ ഫാ. ജോൺസൺ കോവൂർ പുത്തൻപുരയിൽ അവതരിപ്പിച്ചു. ജോലിസ്ഥലത്തെ ലൈംഗികാരോപണങ്ങൾ കൈകാര്യം ചെയ്യാനുള്ള സമിതിയെ സി.ബി.സി.ഐ. മാനദണ്ഡമനുസരിച്ച് അഭിവന്ദ്യ പിതാവ് നിയമിക്കാം എന്ന് തീരുമാനിച്ചു. തുടർന്ന് ഫാ. അബ്രാഹം പോണാട്ട്, ഫാ. ജോർജ് കളപ്പുര എന്നിവരെ മൈനർ കേസുകൾക്കുള്ള കമ്മീഷൻ അംഗങ്ങളായി തിരഞ്ഞെടുത്തു.

ആരാധനക്രമത്തിലെ നിൽപ്, ഇരിക്കൽ, മുട്ടുകുത്തൽ തുടങ്ങിയവ ഏകീകരിക്കാനും ദൈവാലയതിരുക്കർമ്മങ്ങൾ സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ നല്കാനും നഷ്ടപ്പെട്ടുപോകുന്ന പാരമ്പര്യങ്ങൾ വീണ്ടെടുക്കാനുള്ള

രൂപരേഖ തയ്യാറാക്കാനുമായി മോൺ. അലക്സ് താരാമംഗലം കൺവീന റായി ഒരു കമ്മീഷനെ സെനറ്റ് തിരഞ്ഞെടുത്തു. ഫാ. കുര്യക്കോസ് മുണ്ട പ്ലാക്കൽ, ഫാ. തോമസ് മേൽവെട്ടം, ഫാ. തോമസ് കൊച്ചുകരോട്ട് എന്നിവർ അംഗങ്ങളായിരിക്കും. അതിരൂപതാ ലിറ്റർജിക്കൽ കമ്മീഷനംഗങ്ങളും ഈ കമ്മിറ്റിയിൽ അംഗങ്ങളാകും.

തുടർന്നുള്ള ചർച്ചയിൽ സംഘടനകളുടെ അക്കൗണ്ട് ഇടവകാ അക്കൗണ്ടുമായി ബന്ധിപ്പിക്കണമെന്നും സഹകരണ ബാങ്കുകളിലെ അക്കൗണ്ടുകൾ ദേശസാൽകൃത ബാങ്കിലേക്ക് മാറ്റണമെന്നും സെനറ്റ് നിർദ്ദേശിച്ചു. ഫൊറോനകൾ വിഭജിക്കുന്നതിനെ സംബന്ധിച്ചുള്ള ചോദ്യ ത്തിനു മറുപടിയായി കൂടുതൽ പഠനങ്ങളും ആലോചനകളും ആവശ്യ മാണെന്നും അഭിവന്ദ്യ പിതാവ് അറിയിച്ചു.

അഭിവന്ദ്യപിതാവ് സമാപനസന്ദേശം നല്കി. മോൺ. ജോർജ് എളു ക്കുന്നേൽ എല്ലാവർക്കും നന്ദി പറഞ്ഞു. 42 പേർ പങ്കെടുത്ത 18-ാമത് പ്രെസ് ബിറ്ററൽ കൗൺസിലിന്റെ അഞ്ചാമത്തെ സമ്മേളനം ഉച്ചയോടെ അവസാനിച്ചു.

സെക്രട്ടറി

**ഫാ. ജോർജ് കാഞ്ഞിരക്കാട്ട്**

# ഇന്റർനെറ്റ് മിഷൻ

## 1. പാരീഷ് സോഫ്റ്റ്‌വെയർ

കഴിഞ്ഞ നവംബർ മാസത്തിലെ ബുള്ളറ്റിനിൽ അറിയിച്ചിരുന്നതു പോലെ അക്കൗണ്ടിംഗ് സോഫ്റ്റ്‌വെയറിന്റെ വിലയായി ഓരോ ഇടവകയും അടക്കേണ്ട തുക താഴെ കൊടുക്കുന്നു. ഈ തുക ഉടനെ തന്നെ അതിരൂപതാ പ്രൊക്കുറേറ്റർ ഓഫീസിൽ അടക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

| | | |
|---|---|---|
| 1 | Adampara | 8000 |
| 2 | Adottukaya | 8000 |
| 3 | Alakode | 12000 |
| 4 | Alphonsagiri | 8000 |
| 5 | Ammamkulam | 10000 |
| 6 | Anappanthy | 10000 |
| 7 | Anara | 8000 |
| 8 | Angadikkadavu | 10000 |
| 9 | Arabi | 8000 |
| 10 | Aravanchal | 10000 |
| 11 | Areekamala | 8000 |
| 12 | Arivilanjapoil | 8000 |
| 13 | Aryaparamba | 10000 |
| 14 | Athirumavu | 8000 |
| 15 | Attakandam | 8000 |
| 16 | Attenganam | 8000 |
| 17 | Ayannoor | 10000 |
| 18 | Badiyadukka | 10000 |
| 19 | Balal | 10000 |
| 20 | Balesugiri | 10000 |
| 21 | Bedoor | 8000 |
| 22 | Bheemanady | 10000 |
| 23 | Birikulam | 10000 |
| 24 | Chandanackampara | 10000 |
| 25 | Charal | 10000 |
| 26 | Chattamala | 8000 |
| 27 | Chavaragiri | 8000 |
| 28 | Chayyoth | 10000 |
| 29 | Chedikkulam | 10000 |
| 30 | Cheekkad | 8000 |
| 31 | Cheemeni | 10000 |
| 32 | Chempanthotty | 12000 |
| 33 | Chemperi | 12000 |
| 34 | Chengome | 10000 |
| 35 | Chepparamba | 10000 |
| 36 | Cherupara | 10000 |
| 37 | Cherupuzha | 12000 |
| 38 | Chettiyamparamba | 10000 |
| 39 | Choorapadavu | 8000 |
| 40 | Christnagar | 10000 |
| 41 | Chully | 10000 |
| 42 | Chundaparmba | 10000 |
| 43 | Deepagiri | 8000 |
| 44 | Edakkanam | 10000 |
| 45 | Edappuzha | 10000 |
| 46 | Edathotty | 10000 |
| 47 | Edoor | 12000 |
| 48 | Ennappara | 10000 |
| 49 | Ettupara | 10000 |
| 50 | Iritty | 12000 |
| 51 | Jayagiri | 8000 |
| 52 | Josegiri | 8000 |
| 53 | Josemount | 8000 |
| 54 | Kacherikkadavu | 10000 |
| 55 | Kadumeni | 10000 |
| 56 | Kalanki | 8000 |
| 57 | Kalichamaram | 10000 |
| 58 | Kalichanadukkom | 10000 |

| | | |
|---|---|---|
| 59 | Kallar - Santhigiri | 10000 |
| 60 | Kallumuthirakkunnu | 10000 |
| 61 | Kalluvayal | 10000 |
| 62 | Kamballur | 10000 |
| 63 | Kanakakkunnu | 8000 |
| 64 | Kanakappally | 10000 |
| 65 | Kanichar | 10000 |
| 66 | Kanjangad | 12000 |
| 67 | Kanjiradukkom | 10000 |
| 68 | Kanjirakkolly | 8000 |
| 69 | Kannivayal | 10000 |
| 70 | Kannur | 12000 |
| 71 | Karayathumchal | 10000 |
| 72 | Kariappally | 10000 |
| 73 | Karikkottakkari | 10000 |
| 74 | Karthikapuram | 10000 |
| 75 | Karunapuram | 10000 |
| 76 | Karuvanchal | 12000 |
| 77 | Kasargod | 12000 |
| 78 | Kavumthala | 8000 |
| 79 | Keezhpally | 10000 |
| 80 | Kiliyanthara | 10000 |
| 81 | Kodoppally | 10000 |
| 82 | Kolakkad | 10000 |
| 83 | Kolayad | 10000 |
| 84 | Koluvally | 10000 |
| 85 | Konnakkad | 10000 |
| 86 | Kottody | 10000 |
| 87 | Kottoor | 12000 |
| 88 | Kozhichal | 10000 |
| 89 | Kudianmala | 10000 |
| 90 | Kunnoth | 10000 |
| 91 | Kunnumkai | 10000 |
| 92 | Kuttaparamba | 10000 |
| 93 | Lissigiri | 10000 |
| 94 | Madathil | 10000 |
| 95 | Malome | 10000 |
| 96 | Mampoil | 8000 |
| 97 | Manadukkom | 8000 |
| 98 | Manakkadavu | 8000 |
| 99 | Mandalam | 10000 |
| 100 | Mandapam | 10000 |
| 101 | Mangode | 8000 |
| 102 | Manikkadavu | 10000 |
| 103 | Manippara | 10000 |
| 104 | Manjalampuram | 10000 |
| 105 | Marygiri | 10000 |
| 106 | Marypuram | 10000 |
| 107 | Mattara | 8000 |
| 108 | Mavumchal | 8000 |
| 109 | Melechovva | 12000 |
| 110 | Mudayaranji | 10000 |
| 111 | Mulapra | 10000 |
| 112 | Mulleria | 10000 |
| 113 | Mundanoor | 10000 |
| 114 | Naduvil | 10000 |
| 115 | Nattakkal | 10000 |
| 116 | Nedumpuramchal | 10000 |
| 117 | Neduvaloor | 10000 |
| 118 | Neeleshwaram | 12000 |
| 119 | Nellickampoil | 10000 |
| 120 | Nellikkunnu | 8000 |
| 121 | Nellikkutty | 10000 |
| 122 | Nellippara | 10000 |
| 123 | Nelliyadukkom | 8000 |
| 124 | Nirmalagiri | 12000 |
| 125 | Odenthode | 10000 |
| 126 | Ottathai | 10000 |
| 127 | Pachani | 10000 |
| 128 | Padankavala | 8000 |
| 129 | Padannakkad | 8000 |
| 130 | Padimaruthu | 8000 |
| 131 | Padiyoor | 8000 |
| 132 | Padiyottuchal | 10000 |
| 133 | Paduppu | 10000 |
| 134 | Paisakary | 10000 |

| | | | | | |
|---|---|---|---|---|---|
| 135 | Palathumkadavu | 8000 | 167 | Sreekandapuram | 12000 |
| 136 | Palavayal | 10000 | 168 | Thabore | 8000 |
| 137 | Panathady | 10000 | 169 | Thadikadavu | 10000 |
| 138 | Panathoor | 10000 | 170 | Thalassery | 12000 |
| 139 | Paramba | 8000 | 171 | Thaliparamba | 12000 |
| 140 | Parappa | 10000 | 172 | Thayyeni | 8000 |
| 141 | Pariyaram | 12000 | 173 | Thermala | 8000 |
| 142 | Pathenpara | 8000 | 174 | Thirumeni | 10000 |
| 143 | Payyanur | 12000 | 175 | Thomapuram | 10000 |
| 144 | Payyavoor | 12000 | 176 | Udayagiri | 10000 |
| 145 | Peratta | 10000 | 177 | Udayapuram | 8000 |
| 146 | Peravoor | 12000 | 178 | Ulikkal | 12000 |
| 147 | Peringala | 10000 | 179 | Uruppumkutty | 8000 |
| 148 | Perinkari | 10000 | 180 | Vaniyappara | 8000 |
| 149 | Perumpadavu | 10000 | 181 | Varakkad | 10000 |
| 150 | Perumpunna | 10000 | 182 | Vattiyara | 8000 |
| 151 | Ponmala | 8000 | 183 | Vayattuparamba | 10000 |
| 152 | Poolakkutty | 8000 | 184 | Vazhamala | 8000 |
| 153 | Pooparamba | 12000 | 185 | Velimanam | 10000 |
| 154 | Pottenplavu | 8000 | 186 | Vellad | 10000 |
| 155 | Pulikurumba | 10000 | 187 | Vellarikkundu | 10000 |
| 156 | Pulingome | 10000 | 188 | Vellariyanam | 8000 |
| 157 | Puncha | 8000 | 189 | Vembua | 10000 |
| 158 | Punnakkuunnu | 10000 | 190 | Vennakallu | 8000 |
| 159 | Puravayal | 10000 | 191 | Vijayagiri (Kappimala) | 8000 |
| 160 | Rajagiri | 8000 | 192 | Vijayapuram | 8000 |
| 161 | Rajamudy | 8000 | 193 | Vilakkannur | 10000 |
| 162 | Randamkadavu | 8000 | 194 | Vilamana | 10000 |
| 163 | Rathnagiri | 8000 | 195 | Vimalagiri | 10000 |
| 164 | Rayarome | 10000 | 196 | Vimalassery | 10000 |
| 165 | Santhinagar | 8000 | 197 | Hosangadi | 8000 |
| 166 | Snehagiri | 10000 | | | |

**ഫാ. ഡയസ് തുരുത്തിപ്പള്ളി**
ഡയറക്ടർ

# വിശ്വാസപരിശീലനം

> **"ഈശോ ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിലും വളർന്നുവന്നു" (ലൂക്ക 2: 52).**

പുത്തൻ പ്രതീക്ഷകളുമായി ഒരു പുതിയ വർഷംകൂടി ദൈവം നമുക്ക് നല്കിയിരിക്കുന്നു. കഴിഞ്ഞവർഷത്തെ കുറവുകളെ പരിഹരിച്ചുകൊണ്ട് പുതിയ വർഷത്തിൽ നമുക്ക് കർമ്മോത്സുകരാകാം. വരുംതലമുറയ്ക്ക് ഈശോയെ പകർന്നുകൊടുക്കുന്ന തിരുസഭയുടെ ഏറ്റവും മഹത്തരമായ ശുശ്രൂഷയിൽ നമുക്കും സജീവമായി പങ്കുചേരാം. എല്ലാവർക്കും പുതുവത്സരാശംസകൾ.

## 1. അതിരൂപതാ മതബോധന കമ്മിറ്റി ഫെബ്രുവരി 13

2017-18 അധ്യയനവർഷത്തെ രണ്ടാമത്തെ അതിരൂപത മതബോധന കമ്മിറ്റി അഭിവന്ദ്യ മാർ ജോർജ് ഞറളക്കാട്ട് പിതാവിന്റെ അധ്യക്ഷതയിൽ 2018 ഫെബ്രുവരി 13-ാം തീയതി ചൊവ്വാഴ്ച ഉച്ചകഴിഞ്ഞ് 2 മണി മുതൽ 4 മണിവരെ തളിപ്പറമ്പ് ഫൊറോനാപള്ളിയിൽവച്ച് ചേരുന്നു. ഓരോ സന്യാസസമൂഹത്തിന്റെയും പ്രൊവിൻഷ്യലും ബഹു. ഫൊറോന വികാരിയച്ചന്മാരും മേഖലാ പ്രസിഡന്റുമാരും മറ്റ് പ്രത്യേകം തിരഞ്ഞെടുക്കപ്പെട്ടവരുമാണ് സംബന്ധിക്കേണ്ടത്.

## 2. ഡിപ്ലോമ പരീക്ഷ (ക്ലാസ്സ് XII)

XII-ാം ക്ലാസ്സിന്റെ ഡിപ്ലോമ പരീക്ഷ ജനുവരി 26ന് വെള്ളിയാഴ്ച ഉച്ചകഴിഞ്ഞ് 2 മണിമുതൽ 4 മണിവരെയായിരിക്കും. പരീക്ഷയുടെ സമയത്തിന് മാറ്റം വരുത്താൻ പാടില്ല. 25ന് ഫൊറോന കേന്ദ്രത്തിൽനിന്ന് ചോദ്യപേപ്പർ എടുക്കാവുന്നതാണ്.

## 3. യാത്രയയപ്പ് മീറ്റിംഗ്

XII-ാം ക്ലാസ്സിലെ കുട്ടികൾ പഠനം പൂർത്തിയായി പോകുന്നതിന് മുൻപ് അവർക്ക് യാത്രയയപ്പ് കൊടുക്കുന്ന നല്ല പതിവ് സൺഡേസ്കൂളുകളിലുണ്ട്. സൺഡേസ്കൂൾ പഠനത്തിന്റെ ഓർമ്മ നിലനിർത്തുന്നതിനും ദൈവാനുഭവത്തിന്റെ മേഖലകൾ അയവിറക്കുന്നതിനുമായി അത്തരത്തിലുള്ള മീറ്റിംഗ് എല്ലാ സൺഡേസ്കൂളുകളിലും ക്രമീകരിക്കേണ്ടതാണ്. ഹെഡ്മാസ്റ്ററും സ്റ്റാഫ് അംഗങ്ങളും ബഹു. വികാരിയച്ചനുമായി ആലോചിച്ച് വേണ്ട ക്രമീകരണങ്ങൾ നടത്തുമല്ലോ.

### 4. വാർഷികപരീക്ഷ I- XI

അതിരൂപതാ മതബോധനകമ്മിറ്റിയുടെ തീരുമാനപ്രകാരം 1 മുതൽ 11 വരെയുള്ള ക്ലാസ്സുകളിലെ കുട്ടികളുടെ വാർഷിക പരീക്ഷ വിശ്വാസോത്സ വത്തിനുശേഷം ഒരുമിച്ചായിരിക്കും.

### 5. ജനറൽ ചോദ്യങ്ങൾ

ജനുവരി 26ന് നടത്തുന്ന XII-ാം ക്ലാസ്സിലെ വാർഷിക പരീക്ഷയുടെ ജനറൽ ചോദ്യങ്ങൾ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ജനറൽ ചോദ്യ ങ്ങളിൽനിന്ന് 5 മാർക്കിന്റെ ചോദ്യങ്ങൾ ഉണ്ടായിരിക്കും. അധ്യാപകർ വെബ്സൈറ്റിൽനിന്ന് ജനറൽ ചോദ്യങ്ങളെടുത്ത് കുട്ടികൾക്ക് നല്കി അവരെ ഒരുക്കേണ്ടതാണ്.

### 6. പരീക്ഷാ സൂപ്പർവൈസർമാർ

ജനുവരിയിൽ നടത്തുന്ന ഡിപ്ലോമ പരീക്ഷയ്ക്ക് പരീക്ഷാകേന്ദ്രങ്ങളിൽ സൂപ്പർവൈസർമാരെ നിയമിക്കേണ്ടതാണ്. ഫൊറോന കമ്മിറ്റി ആലോചിച്ച് സൂപ്പർവൈസർമാരെ നേരത്തെ തിരഞ്ഞെടുക്കുമല്ലോ.

### 7. സഭാവിജ്ഞാനീയ ക്വിസ്

അധ്യാപകർക്കു പഠിക്കാനുള്ള 'കത്തോലിക്കാ സഭ ഇന്നലെയും ഇന്നും' എന്ന പുസ്തകത്തെ ആസ്പദമാക്കിയുള്ള സഭാവിജ്ഞാനീയ ക്വിസ് ഫെബ്രുവരി 24ന് തളിപ്പറമ്പ് ഇടവകയിൽവച്ച് രാവിലെ 10 മണിക്ക് നടത്തുന്നു.

### 8. വിശ്വാസോത്സവം ഏപ്രിൽ 2-6

വിശ്വാസോത്സവം ഏപ്രിൽ 2 മുതൽ 6 വരെയാണ്. വിശ്വാസോത്സവ വർക്ക്ബുക്കിന്റെ ഓർഡർ ഫോം പൂരിപ്പിച്ച് ഓഫീസിലേക്ക് അയക്കേണ്ട താണ്. വർക്കുബുക്കുകളുടെ വില ഫെബ്രുവരി മാസത്തെ ബുള്ളറ്റിനിൽ അറിയിക്കുന്നതായിരിക്കും.

### 9. സെമിനാർ (ആസ്പെക്ട്)

അധ്യാപകർക്കായി ഫൊറോനാതലത്തിൽ ക്രമീകരിച്ചിരിക്കുന്ന രണ്ടാ മത്തെ ഏകദിന സെമിനാർ **"ഭാരത കത്തോലിക്ക സഭ ഇന്നലെയും ഇന്നും"** എന്ന സഭാചരിത്രഗ്രന്ഥത്തിന്റെ രണ്ടാം ഭാഗത്തിന്റെ പഠനമാണ്. സഭാചരിത്രം വളരെ പ്രധാനപ്പെട്ടതായതുകൊണ്ട് ഫൊറോനയിലെ മുഴു വൻ അധ്യാപകരും സെമിനാറിൽ നിർബന്ധമായും സംബന്ധിക്കേണ്ടതും കൃത്യസമയത്തു തന്നെ എത്തേണ്ടതുമാണ്. ഞായറാഴ്ചകളിൽ സെമിനാ റുള്ള ദിവസം വേദപാഠക്ലാസ്സ് ഒരുമണിക്ക് അവസാനിപ്പിച്ച് പൊതുവായി ഭക്ഷണം കഴിച്ച് എല്ലാവരും ഒരുമിച്ച് സെമിനാറിന് എത്തുമല്ലോ.

| ജനുവരി, ഫെബ്രുവരി മാസങ്ങളിലെ സെമിനാർ | | | |
|---|---|---|---|
| **തിയതി** | **ഫൊറോന** | **സ്ഥലം** | **സമയം** |
| ജനുവരി 02 | ആലക്കോട് | ആലക്കോട് | 9.30 - 1.00 pm |
| ജനുവരി 02 | മേരിഗിരി | മേരിഗിരി | 2.00 - 5.30 pm |
| ജനുവരി 02 | തോമാപുരം | തോമാപുരം | 9.30 - 1.00 pm |
| ജനുവരി 02 | വെള്ളരിക്കുണ്ട് | വെള്ളരിക്കുണ്ട് | 2.00 - 5.30 pm |
| ജനുവരി 02 | ചെമ്പേരി | ചെമ്പേരി | 9.30 - 1.00 pm |
| ജനുവരി 13 | കാഞ്ഞങ്ങാട് | കാഞ്ഞങ്ങാട് | 9.30 - 1.00 pm |
| ജനുവരി 14 | എടൂർ | എടൂർ | 2.00 - 5.30 pm |
| ജനുവരി 14 | പേരാവൂർ | പേരാവൂർ | 2.00 - 5.30 pm |
| ജനുവരി 20 | പനത്തടി | പനത്തടി | 9.30 - 1.00 pm |
| ജനുവരി 27 | കുന്നോത്ത് | കുന്നോത്ത് | 9.00 - 12.30 pm |
| ഫെബ്രു 04 | തളിപ്പറമ്പ് | തളിപ്പറമ്പ് | 2.00 - 5.30 pm |

**N.B:** ക്ലാസ്സിന് വരുമ്പോൾ നിർബന്ധമായും ടെക്സ്റ്റ് ബുക്ക് കൊണ്ടുവരേണ്ടതാണ്.

## ആസ്പെക്ട് മോഡൽ ചോദ്യങ്ങൾ

2018 ഫെബ്രുവരി 25ന് നടക്കുന്ന ആസ്പെക്ട് പരീക്ഷയ്ക്കുള്ള പഠന വിഷയങ്ങളാണ് താഴെകൊടുക്കുന്നത്. അതിരൂപതാ മതബോധന കമ്മിറ്റിയുടെ നിർദ്ദേശപ്രകാരം എല്ലാ അധ്യാപകരും പരീക്ഷയാണ് എഴുതേണ്ടത്.

1. ബിഷപ്പ് ലെയോ മെയ്റീന്റെയും ഇഗ്നേഷ്യസ് പേർസിക്കോയുടെയും ശ്ലൈഹിക സന്ദർശനങ്ങൾ (1876-1877).
2. സീറോമലബാർസഭ വലിയ മെത്രാപ്പൊലീത്തൻ സഭയായി ഉയർത്തപ്പെടുന്നു.
3. ലത്തീൻ മെത്രാന്മാരുടെ കീഴിൽ രണ്ടു വ്യത്യസ്ത വികാരിയാത്തുകൾ
4. ചങ്ങനാശ്ശേരി, തൃശ്ശൂർ, എറണാകുളം വികാരിയാത്തുകളുടെ സ്ഥാപനവും നാട്ടുമെത്രാന്മാരും.
5. തെക്കും ഭാഗക്കാരുടെ പ്രത്യേകതകളും കോട്ടയം വികാരിയാത്തിന്റെ സ്ഥാപനവും (1911).
6. അന്ത്യോക്യൻ പാരമ്പര്യത്തിന്റെ മുന്നേറ്റവും സാധുവായി അഭിഷേകം ചെയ്യപ്പെട്ട ആദ്യ മെത്രാനും.
7. ഫാ. ജോസഫ് കരിയാറ്റിയുടെ നേതൃത്വത്തിലുള്ള റോമായാത്രയും കൊടുങ്ങല്ലൂരിന്റെ മെത്രാപ്പോലീത്തയായുള്ള നിയമനവും.
8. ഇരുപതാം നൂറ്റാണ്ടിലെ സഭൈക്യശ്രമങ്ങളും സീറോ മലങ്കര കത്തോലിക്കാ സഭയുടെ ഉദ്ഭവവും.
9. അന്ത്യോക്യയിലെ സിറിയൻ ഓർത്തഡോക്സ്/യാക്കോബായ സഭ.

10. മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ, മലങ്കര യാക്കോബായ സിറിയൻ ഓർത്തഡോക്സ് സഭ.
11. പദ്രുവാദോ, പ്രൊപ്പഗാന്താ ഫീദേ
12. മലബാർ സഭ, മലങ്കര സഭ

## 10. താഴെ കൊടുത്തിരിക്കുന്ന കാര്യങ്ങൾ പ്രത്യേകം ശ്രദ്ധിക്കുക

1. അതിരൂപതാ മതബോധനകമ്മിറ്റിയുടെ (2011 ജൂൺ 14) നിശ്ചയപ്രകാരം സൺഡേസ്കൂൾ മതാധ്യാപകരുടെ റിട്ടയർമെന്റ് പ്രായം 65 വയസ് ആണ്. റിട്ടയർ ചെയ്യുന്ന അധ്യാപകരെ ഇടവകാതലത്തിൽ ആദരിക്കേണ്ടതാണ്. ഇടവകാ തിരുനാളിനോടനുബന്ധിച്ചുള്ള സൺഡേസ്കൂൾ വാർഷികയോഗങ്ങൾ അതിനായി പ്രയോജനപ്പെടുത്തുമല്ലോ. കൂടാതെ ഹെഡ്മാസ്റ്റർമാരുടെ സേവനകാലം 15 വർഷമായിട്ടാണ് കമ്മിറ്റി നിശ്ചയിച്ചിരിക്കുന്നത്. തുടർന്നും അവർക്ക് (65 വയസുവരെ) സൺഡേസ്കൂളിൽ പഠിപ്പിക്കാവുന്നതാണ്.
2. ഡിപ്ലോമ രജിസ്ട്രേഷൻ ഫോം തരാത്തവർ കുട്ടികളുടെ വിവരങ്ങൾ ചേർത്ത് ഫോമും വെബ്സൈറ്റിലെ പ്രിന്റും എത്രയും പെട്ടെന്ന് ഓഫീസിലേയ്ക്ക് അയച്ചുതരുമല്ലോ. വെബ്സൈറ്റിലെ റിപ്പോർട്ട് സെക്ഷനിൽ ഡിപ്ലോമ രജിസ്ട്രേഷൻ 2017-2018ന്റെ പ്രിന്റെടുത്ത് അതേ ക്രമത്തിലാണ് കുട്ടികളുടെ വിവരങ്ങൾ ഡിപ്ലോമ രജിസ്ട്രേഷൻ ഫോമിൽ എഴുതി ചേർക്കേണ്ടത്.
3. ഡിപ്ലോമ ഇംപ്രൂവ്മെന്റ് എഴുതുന്നവരുടെയും നോൺ റെഗുലർ സ്റ്റുഡന്റായി പരീക്ഷ എഴുതുന്നവരുടെയും വിവരങ്ങൾ വെബ്സൈറ്റിലും രജിസ്ട്രേഷൻ ഫോമിലും ചേർക്കേണ്ടതില്ല. അവരുടെ പേരുവിവരങ്ങൾ ലെറ്റർപാഡിൽ എഴുതി ഹെഡ്മാസ്റ്ററുടെ ഒപ്പോടുകൂടി രജിസ്ട്രേഷൻ ഫോമിനോടൊപ്പം അയച്ചുതരേണ്ടതാണ്.
4. വിശ്വാസോത്സവത്തിന്റെ വർക്ക്ബുക്കുകളുടെ എണ്ണം എഴുതിയ ഫോം ഡിപ്ലോമ രജിസ്ട്രേഷൻ ഫോമിന്റെകൂടെ അയക്കുക.
5. അധ്യാപകരുടെയും കുട്ടികളുടേയും (ക്ലാസ് I-XI വരെ) പേരുവിവരങ്ങളും മറ്റു കാര്യങ്ങളും ജനുവരി 30നകം നിർബന്ധമായും വെബ്സൈറ്റിൽ ചേർത്ത് സഹകരിക്കുമല്ലോ.
6. ആസ്പെക്ട് പരീക്ഷ എഴുതുന്നവരുടെ എണ്ണം വിശ്വാസോത്സവ വർക്ക്ബുക്കിന്റെ ഫോമിൽ ചേർക്കേണ്ടതാണ്. അതനുസരിച്ചായിരിക്കും ചോദ്യപേപ്പറുകൾ ഓരോ സൺഡേസ്കൂളിലും എത്തിക്കുക.

## 11. ഡിപ്ലോമ പരീക്ഷാ നിർദ്ദേശങ്ങൾ

1. പരീക്ഷ 2018 ജനുവരി 26നു ഉച്ചയ്ക്കു 2 മുതൽ 4 വരെയായിരിക്കും. പരീക്ഷയുടെ സമയത്തിന് മാറ്റം വരുത്താൻ പാടില്ല. നിശ്ചയിക്കപ്പെട്ടിരിക്കുന്ന സമയത്തിനുപുറത്ത് നടത്തുന്ന പരീക്ഷപേപ്പറുകൾ മൂല്യനിർണ്ണയത്തിന് പരിഗണിക്കുന്നതല്ല. കൂടാതെ രജിസ്റ്റർ ചെയ്യാത്ത കുട്ടികളെ പരീക്ഷ എഴുതിക്കാൻ പാടില്ല.

2. സൂപ്പർവൈസർ നിയമിക്കപ്പെട്ട സെന്ററിൽ 1.30നു മുൻപായി എത്തുക.
3. ചോദ്യപേപ്പർ പായ്ക്കറ്റ് പരീക്ഷയ്ക്കു 15 മിനിറ്റു മുൻപു പരീക്ഷാഹാളിൽ വച്ചു മാത്രം തുറക്കുക.
4. ഹെഡ്മാസ്റ്ററും ക്ലാസ് അധ്യാപകരും പരീക്ഷാസമയം മുഴുവനും പരീക്ഷാ ഹാളിൽ ഉണ്ടായിരിക്കണം.
5. ഡിപ്ലോമ പരീക്ഷയെഴുതുന്ന കുട്ടികൾ ഉത്തര കടലാസിൽ പേര് എഴുതാൻ പാടില്ല. പകരം വിശ്വാസപരിശീലന കേന്ദ്രത്തിൽനിന്നും നൽകിയിട്ടുള്ള രജിസ്ട്രർ നമ്പർ, സ്ലിപ്പിൽ എഴുതി ഉത്തരക്കടലാസി നൊപ്പം പിൻ ചെയ്യുക. കൂടാതെ രജിസ്ട്രർ നമ്പർ ഉത്തരക്കടലാ സിന്റെ ഒന്നാം പേജിലും കുട്ടികളെകൊണ്ട് എഴുതിപ്പിക്കണം. ഡിപ്ലോമ പരീക്ഷ എഴുതുന്ന കുട്ടികൾക്ക് സൺഡേ സ്കൂളിന്റെ സീൽവച്ച പേപ്പറുകൾ (A4) വിതരണം ചെയ്യേണ്ടതാണ്.
6. ഉത്തരക്കടലാസുകൾ രജി. നമ്പറിന്റെ ക്രമത്തിൽ അടുക്കി പായ്ക്കു ചെയ്യണം. ഉത്തരക്കടലാസുകൾ മടക്കി പായ്ക്കു ചെയ്യരുത്. ഡിപ്ലോമ ഇംപ്രൂവ്മെന്റ് ഉത്തരക്കടലാസുകൾ വേറെകവറിൽ പായ്ക്ക് ചെയ്യണം.
7. രജിസ്ട്രേഷൻ ഫോമിന്റെ മൂന്നാമത്തെ കോളത്തിൽ Internal Mark ചേർക്കേണ്ടതാണ്. പരീക്ഷ എഴുതാത്ത കുട്ടികളുടെ റിമാർക്സ് കോള ത്തിൽ Absent എന്നെഴുതുക. രജി. ഫോം പ്രത്യേക കവറിലിട്ട് ഉത്തര ക്കടലാസിനോടൊപ്പം പായ്ക്ക് ചെയ്യണം. ഡിപ്ലോമ രജി. ഫോമിൽ ആവ ശ്യപ്പെട്ടരിക്കുന്ന എല്ലാ വിവരങ്ങളും പൂരിപ്പിക്കേണ്ടതാണ്.
8. ഉത്തരക്കടലാസുകൾ പായ്ക്കു ചെയ്യുമ്പോൾ ‘Centre Head Sheet’ എന്ന ഫോം കൃത്യമായി പൂരിപ്പിച്ച് സൂപ്പർവൈസറും ഹെഡ്മാസ്റ്ററും ഒപ്പുവച്ച് ഒരു കോപ്പി പായ്ക്കറ്റിനകത്തും ഒന്ന് പായ്ക്കറ്റിനു പുറത്തു കാണത്തക്ക രീതിയിലും ഒട്ടിച്ച് ഉത്തരക്കടലാസ് പായ്ക്കറ്റ് സീൽ ചെയ്യുക.
9. ഉത്തരക്കടലാസ് പായ്ക്കറ്റ് പരീക്ഷാദിനത്തിൽ തന്നെ ഫൊറോനാ കേന്ദ്രത്തിലെത്തിക്കുക. ജനുവരി 27-ാം തീയതി ഉത്തരക്കടലാസുകൾ വിശ്വാസപരിശീലന കേന്ദ്രത്തിലേക്ക് കൊണ്ടുപോകുന്നതാണ്.
10. പരീക്ഷയിൽ എന്തെങ്കിലും ക്രമക്കേടുകൾ നടന്നാൽ വിശ്വാസപരിശീ ലനകേന്ദ്രത്തിൽ അറിയിക്കുക.

ഫോൺ : 0490 2344430.

**12. ഡയറക്ടറച്ചന്റെ സന്ദർശനം**

തലശ്ശേരി ഇടവക സന്ദർശിക്കുകയും വി. കുർബാന അർപ്പിച്ച് പ്രാർത്ഥി ക്കുകയും മാതാപിതാക്കൾക്കും അധ്യാപകർക്കും കുട്ടികൾക്കും ക്ലാസ്സെടു ക്കുകയും ചെയ്തു.

പുതുവത്സരാശംസകളോടെ,

**ഫാ. ജോർജ് കാഞ്ഞിരക്കാട്ട്**

ഡയറക്ടർ

# ബൈബിൾ അപ്പൊസ്തൊലേറ്റ് & ആൽഫാ ഇൻസ്റ്റിറ്റ്യൂട്ട്

## 1. ആൽഫാ ബിരുദദാന ചടങ്ങ്: സെന്റ് മേരീസ് ചർച്ച് ദുബായ്

ആൽഫാ ഇൻസ്റ്റിറ്റ്യൂട്ടിൽനിന്നും ബിരുദബിരുദാനന്തരകോഴ്സുകൾ വിജയകരമായി പൂർത്തിയാക്കിയവരുടെ ബിരുദദാനചടങ്ങ് (Convocation) ഡിസംബർ 9-ാം തീയതി ദുബായ് സെന്റ് മേരീസ് പള്ളി ഓഡിറ്റോറിയത്തിൽവച്ച് നടന്നു. അഭിവന്ദ്യ ജോർജ് ഞറളക്കാട്ട് പിതാവ് മുഖ്യാതിഥിയായ പ്രൗഢ ഗംഭീരമായ ചടങ്ങിൽ ആൽഫാ ഡയറക്ടറും തലശ്ശേരി അതിരൂപതാ സഹായമെത്രാനുമായ മാർ ജോസഫ് പാംപ്ലാനി പിതാവ് സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു. 21 ബി.റ്റി.എച്ച് വിദ്യാർത്ഥികളും, 15 എം.റ്റി.എച്ച് വിദ്യാർത്ഥികളും ചടങ്ങിൽവച്ച് സർട്ടിഫിക്കറ്റുകൾ ഏറ്റുവാങ്ങി.

**റാങ്ക് ജേതാക്കൾ: എം.റ്റി.എച്ച്**

1. മനോജ് തോമസ്
2. ലിസി. കെ. ഫെർണാണ്ടസ്
3. സോണി മനോജ്
4. വർഗ്ഗീസ് തോമസ്

**റാങ്ക് ജേതാക്കൾ: ബി.റ്റി.എച്ച് - 2014**

1. ലിൻസി ഷിബി
2. മിനി ജോർജ്
3. റോസാ ജോസഫ്

**റാങ്ക് ജേതാക്കൾ: ബി.റ്റി.എച്ച് - 2015**

1. സിനി ജോൺ
2. ജോബി കെ. അബ്രാഹം
3. ഷാജി കെ.എം

## 2. ബൈബിൾ പാരായണമാസം

സീറോ മലബാർസഭ ബൈബിൾ പാരായണമാസമായി നിർദ്ദേശിച്ചിരുന്ന ഡിസംബർ മാസം, അനേകം ഇടവകകൾ സമുചിതമായി ആചരിച്ചു. അഖണ്ഡബൈബിൾ പാരായണം നടത്തിയ ഇടവകകളെ പ്രത്യേകമായി അനുമോദിക്കുന്നു.

## 3. ലോഗോസ് ക്വിസ് - 2017

60%ത്തിൽ കൂടുതൽ മാർക്ക് നേടുന്ന എ വിഭാഗത്തിലുള്ളവർക്കും 70%ത്തിൽ കൂടുതൽ മാർക്ക് നേടുന്ന ബി, സി, ഡി, ഇ, എഫ് വിഭാഗത്തിലുള്ളവർക്കും കെ.സി.ബി.സി ബൈബിൾ കമ്മീഷൻ നല്കുന്ന സർട്ടിഫിക്കറ്റുകൾ ഫൊറോന കേന്ദ്രത്തിൽ എത്തിച്ചിരുന്നു. ഫൊറോനയിൽ നിന്ന് മേടിച്ച്

കുട്ടികൾക്ക് സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു കാണുമെന്ന് കരുതുന്നു. 25 പേരടങ്ങുന്ന ഒരു ഗണത്തിന് ഒരു സമ്മാനം എന്ന അനുപാതത്തിൽ എല്ലാ ഇടവകകൾക്കും സ മ്മാനം (പുസ്തകം) ഉണ്ടായിരിക്കും. ജനുവരി മാസത്തിൽ ഫൊറോന കേന്ദ്രത്തിൽ സമ്മാനങ്ങൾ എത്തിക്കുന്നതായിരിക്കും.

## 4. ദൈവശാസ്ത്ര കോൺടാക്റ്റ് ക്ലാസ്സുകൾ

ഈ മാസം നടക്കുന്ന ദൈവശാസ്ത്ര കോൺടാക്റ്റ് ക്ലാസ്സുകളുടെ സമയക്രമം ചുവടെ ചേർക്കുന്നു.

| തീയതി | സ്ഥലം | സമയം | വിഷയം |
|---|---|---|---|
| 6.1.2018 | ദീപ്തി ഭവൻ മാനന്തവാടി | 9.30-4.30 | മരിയവിജ്ഞാനീയം<br>യോഹന്നാന്റെ സുവിശേഷം<br>ഗ്രീക്ക്<br>ആദ്ധ്യാത്മിക ദൈവശാസ്ത്രം |
| 13.1.2018 | ക്രിസ്തുജ്യോതി പാലാ | 9.30-4.30 | ദൈവശാസ്ത്ര പ്രവേശിക<br>അടിസ്ഥാന ധാർമ്മിക ദൈവശാസ്ത്രം<br>ഗ്രീക്ക്<br>യോഹന്നാന്റെ സുവിശേഷം |
| 13.1.2018 | ലക്നൗ | 9.30-4.30 | മരിയവിജ്ഞാനീയം<br>ആദ്ധ്യാത്മിക ദൈവശാസ്ത്രം<br>ഇതരമതദൈവശാസ്ത്രം |
| 14.1.2018 | ലക്നൗ | 9.30-4.30 | വെളിപാട്<br>വിജ്ഞാനഗ്രന്ഥങ്ങൾ<br>ജീവന്റെ ധാർമ്മികത |
| 26.1.2018 | അസ്സീസി പ്രൊവിൻസ് ഹൗസ്, തൃശ്ശൂർ | 9.30-4.30 | വി. മർക്കോസിന്റെ സുവിശേഷം<br>സങ്കീർത്തനങ്ങൾ<br>ആരാധനാക്രമ ദൈവശാസ്ത്രം<br>സഭാവിജ്ഞാനീയം |
| 27.1.2018 | ബഥനി കോൺവെന്റ് മാനന്തവാടി | 9.30-4.30 | മരിയവിജ്ഞാനീയം<br>യോഹന്നാന്റെ സുവിശേഷം<br>ഗ്രീക്ക്<br>ആദ്ധ്യാത്മിക ദൈവശാസ്ത്രം |

## 5. ല്യൂമെൻ എക്ലേസിയ - പരീക്ഷാക്രമം

| | | |
|---|---|---|
| വി. യോഹന്നാന്റെ സുവിശേഷം | - | 07.01.2018 (2.30 - 4.30) |
| മരിയവിജ്ഞാനീയം | - | 28.01.2018 (2.30 - 4.30) |

### 6. മതാദ്ധ്യാപകരുടെ പ്രത്യേക ശ്രദ്ധയ്ക്ക്

തലശ്ശേരി അതിരൂപതയുടെ മതാദ്ധ്യാപകർക്കായുള്ള ല്യൂമെൻ എക്ലേസിയ ദൈവശാസ്ത്ര പഠനപരിപാടി നന്നായി പോകുന്നു. എങ്കിലും 2014 ൽ ആരംഭിച്ച് ഫീസും അടച്ച് കുറച്ച് ക്ലാസ്സുകളിൽ മാത്രം പങ്കെടുത്ത് പരീക്ഷ എഴുതാതിരിക്കുന്ന ഒട്ടനവധി മതാദ്ധ്യാപകർ ഉള്ളതായി കാണുന്നു. ഇടയ്ക്ക് വച്ച് നിർത്തിപ്പോയ മതാദ്ധ്യാപകരെ പ്രത്യേകമായി പ്രോത്സാഹിപ്പിച്ച് പറഞ്ഞ് വിടാൻ വികാരിയച്ചനും LE ക്ലാസ്സിൽ പങ്കെടുക്കുന്ന മറ്റ് അദ്ധ്യാപകരും ശ്രമിക്കണമെന്ന് അപേക്ഷിക്കുന്നു. എഴുതാത്ത പരീക്ഷകൾ അതാത് സെന്ററുകളിൽ വച്ച് നടത്തുവാനുള്ള ക്രമീകരണം ചെയ്യുന്നതായിരിക്കും. ക്ലാസ്സുകൾ നഷ്ടപ്പെട്ടെന്ന് കരുതി വരാതിരിക്കേണ്ട ആവശ്യമില്ല. ഇനി മുതലുള്ള ക്ലാസ്സുകളിൽ പങ്കെടുത്താൽ മതിയാകും. ഇനിയും ദൈവശാസ്ത്ര ക്ലാസ്സുകളിൽ ചേരാതിരിക്കുന്ന മതാദ്ധ്യാപകരും ഈ അവസരം വിനിയോഗിക്കണമെന്ന് അപേക്ഷിക്കുന്നു. മതാദ്ധ്യാപകരായ BTh വിദ്യാർത്ഥികൾക്ക് കോഴ്സ് ഫീസായ 4000 രൂപയിൽനിന്ന് 2500 രൂപയും MTh വിദ്യാർത്ഥികൾക്ക് 3000 രൂപയുമാക്കി ഇളവ് നല്കിയിട്ടുണ്ട്.

### 7. ദൈവശാസ്ത്ര ക്ലാസ്സുകൾ Youtube -ൽ

അനേകം വർഷങ്ങളായി ശാലോം ടെലിവിഷനിലൂടെ സംപ്രേഷണം ചെയ്തുകൊണ്ടിരുന്ന ആൽഫാ ദൈവശാസ്ത്ര വിഷയങ്ങൾ ഇപ്പോൾ പൂർണ്ണമായും Youtube-ൽ ലഭ്യമാണ്. Youtube -ൽ ആൽഫാ തിയോളജിയാ എന്ന് കൊടുത്താൽ 500ൽ പരം ക്ലാസ്സുകൾ ലഭിക്കും. ദൈവശാസ്ത്ര വിദ്യാർത്ഥികൾക്ക് alphathalassery - വെബ്സൈറ്റിലും ഈ ക്ലാസ്സുകൾ കാണാവുന്നതാണ്. 25 മിനിറ്റുകൾ വീതമുള്ള ക്ലാസ്സുകൾ ഓരോ വിഷയവും തിരിച്ച് നല്കിയിരിക്കുന്നു.

### 8. സ്കൈപ്പ് നെറ്റുവഴിയുള്ള ക്ലാസ്സുകൾ

ലോകത്തിന്റെ ഏതു ഭാഗത്തുള്ള പഠിതാക്കൾക്കും ആൽഫാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ സ്കൈപ്പ് ക്ലാസ്സുകളിൽ പങ്കെടുക്കാവുന്നതാണ്. ക്ലാസ്സുകളിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ ഇന്റർനെറ്റ് സൗകര്യവും സ്കൈപ്പ് അക്കൗണ്ടും ക്രമീകരിച്ചശേഷം Alpha Thalassery എന്ന അക്കൗണ്ടിൽ ലോഗിൻ ചെയ്യുക. ആൽഫാ ഓഫീസിൽ മുൻകൂട്ടി അറിയിച്ചാൽ ഇതിനുള്ള ക്രമീകരണം ചെയ്തു തരുന്നതാണ്. അതാത് മാസത്തെ ക്ലാസ്സുകളുടെ സമയക്രമം, വിഷയം എന്നിവ ആൽഫായുടെ വെബ്സൈറ്റിൽനിന്നും ലഭ്യമാണ്.

സ്നേഹപൂർവ്വം,

**ഡയറക്ടർ**

# ചെറുപുഷ്പ മിഷൻലീഗ്

സ്നേഹ ബഹു. അച്ചാ, സിസ്റ്റേഴ്സ്, കുഞ്ഞു പ്രേഷിതരേ,

2017ൽ ദൈവം നമ്മിലേക്ക് വർഷിച്ച അവർണ്ണനീയമായ ദാനങ്ങൾക്ക് നന്ദി പറഞ്ഞുകൊണ്ട് പുതുവർഷവെളിച്ചത്തിൽ പ്രതീക്ഷകളുടെ പുതുസുഗന്ധം ഒരിക്കൽക്കൂടി നമ്മെ തഴുകി നീങ്ങുന്നു. ഇന്നലകളുടെ സ്വപ്നങ്ങൾ ഇന്നിന്റെ യാഥാർത്ഥ്യമായി മാറുന്ന പുതുവർഷത്തെ എതിരേൽക്കാം. 2018ന്റെ ഓരോ ദിനവും കൂട്ടായി കൂടെയുണ്ടാകണമേ എന്ന് പ്രാർത്ഥിക്കാം. ഏവർക്കും ദൈവാനുഗ്രഹംനിറഞ്ഞ പുതുവത്സരാശംസകൾ...

| | |
|---|---|
| അനുസ്മരിക്കുന്ന തിരുനാൾ | : ദനഹാതിരുനാൾ |
| ,, വിശുദ്ധർ | : വി. സെബാസ്ത്യാനോസ്, വി. ചാവറയച്ചൻ |
| പ്രാർത്ഥനാനിയോഗം | : നവ വൈദികർക്കുവേണ്ടി |
| സുകൃതജപം | : ഈശോയെ ദുഷ്ടശത്രുവിൽ നിന്ന് എന്നെ കാത്തുകൊള്ളണമേ |
| സപ്തതി സുകൃതം | : 70 ഈശോ മറിയം യൗസേപ്പേ |

## ശാഖകൾ ശ്രദ്ധിക്കാൻ

1 തിങ്കൾ - പുതുവർഷാരംഭം, ദിവ്യബലിയിൽ പങ്കെടുത്ത് പുതുവർഷത്തെ വരവേൽക്കുക.

3 ബുധൻ - വി. ചാവറയച്ചന്റെ തിരുനാൾ

6 ശനി - ദനഹാതിരുനാൾ

## മേഖലകൾ ശ്രദ്ധിക്കാൻ

മേഖലാ മാനേജിംഗ് കമ്മിറ്റി, എക്സിക്യൂട്ടീവ്, കൗൺസിൽ എന്നിവ നടത്താത്ത മേഖലകൾ പ്രസ്തുത മീറ്റിംഗുകൾ നടത്തി മേഖലാ പ്രവർത്തനങ്ങൾ വിലയിരുത്തുകയും തുടർപ്രവർത്തനങ്ങൾ ഭംഗിയായി ക്രമീകരിക്കുകയും ചെയ്യുമല്ലോ.

## വൈസ് ഡയറക്ടേഴ്സ് മീറ്റിംഗ്

മിഷൻലീഗ് തിരുബാലസഖ്യ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും ഈ വർഷത്തെ പ്രധാനകാര്യങ്ങൾ ചർച്ച ചെയ്യുന്നതിനുമായി ജനുവരി 26–ാം തീയതി രാവിലെ 9 മണിക്ക് വി. കുർബാനയോടുകൂടി തളിപ്പറമ്പ് സെന്റ് മേരീസ് പള്ളി ഓഡിറ്റോറിയത്തിൽവച്ച് ആരംഭിക്കുന്ന വൈസ്ഡയറക്ടേഴ്സ് മീറ്റിംഗിൽ മിഷൻലീഗ് തിരുബാലസഖ്യം ശാഖാ വൈസ്ഡയറക്ടേഴ്സ്

എല്ലാവരും പങ്കെടുക്കുമല്ലോ. വിവിധ മത്സരങ്ങളിൽ വിജയികളായവർക്കുള്ള സമ്മാനദാനം ഈ മീറ്റിംഗിൽവച്ച് നൽകുന്നതായിരിക്കും.

## ജീവകാരുണ്യ കൂപ്പൺ നറുക്കെടുപ്പ് വിജയികൾ

ചെറുപുഷ്പമിഷൻലീഗ് ശാഖാ, മേഖലാ, രൂപതാതലങ്ങളിൽ ജീവകാരുണ്യഫണ്ട് സ്വരൂപിക്കുന്നതിനായി നടത്തിയ സംഭാവനാ കൂപ്പൺ നറുക്കെടുപ്പ് 09.12.17ന് സന്ദേശഭവനിൽവച്ച് നടന്നു. ഒന്നാം സമ്മാനമായ മോട്ടോർ ബൈക്ക് മാലോം ശാഖയിലെ നേഹ അന്ന കൊല്ലക്കൊമ്പിൽ, രണ്ടാം സമ്മാനമായ ലാപ്പ്ടോപ്പ് വെള്ളരിക്കുണ്ട് ശാഖയിലെ ഷോബി വെള്ളി മൂഴിയിലിൽ, മൂന്നാം സമ്മാനമായ ടാബ്ലെറ്റ് ഉളിക്കൽ ശാഖയിലെ രേവതി എന്നിവർക്ക് ലഭിച്ചു. 16 മേഖലകളിലും കൂപ്പൺവിറ്റ കുട്ടികളിൽ നിന്നും നടത്തിയ നറുക്കെടുപ്പിൽ 16 സൈക്കിൾ, കൂടാതെ 400-ഓളം പ്രോത്സാഹന സമ്മാനങ്ങളും നൽകി. സംഭാവനാകൂപ്പൺ വിതരണത്തിന് സഹായിച്ച ശാഖാ-മേഖലാ ഭാരവാഹികൾക്ക് അതിരൂപതാകുടുംബത്തിന്റെ നന്ദി.

1-ാം സമ്മാനം നേഹ കൊല്ലക്കൊമ്പിൽ - മാലോം

2-ാം സമ്മാനം ഷോബി വെള്ളിമൂഴിയിലിൽ - വെള്ളരിക്കുണ്ട്

3-ാം സമ്മാനം രേവതി - ഉളിക്കൽ

## സപ്തതി വർഷ ആൽബനിർമ്മാണ വിജയികൾ

Ist - ത്രേസ്യാ കട്ടക്കയം - മാലോം

IInd - സ്നേഹ കണ്ണനായ്ക്കൽ - ചെടിക്കുളം

IIIrd - യോഹന്നാൻ മറുകാട്ടുകുന്നേൽ - ചെട്ട്യാംപറമ്പ്

## ചെറുപുഷ്പ മിഷൻലീഗ് സുവർണ്ണജൂബിലി സ്മാരക പ്രബന്ധരചന

Ist - അന്ന കുന്നപ്പള്ളിൽ - കിളിയന്തറ

IInd - ജോർജ് കണ്ണംകുളം - കരിക്കോട്ടക്കരി

IIIrd - ജോബ് ജോമി പാലുവേലിൽ - കണിച്ചാർ

## മിഷൻ പച്ചക്കറിത്തോട്ടം വിജയികൾ

മിഷൻലീഗിന്റെ നേതൃത്വത്തിൽ ശാഖകളിൽ നടത്തിയ മിഷൻപച്ചക്കറിത്തോട്ടം മത്സരത്തിൽ വിജയികളായവർ.

Ist - പൈസക്കരി ശാഖ

IInd - കീഴ്പ്പള്ളി ശാഖ

IIIrd - ദീപഗിരിശാഖ

പ്രോത്സാഹന സമ്മാനത്തിനർഹരായവർ മേരിഗിരി, വിമലശ്ശേരി, കോഴിച്ചാൽ, പേരാവൂർ, കണിച്ചാർ, ചാവറഗിരി, ചട്ടമല, ബളാൽ, പാണത്തൂർ, തളിപ്പറമ്പ്.

## അതിരൂപതാതല ക്രിസ്മസ് ആഘോഷം - ശാന്തിഭവനിൽ

ചെറുപുഷ്പമിഷൻലീഗ് അതിരൂപതാതല ക്രിസ്മസ്സ് ആഘോഷം ഡിസംബർ 22-ാം തീയതി വൈകുന്നേരം 6 മണിമുതൽ കരുവഞ്ചാൽ ശാന്തി ഭവനിലെ ബഹു. വൈദികർക്കൊപ്പം അതിരൂപതാ ഡയറക്ടർ ഫാ. ഫ്രാൻസീസ് മേച്ചിറാകത്തിന്റെ നേതൃത്വത്തിൽ അതിരൂപത എക്സിക്യൂട്ടീവ് അംഗങ്ങൾ ചേർന്ന് പുൽക്കൂട് നിർമ്മിച്ച് ആഘോഷപരിപാടികൾക്ക് തുടക്കം കുറിച്ചു. കരുവഞ്ചാൽ, വായാട്ടുപറമ്പ് ശാഖകകളിലെ കുട്ടികളുടെ കലാപരിപാടികൾ ക്രിസമസ് സന്ധ്യ മനോഹരമാക്കി. അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി, ഫാ. മാർട്ടിൻ കിഴക്കേത്തലക്കൽ, ഫാ. മാത്യു പാലമറ്റം, വായാട്ടുപറമ്പ് മേഖലാഡയറക്ടർ ഫാ. ജോൺ പോൾ പൂവത്തിങ്കൽ എന്നിവർ ആശംസകളർപ്പിച്ച് സംസാരിച്ചു. ക്രിസ്മസ് ആഘോഷപരിപാടികൾ മനോഹരമായി ക്രമീകരിക്കാൻ വേണ്ട എല്ലാ സഹായസഹകരണങ്ങളും ചെയ്തുതന്ന പ്രീസ്റ്റ് ഹോം ഡയറക്ടർ ഫാ. മാർട്ടിൻ കിഴക്കേത്തലയ്ക്കൽ, കരുവഞ്ചാൽ ശാഖാ ഡയറക്ടർ ഫാ. മാത്യു പാലമറ്റം, വായാട്ടുപറമ്പ് മേഖലാഡയറക്ടർ ഫാ. ജോൺ പോൾ പൂവത്താനിക്കൽ, കരുവഞ്ചാൽ, വായാട്ടുപറമ്പ് ശാഖകളിലെ കുഞ്ഞുമിഷനറിമാർ എന്നിവർക്ക് അതിരൂപതാകുടുംബത്തിന്റെ നന്ദി.

## ടീം ക്വിസ്സ്

ജനുവരി 26 വെള്ളിയാഴ്ച രാവിലെ 10 മണിക്ക് സെന്റ് മേരീസ് ഫൊറോനപള്ളി ഓഡിറ്റോറിയത്തിൽവച്ച് ഈ വർഷത്തെ അതിരൂപതാതല ടീം ക്വിസ് മത്സരം നടത്തുന്നു. മത്സരത്തിൽ പങ്കെടുക്കുന്നവർ 26-ാം തീയതി രാവിലെ 9.45ന് മത്സരഹാളിൽ എത്തിച്ചേരാൻ ശ്രദ്ധിക്കുമല്ലോ.

ടീം ക്വീസ് പഠനഭാഗങ്ങൾ : വി. ദമ്പതികൾ (അധ്യായം 8-13) 30%, വള്ളോപ്പിള്ളിപിതാവ് 10%, സംഘടന 50%, സഭ 10%.

## കൈയ്യെഴുത്ത് മാസിക

ഈ വർഷത്തെ കൈയ്യെഴുത്ത് മാസികയുടെ നിർമ്മാണം പൂർത്തിയായിക്കൊണ്ടിരിക്കുകയാണല്ലോ. കൈയ്യെഴുത്ത് മാസിക രൂപതയിൽ എത്തിക്കേണ്ട അവസാനതീയതി 2018 ജനുവരി 26 ആണ്. 26-ാം തീയതി ഉച്ച വരെ തളിപ്പറമ്പ് സെന്റ് മേരീസ് പള്ളി ഓഡിറ്റോറിയത്തിൽ വച്ച് കൈയ്യെഴുത്ത് മാസിക സ്വീകരിക്കുന്നതാണ്.

## ഉണ്ണീശോയ്ക്ക് ഒരുകട്ടിൽ

അദീലാബാദ് രൂപതയിലെ വിജയനഗർ ഇടവകയിലെ കുട്ടികൾക്ക് ആവശ്യമായ കട്ടിൽ വാങ്ങുക എന്ന നിയോഗത്തോടെ അഭിവന്ദ്യപിതാവിന്റെ നിർദ്ദേശപ്രകാരം 25 നോമ്പിൽ കുട്ടികൾ സമാഹരിച്ചതുക മിഷൻലീഗ് ഓഫീസിൽ എത്തിക്കുവാൻ ശ്രദ്ധിക്കുമല്ലോ.

## പ്രതിഭാസംഗമം

12-ാം ക്ലാസ്സിൽ വേദപാഠം പഠിക്കുന്ന കുട്ടികളുടെ പ്രതിഭാസംഗമം ഡിസംബർ 2,3 തീയതികളിൽ സന്ദേശഭവനിൽവച്ച് നടത്തി. ചെറുപുഷ്പ മിഷൻലീഗ് അതിരൂപതാഡയറക്ടർ റവ. ഫാ. ഫ്രാൻസീസ് മേച്ചിറാകത്ത് നേതൃത്വം നൽകി. വിവിധ ഇടവകകളിൽ നിന്നുമായി 85-ഓളം കുട്ടികൾ പങ്കെടുത്തു.

## അഭിനന്ദനങ്ങൾ

സംസ്ഥാനതല ലോഗോസ് ക്വിസിൽ സംസ്ഥാന പ്രതിഭാസ്ഥാനം കരസ്ഥമാക്കിയ തളിപ്പറമ്പ് ശാഖയിലെ അൽഫോൻസാ കാരന്താനത്തിന് അതിരൂപതാകുടുംബത്തിന്റെ അഭിനന്ദനങ്ങൾ.

## ശാഖാ സന്ദർശനങ്ങൾ

പരപ്പ, മണക്കടവ്, ചുള്ളി, പൊന്മല, ഉദയപുരം, കാപ്പിമല, വട്ട്യാറ, ഉരുപ്പുംകുറ്റി, ചീക്കാട്, ലിസ്സിഗിരി, ദീപഗിരി, കാർത്തികപുരം, അരിവിളഞ്ഞ പൊയിൽ എന്നീ ശാഖകളിൽ അതിരൂപതാ ഭാരവാഹികൾ സന്ദർശനം നടത്തി.

## സംസ്ഥാന കൗൺസിൽ വാർഷികം

ഡിസംബർ 9-ാം തീയതി ശനിയാഴ്ച മലയാറ്റൂർ സെന്റ് തോമസ് പള്ളി ഓഡിറ്റോറിയത്തിൽവച്ച് നടന്ന സംസ്ഥാന കൗൺസിൽ വാർഷികത്തിൽ അതിരൂപതാ ടീം പങ്കെടുക്കുകയും മലയാറ്റൂർ മല കയറി വിശുദ്ധതോമാ ശ്ലീഹായുടെ അനുഗ്രഹം പ്രാപിക്കുകയും ചെയ്തു.

## മേഖലാ വാർത്തകൾ

തളിപ്പറമ്പ് മേഖല : ഡിസംബർ 1-ാം തീയതി തളിപ്പറമ്പ് മേഖലയിൽ നടന്ന എംടിസി ക്യാമ്പിൽ അതിരൂപതാ ഡയറക്ടർ ഫാ. ഫ്രാൻസീസ് മേച്ചിറാകത്ത് പങ്കെടുത്തു.

## പൈസക്കരി മേഖല

പൈസക്കരി മേഖലാ കൗൺസിലും വാർഷികവും നവംബർ 25-ാം തീയതി ചന്ദനക്കാംപാറ ശാഖയിൽവച്ച് നടന്നു. 10.30ന് ചന്ദനക്കാംപാറ ടൗൺ ചുറ്റി നടന്ന പ്രേഷിത റാലിയിൽ മേഖലയിലെ എല്ലാ ശാഖകളിൽ നിന്നുള്ള കുട്ടികളും വൈസ് ഡയറക്ടേഴ്സും ഭാരവാഹികളും പങ്കെടുത്തു. അതിരൂപതാ സെക്രട്ടറി സുനിൽ കല്ലിടുക്കിൽ ആശംസയർപ്പിച്ച് സംസാരിച്ചു.

## മേരിഗിരി മേഖല

24-02-2017 ഞായറാഴ്ച ചെറുപുഷ്പമിഷൻലീഗ് മേരിഗിരി മേഖലയുടെ നേതൃത്വത്തിൽ തിരുമേനിയിലുള്ള സ്നേഹഭവൻ സന്ദർശിക്കുകയും

അവിടെയുള്ള അപ്പച്ചന്മാരോടും അമ്മച്ചിമാരോടുമൊപ്പം ക്രിസ്മസ് ആഘോഷിക്കുകയും ചെയ്തു. അതോടൊപ്പം മേഖലാ ഡയറക്ടർ റവ. ഫാ. തോമസ് വാലുപ്ലാക്കലിന്റെ നേതൃത്വത്തിൽ കരോൾഗാനവും കലാ വിരുന്നും നടന്നു.

## മേഖലാ ഡയറക്ടേഴ്സ്, വൈസ് ഡയറക്ടേഴ്സ്, പ്രസിഡന്റ് സംഗമം

അതിരൂപതയിലെ കുട്ടികളുടെ പരിശീലനത്തിൽ പ്രധാന പങ്ക് വഹിക്കുന്ന മിഷൻലീഗിന്റെയും, രജതജൂബിലി വർഷത്തിലേയ്ക്ക് കടക്കുന്ന തിരുബാലസഖ്യത്തിന്റെയും പ്രവർത്തനങ്ങളെക്കുറിച്ച് ആലോചിക്കുന്നതിനായി മേഖലാഡയറക്ടർ, വൈസ്ഡയറക്ടർ, പ്രസിഡന്റ് എന്നിവരുടെ ഒരു അടിയന്തര മീറ്റിംഗ് തളിപ്പറമ്പ് സെന്റ് മേരീസ് പള്ളിയിൽവച്ച് 02.01.2018 ചൊവ്വാഴ്ച രാവിലെ 10.30ന് കൂടുകയാണ്. എല്ലാവരും പങ്കെടുക്കുവാൻ ശ്രദ്ധിക്കുമല്ലോ. ഉച്ചഭക്ഷണത്തോടെ സമാപിക്കുന്നതായിരിക്കും.

## പരീക്ഷ ഒരുക്ക ധ്യാനം

10,11,12 ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്കായി പരിയാരം മദർഹോമിൽ വച്ച് ഫെബ്രുവരി 2,3,4 തീയതികളിൽ അതിരൂപത ഡയറക്ടർ ഫാ. ഫ്രാൻസീസ് മേച്ചിറാകത്തിന്റെ നേതൃത്വത്തിൽ പരീക്ഷ ഒരുക്കധ്യാനം നടക്കുന്നു. ആരംഭദിവസം രാവിലെ 10മണി മുതൽ സമാപനദിവസം ഒരുമണി വരെയായിരിക്കും ധ്യാനം. കൗൺസിലിംഗ്, കുമ്പസാരം, സൗഖ്യശുശ്രൂഷ എന്നിവയും ഉണ്ടായിരിക്കും. പങ്കെടുക്കാൻ ആഗ്രഹിക്കുന്ന കുട്ടികൾ താഴെ പറയുന്ന നമ്പറിൽ വിളിച്ച് ബുക്ക് ചെയ്യുമല്ലോ.

മദർഹോം. 8606603101, 04972800544

## മതേതരത്വ സംരക്ഷണ പദയാത്ര – ജനുവരി 26

ഭാരതത്തിൽ വർദ്ധിച്ചുവരുന്ന മതപീഢനങ്ങളെ അപലപിച്ചുകൊണ്ട് ജനുവരി 26ന് എല്ലാ ശാഖകളിലെയും വിവിധസംഘടനകൾ സഹകരിച്ച് മതേതരത്വ സംരക്ഷണ പദയാത്ര നടത്തുവാൻ ശ്രദ്ധിക്കുമല്ലോ.

സ്നേഹപൂർവ്വം

**ഫാ. ഫ്രാൻസിസ് മേച്ചിറാകത്ത്**
അതിരൂപതാ ഡയറക്ടർ

# തിരുബാലസഖ്യം

സ്നേഹ ബഹു. അച്ചന്മാരേ, ആനിമേറ്റേഴ്സ്, കുഞ്ഞുങ്ങളെ,

ഒത്തിരി അനുഗ്രഹങ്ങൾ നമുക്കു സമ്മാനിച്ച 2017 യവനികയ്ക്കുള്ളിലേയ്ക്ക് പിൻവാങ്ങി. ഉണ്ണീശോയുടെ സുകൃതങ്ങൾ ജീവിതത്തിൽ സ്വന്തമാക്കി ഉണ്ണീശോയുടെ കൂട്ടുകാർ 2018ലേയ്ക്ക് പ്രവേശിച്ചിരിക്കുന്ന ഈ അവസരത്തിൽ കൂടുതൽ വിശുദ്ധിയോടെ വളർന്നുവരാൻ കുഞ്ഞുങ്ങളായ നിങ്ങളെ ഓരോരുത്തരെയും ഉണ്ണീശോ അനുഗ്രഹിക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു. എല്ലാ കൊച്ചുകൂട്ടുകാർക്കും ദൈവാനുഗ്രഹം നിറഞ്ഞ പുതുവത്സരാശംസകൾ.

**'നിങ്ങൾക്കറിയാമോ?' ജനുവരി മാസത്തിലെ വിജയികൾ**

I എബ്രിഡ് തേനംപ്ലാക്കൽ - നെല്ലിക്കുറ്റി
II അന്ന കൊച്ചൂഴത്തിൽ - മേരിഗിരി
III അന്ന കാരിവേലിൽ - കണിച്ചാർ

**'നിറംകൊടുക്കാമോ?' ജനുവരി മാസത്തിലെ വിജയികൾ**

I ആൻമരിയ തൊട്ടിയിൽ - രയരോം
II ഷാരോൺ കല്ലിടുക്കിൽ - ഇടക്കോം
III മാത്യു വടക്കേപ്പറമ്പിൽ - നെല്ലിക്കുറ്റി

പുത്തൻപ്രതീക്ഷയോടെ സ്നേഹത്തിന്റെ വക്താക്കളായി ജീവിക്കുവാൻ ഈ മാസം നമുക്ക് പരിശ്രമിക്കാം... ഈശോയെപ്പോലെ ദൈവഭയമുള്ളവരാകാം... എന്താണ് ദൈവഭയം? ദൈവം നമുക്കു നൽകിയ സ്വാതന്ത്ര്യം നാം തിന്മയായ കാര്യങ്ങൾ ചെയ്യുവാൻ ഉപയോഗിക്കുമ്പോൾ നമ്മൾ ദൈവഭയമില്ലാത്തവരാകും. ഈശോ എല്ലാ കാര്യങ്ങളും പിതാവിനോട് ചോദിച്ചാണ് ചെയ്തിരുന്നത്. പിതാവിന്റെ ഇഷ്ടം നിറവേറ്റിയ ഈശോയെപ്പോലെ നമുക്കും ദൈവഭയത്തിൽ വളരാം ദൈവം നൽകിയ അനുഗ്രഹങ്ങൾക്ക് നന്ദി പറയാം.

കടലിനെ ശാന്തമാക്കുന്ന ഈശോയുടെ ചിത്രത്തിന് നിറംകൊടുത്ത് മനോഹരമാക്കിയും ചിത്രത്തിലെ ഉപമ കണ്ടെത്തി രസകരമായ അടിക്കുറിപ്പു തയ്യാറാക്കിയും ജനുവരി 20നു മുമ്പ് അച്ചന് അയച്ചുതരണേ.

## അതിരൂപതാ കലോത്സവം

തിരുബാലസഖ്യം അതിരൂപതാ കലോത്സവം ജനുവരി 13-ാം തീയതി രാവിലെ 9 മണിക്ക് രജിസ്ട്രേഷനോടുകൂടി ചെമ്പേരി നിർമ്മല ഹയർസെക്കന്ററി സ്കൂളിൽവച്ച് നടക്കുന്നതാണ്. മേഖലാതലത്തിൽ വ്യക്തിഗത ഇന

# യുവജനശുശ്രൂഷ

പ്രിയ വികാരിയച്ചൻമാരെ, ആനിമേറ്റേഴ്സ്, യുവജനസുഹൃത്തുക്കളെ,

മിഴിവുള്ള സത്യങ്ങളും ജ്വലിക്കുന്ന വിശ്വാസവും സത്യമാർന്ന സാക്ഷ്യങ്ങളുമായി യുവത്വത്തെ ആഘോഷിക്കാൻ ഒരവസരം കൂടി. എല്ലാവർക്കും പുതുവർഷാശംസകൾ...

## ഓഖി ദുരിത ബാധിത മേഖല സന്ദർശനം

ഡിസംബർ 9-ാം തിയതി കെസിവൈഎം സംസ്ഥാനതലത്തിലെ ഓഖി ദുരിത മേഖലസന്ദർശനത്തിൽ തലശ്ശേരി അതിരൂപതയിൽ നിന്നും അതിരൂപത ഡയറക്ടർ ഫാ. സോണി വടശ്ശേരിയുടെ നേതൃത്വത്തിൽ അതിരൂപതാ സമിതി തിരുവനന്തപുരം, വിഴിഞ്ഞം, പൂന്തറ എന്നീ സ്ഥലങ്ങളിൽ പോയി മരിച്ചവരുടെയും, കാണാതായവരുടെയും കുടുംബങ്ങൾ സന്ദർശിച്ചു. കരളലിയിപ്പിക്കുന്ന കാഴ്ചകളാണ് അവിടെ കാണാൻ കഴിഞ്ഞത്. അടഞ്ഞുപോയ വാതിലിലേക്ക് നോക്കി നിലവിളിച്ച് തീരാനഷ്ടങ്ങളിൽ കഴി

➔ ------------------------

ത്തിൽ ഒന്നും, രണ്ടുംസ്ഥാനം ലഭിച്ചവരെയും ഗ്രൂപ്പ് ഇനത്തിൽ ഒന്നാം സ്ഥാനം ലഭിച്ചവരെയും അതിരൂപതാമത്സരത്തിൽ പങ്കെടുപ്പിക്കാൻ ആനിമേറ്റേഴ്സ് ശ്രദ്ധിക്കുമല്ലോ.

## ആനിമേറ്റേഴ്സ് മീറ്റിംഗ്

തിരുബാലസഖ്യം ആനിമേറ്റേഴ്സ് മീറ്റിംഗ് ജനുവരി 26-ാം തീയതി രാവിലെ 9 മണിക്ക് വി. കുർബാനയോടുകൂടി തളിപ്പറമ്പ് സെന്റ് മേരീസ് ഫൊറോന പള്ളിയിൽവച്ച് നടക്കുന്നു. ബഹു. ആനിമേറ്റേഴ്സ് എല്ലാവരും മീറ്റിംഗിൽ പങ്കെടുക്കുമല്ലോ.

## ഉണ്ണീശോയ്ക്ക് ഒരുകട്ടിൽ

അദീലാബാദ് മിഷനിലെ അനാഥാലയത്തിലെ കുട്ടികൾക്കാവശ്യമായ കട്ടിൽ വാങ്ങുക എന്ന നിയോഗത്തോടെ 25 നോമ്പിൽ കുട്ടികൾ സമാഹരിച്ച തുക ഓഫീസിൽ എത്തിക്കുവാൻ ശ്രദ്ധിക്കുമല്ലോ.

സ്നേഹപൂർവ്വം

**ഫാ. ഫ്രാൻസീസ് മേച്ചിറാകത്ത്**
അതിരൂപതാ ഡയറക്ടർ

യുന്ന നമ്മുടെ സഹോദരങ്ങൾക്ക് പുതിയൊരു വാതിൽ തുറന്നുകൊടുക്കാമെന്ന പ്രതീക്ഷയോടെയാണ് തിരികെ വന്നത്. അവരെ സഹായിക്കാനായി സാമ്പത്തിക സഹായം നല്കിയ തലശ്ശേരി അതിരൂപതയുടെ വിവിധ സംഘടനകൾക്ക് പ്രത്യേകം നന്ദി അറിയിക്കുന്നു. കെസിവൈഎം സംസ്ഥാന ദുരിതാശ്വാസഫണ്ടിലേക്ക് തലശ്ശേരി അതിരൂപത സംഭാവന നൽകി.

## 57 കുട്ടികൾക്ക് പ്രഫഷണൽ വിദ്യാഭ്യാസം

ഓഖി ദുരിത മേഖലയിലെ 57 കുട്ടികളുടെ പ്രഫഷണൽ വിദ്യാഭ്യാസം തലശ്ശേരി അതിരൂപത ഏറ്റെടുത്തു. രൂപതയുടെ വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ എൻജിനിയറിംഗ്, നേഴ്സിങ്ങ്, എംബിഎ, ഐടിഎ, ഐടിസി തുടങ്ങിയ കോഴ്സുകൾക്ക് 57 കുട്ടികൾക്കാണ് സൗജന്യവിദ്യാഭ്യാസം നൽകുന്നത്. വിമൽ ജ്യോതി എൻജിനിയറിംഗ് കോളജ്, വിമൽജ്യോതി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ആൻഡ് റിസേർച്ച് ചെമ്പേരി, കനോസ കോളേജ് ഓഫ് നേഴ്സിംഗ് ചെറുകുന്ന്, ക്രിസ്തുരാജ സ്കൂൾ ഓഫ് നേഴ്സിംഗ് തൊക്കിലങ്ങാടി, ഭഗവത്പാത ഐടിസി പൈസക്കരി, ഡോൺ ബോസ്ക്കോ ആർട്ട്സ് ആൻഡ് സയൻസ് കോളജ് അങ്ങാടിക്കടവ്, കോട്ടൂർ ഐടിഐ ശ്രീകണ്ഠാപുരം, ബിഷപ്പ് കുര്യാളശ്ശേരി ജൂബിലി മെമ്മോറിയൽ സ്കൂൾ ഓഫ് നേഴ്സിംഗ് തലശ്ശേരി എന്നീ സ്ഥാപനങ്ങളാണ് അതിരൂപതയുമായി സഹകരിക്കുന്നത്.

യോഗ്യതയുള്ളവരെ തിരുവനന്തപുരം അതിരൂപതയുടെ നേതൃത്വത്തിൽ കണ്ടെത്തി നിശ്ചയിക്കും. 2018 അദ്ധ്യയനവർഷം മുതലാണ് അഡ്മിഷൻ ഏർപ്പെടുത്തിയിരിക്കുന്നത്. സഹകരിക്കുന്ന എല്ലാ നല്ല മനസുകളെയും ദൈവം അനുഗ്രഹിക്കട്ടെ.

## സംസ്ഥാന കലോത്സവം റദ്ദാക്കി

ഓഖി ചുഴലിക്കൊടുങ്കാറ്റിൽ ഉറ്റവരെയും ഭവനങ്ങളെയും നഷ്ടപ്പെട്ട് കണ്ണീരിൽ കഴിയുന്ന വിഴിഞ്ഞം പൂന്തറ തുടങ്ങിയ പ്രദേശങ്ങളിലെ നമ്മുടെ പ്രിയപ്പെട്ടവരുടെ വേദനയിൽ പങ്കുചേർന്നുകൊണ്ട് ഈ വർഷത്തെ സംസ്ഥാന യുവജന കലോത്സവം റദ്ദാക്കി. പ്രസ്തുത തുക ദുരിതാശ്വാസത്തിനായി നൽകാൻ സംസ്ഥാന സമിതി ഐകകണ്ഠ്യേന തീരുമാനിച്ചു. മുന്നൊരുക്കങ്ങൾ നടത്തിയ എല്ലാവരും സദയം ക്ഷമിക്കുക.

## ഷട്ടിൽ ടൂർണ്ണമെന്റ് മാറ്റിവച്ചു

ജനുവരി 20 ന് നടത്താൻ തീരുമാനിച്ചിരുന്ന ഷട്ടിൽ ടൂർണ്ണമെന്റ് അന്നേ ദിവസം കെസിവൈഎം സംസ്ഥാന സെനറ്റ് ആയതിനാൽ മാറ്റിവച്ചു. തീയതി പിന്നീട് അറിയിക്കുന്നതായിരിക്കും.

## അർദ്ധവാർഷിക സെനറ്റ് ഡിസംബർ -16

കെസിവൈഎം, എസ്എംവൈഎം തലശ്ശരി അതിരൂപതയുടെ 26-ാമത് അർദ്ധവാർഷിക സെനറ്റ് സമ്മേളനം 2017 ഡിസംബർ 16 ശനിയാഴ്ച വെള്ളരിക്കുണ്ട് ഫൊറോനയുടെ ആതിഥേയത്വത്തിൽ മാലോം സെന്റ് ജോർജ് ദൈവാലയ ഓഡിറ്റോറിയത്തിൽവച്ച് നടത്തപ്പെട്ടു. അതിരൂപത പ്രസിഡന്റ് ശ്രീ. എബിൻ കുമ്പക്കലിന്റെ അദ്ധ്യക്ഷതയിൽ ആരംഭിച്ച സമ്മേളനം അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവ് ഉദ്ഘാടനം ചെയ്തു. 15 ഫൊറോനകളിൽനിന്നുമായി എത്തിച്ചേർന്ന 84 സെനറ്റ് അംഗങ്ങൾ തങ്ങളുടെ ഫൊറോന റിപ്പോർട്ടുകൾ അവതരിപ്പിച്ചു. തുടർന്ന് അഭിവന്ദ്യ പിതാവ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സെനറ്റ് അംഗങ്ങളോട് സംസാരിച്ചു. ജാഗരണ പ്രാർത്ഥനയും, വി. കുമ്പസാരവും മുടങ്ങാതെ എല്ലാ മാസവും നടത്തുന്ന ഫൊറോനകളെ പിതാവ് അഭിനന്ദിച്ചു. ഇത് എല്ലാ ഫൊറോനകളും കർമ്മപദ്ധതിയിൽ ഉൾപ്പെടുത്തണമെന്നും, നല്ല പ്രവർത്തനങ്ങൾ ഉണ്ടാകാൻ സംഘടനയുടെ നിയമങ്ങൾ അനുസരിച്ച് മുമ്പോട്ടുപോകണമെന്നും, മേഖല ഭാരവാഹികൾ യൂണിറ്റുകൾ ശക്തമാക്കാൻ ശ്രദ്ധിക്കണമെന്നും പിതാവ് ഓർമ്മപ്പെടുത്തി. സഭയെ ആത്മാർത്ഥമായി സ്നേഹിക്കുന്നത് യുവജനങ്ങളാണെന്ന് പിതാവ് എടുത്തുപറഞ്ഞു. തുടർന്ന് രൂപതയുടെ റിപ്പോർട്ട് ജനറൽ സെക്രട്ടറി ഇൻചാർജ് ശ്രീ. അജിൻ അറയ്ക്കപ്പറമ്പിൽ അവതരിപ്പിച്ച് പാസാക്കിശേഷം യുവജന വർഷത്തിൽ ചെയ്യേണ്ട കാര്യങ്ങൾ ചർച്ച ചെയ്തു. സെനറ്റിൽ വച്ച് ശ്രീ. അജിൻ അറയ്ക്കപ്പറമ്പലിനെ ജനറൽ സെക്രട്ടറിയായും ശ്രീ.അരുൾ (ആലക്കോട്)നെ ഡെപ്യൂട്ടി പ്രസിഡന്റായും തെരഞ്ഞെടുത്തു.

അതിരൂപത അർദ്ധവാർഷിക സെനറ്റ് സമ്മേളനത്തിന് ആതിഥേയത്വം വഹിച്ച് എല്ലാ ഒരുക്കങ്ങളും ചെയ്ത വെള്ളരിക്കുണ്ട് ഫൊറോനയ്ക്കും, കെ സി വൈ എം, എസ് എം വൈ എം യുവജന പ്രസ്ഥാനത്തിനും ആവേശവും പിന്തുണയുമായി ഒപ്പം നിന്ന് എല്ലാ ക്രമീകരണങ്ങളും നടത്തിത്തന്ന ഫൊറോന ഡയറക്ടർ ബഹു. റിമൽ ചെമ്പനാനിക്കൽ അച്ചനും, യുവജനങ്ങളെ ഒരു കുടക്കീഴിൽ നിർത്താൻ ശക്തമായ നേതൃത്വം നല്കുന്ന ഫൊറോന പ്രസിഡന്റ് അരുൺ കാലാപ്പറമ്പിനും എല്ലാവിധ സൗകര്യങ്ങളും ഒരുക്കിത്തന്ന് നമ്മെ സ്വീകരിച്ച മാലോം സെന്റ് ജോർജ് ഇടവക വികാരി ബഹു. ആന്റണി മഞ്ഞളാംകുന്നേൽ അച്ചനും, അസി. വികാരി ഫാ. സുനീഷ് പുതുക്കുളങ്ങര, മാലോം ഇടവക കെ സി വൈ എം പ്രസിഡന്റ് സെബിൻ വടക്കുംപറമ്പിലിനും യുവജന സുഹൃത്തുക്കൾക്കും, ആനിമേറ്റേഴ്സിനും ഇടവക ജനങ്ങൾക്കും തലശ്ശേരി യുവജന പ്രസ്ഥാനത്തിന്റെ സ്നേഹവും നന്ദിയും അറിയിക്കുന്നു.

യുവജനങ്ങളെ സ്നേഹിച്ച്, യുവജനങ്ങളോടൊപ്പമായിരിക്കുന്ന അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവിന് അതിരൂപതയുടെ സ്നേഹാശം

സകൾ. വിവിധ ഫൊറോനകളിൽനിന്നും എത്തിച്ചേർന്ന എല്ലാ ഡയറക്ടേഴ്സിനും, മുൻ അതിരൂപത ഡയറക്ടർ ഫാ. ജോർജ് കരിങ്ങാലിക്കാട്ടിൽ അച്ചനും, എല്ലാ ആനിമേറ്റേഴ്സിനും പ്രിയ ഫൊറോന സമിതി അംഗങ്ങൾക്കും പ്രത്യേകം നന്ദി അറിയിക്കുന്നു.

## എസ്എംവൈഎം ഗ്ലോബൽ മീറ്റിങ്ങ്

സീറോ മലബാർ യൂത്ത് മൂവ്മെന്റിന്റെ ദേശീയ തലത്തിലുള്ള യോഗം കാക്കനാട് മൗണ്ട് സെന്റ് തോമസിൽ വച്ച് നടത്തപ്പെട്ടു. അതിരൂപത പ്രസിഡന്റ് ശ്രീ. എബിൻ കുര്യാക്കോസ്, ജനറൽ സെക്രട്ടറി ശ്രീ. അജിൻ, കൗൺസിലർ ശ്രീ. ജുബിൻ എന്നിവർ പങ്കെടുത്തു.

## YOU FAITH യുവജന ക്യാമ്പ്

യുവജന ക്യാമ്പ് കരിവേടകം-ഇടവകയിലെ യുവജനങ്ങൾക്കുവേണ്ടി ചുള്ളിക്കര ഡോൺബോസ്ക്കോയിൽവച്ച് നടത്തപ്പെട്ടു. കരിവേടകം ഇടവക വികാരി ഫാ. മാത്യു വളവനാൽ ഉദ്ഘാടനം ചെയ്തു. ഡോൺ ബോസ്ക്കോ ഹൗസ് സുപ്പീരിയർ ഫാ. സെബാസ്റ്റ്യൻ ആശംസകളർപ്പിച്ചു. അതിരൂപത ഡയറക്ടർ ഫാ. സോണി വടശ്ശേരി ക്യാമ്പ് നയിച്ചു, അതിരൂപത ജനറൽ സെക്രട്ടറി ശ്രീ. അജിൻ അറയ്ക്കപ്പറമ്പിൽ സഹായിച്ചു. വിജയകരമായ ക്യാമ്പിന്റെ സമാപനത്തിൽ അതിരൂപത സർട്ടിഫിക്കറ്റും, സമ്മാനങ്ങളും വിതരണം ചെയ്തു.

## അഫിലിയേഷൻ ജനുവരി – 15

അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവിന്റെ പ്രത്യേക നിർദേശപ്രകാരം ഇനിയും യൂണിറ്റില്ലാത്ത ഇടവകകളിൽ യൂണിറ്റ് തുടങ്ങാനും, അഫിലിയേഷൻ പൂർത്തിയാക്കാനും 2018 ജനുവരി 15-വരെ സമയം അനുവദിച്ചിട്ടുണ്ട്. എന്നിട്ടും സാധിക്കുന്നില്ല എങ്കിൽ ആ ഇടവകകളിൽ യൂണിറ്റ് സ്ഥാപിക്കാൻ പിതാവ് സഹായിക്കുന്നതായിരിക്കും.

## അഭിനന്ദനങ്ങൾ

കെസിവൈഎം, എസ്എംവൈഎം തലശ്ശേരി ജനറൽ സെക്രട്ടറിയായി തെരഞ്ഞെടുത്ത ശ്രീ. അജിൻ അറയ്ക്കപ്പറമ്പിനും, ഡപ്യൂട്ടി പ്രസിഡന്റായി തെരഞ്ഞെടുത്ത ശ്രീ. അരുൾ പറയക്കുന്നേൽ (ആലക്കോട്) നും അതിരൂപത കുടുംബത്തിലേക്ക് സ്വാഗതവും, പ്രവർത്തന മേഖലയിൽ വിജയവും നേരുന്നു.

## അതിരൂപത സ്പോട്സ് ദിനം

ഫെബ്രുവരി 13 ന് തോമാപുരം മേഖലയുടെ ആതിഥേത്വത്തിൽ അതിരൂപത സ്പോട്സ് നടത്തപ്പെടുന്നു. കൂടുതൽ വിവരങ്ങൾ പിന്നീട് അറിയിക്കുന്നതായിരിക്കും.

## സംസ്ഥാന വാർഷിക സെനറ്റ്

2017 വർഷത്തെ സംസ്ഥാന വാർഷിക സെനറ്റ് ജനുവരി 19,20,21 തീയതികളിൽ മാവേലിക്കരയിൽവച്ച് നടത്തപ്പെടുന്നു.

## ഫൊറോനതല യുവജന അസംബ്ലി

യുവജനവർഷത്തിനൊരുക്കമായി യുവജന അസംബ്ലി എല്ലാ ഫൊറോനകളിലും വിളിച്ച് ചേർക്കാൻ ഫൊറോന ഡയറക്ടർ അച്ചന്മാർ ശ്രദ്ധിക്കുമല്ലോ.

ജനുവരി 1 മുതൽ ഫെബ്രുവരി 15 വരെയുള്ള ദിവസങ്ങളിൽ ഏതെങ്കിലും ഒരു വൈകുന്നേരം 6 മുതൽ 8.30വരെയാണ് അഭികാമ്യം. അതിരൂപതാ അംഗങ്ങളും അഭിവന്ദ്യ പിതാക്കന്മാരും ഇതിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നു.

**ഫൊറോന യുവജന അസംബ്ലിയിൽ പങ്കെടുക്കേണ്ടവർ**

1. ഫൊറോന വികാരിയച്ചൻ
2. ഫൊറോന ഡയറക്ടറച്ചൻ
3. ഫൊറോന ആനിമേറ്റർ സിസ്റ്റർ
4. ഫൊറോന അൽമായ ആനിമേറ്റേഴ്സ്
5. ഫൊറോന ഭാരവാഹികൾ
6. എല്ലാ ഇടവകയിലെയും ആനിമേറ്റേഴ്സ്
7. എല്ലാ ഇടവകയിലെയും മുഴുവൻ ഭാരവാഹികളും

## മതേതരത്വ സംരക്ഷണ പദയാത്ര - ജനുവരി 26

ഭാരതത്തിൽ വർദ്ധിച്ചു വരുന്ന മതപീഢനങ്ങളെ അപലപിച്ചുകൊണ്ട് ജനുവരി 26ന് എല്ലാ ഇടവക സംഘടനകളോടും സഹകരിച്ച് മതേതരത്വ സംരക്ഷണ പദയാത്ര ഇടവകകളിൽ നടത്താൻ എല്ലാ യുവജന സുഹൃത്തുക്കളും സഹകരിക്കുക.

## ഡയറക്ടേഴ്സ് & ആനിമേറ്റേഴ്സ് മീറ്റ്

യുവജനവർഷത്തിലെ കാര്യപരിപാടികൾ ആലോചിക്കാനും തീരുമാനിക്കാനുമായി ജനുവരി 26 വെള്ളിയാഴ്ച രാവിലെ 9.30-12.30 മണി വരെ തളിപ്പറമ്പ് സെന്റ് മേരീസ് ഫൊറോന ദൈവാലയത്തിൽവച്ച് എല്ലാ ഫൊറോന ഡയറക്ടേഴ്സിന്റെയും ഫൊറോന ആനിമേറ്റേഴ്സിന്റെയും ഒരു മീറ്റിംഗ് നടത്തപ്പെടുന്നു. എല്ലാ ഡയറക്ടേഴ്സും ആനിമേറ്റേഴ്സും കൃത്യസമയത്തുതന്നെ എത്തിച്ചേരാൻ ശ്രദ്ധിക്കുമല്ലോ.

## ക്രിസ്തുമസ് സ്നേഹസംഗമം 2017

നെല്ലിക്കാംപൊയിൽ എടൂർ, കുന്നോത്ത്, ഫൊറോനകളും, കെസിവൈെ എം, ജീസസ് യൂത്ത് തുടങ്ങിയ സംഘടനകളും ചേർന്ന് സംഘടിപ്പിച്ച ക്രിസ്തുമസ് സന്ദേശയാത്ര 21-ാം തീയതി ഇരിട്ടിയിൽ ബിഷപ്പ് മാർ ജോസഫ് പാംപ്ലാനി ഉദ്ഘാടനം ചെയ്തു. ക്രിസ്മസ് സ്നേഹസംഗമത്തിൻ അതിരൂപതാ ഡയറക്ടർ ബഹു. സോണി വടശ്ശേരിയുടെ നേതൃത്വത്തിൽ അതിരൂപതാ സമിതി പങ്കെടുത്തു.

## ഗ്ലോറിയ 2017

കെസിവൈഎം, എസ്എംവൈഎം തലശ്ശേരി അതിരൂപതയുടെ നേതൃത്വത്തിൽ സംഘടിപ്പിച്ച കരോൾഗാനമത്സരം ഗ്ലോറിയ 2017 പുറവയൽ സെന്റ് ജോർജ് ദൈവാലയ പാരീഷ്ഹാളിൽ അതിമനോഹരമായി നടത്തപ്പെട്ടു. മത്സരത്തിൽ ആൻസി പുളിയമ്മാക്കൽ & ടീം നെല്ലിക്കാംപൊയിൽ ഒന്നാം സ്ഥാനവും, ടെൽഫിൻ ചെറുശ്ശേരിൽ & ടീം ഉളിക്കൽ 2-ാം സ്ഥാനം ജെസ്ന കുര്യാക്കോസ് & ടീം പുറവയൽ മൂന്നാം സ്ഥാനവും കരസ്ഥമാക്കി. ആലക്കോട്, പൈസക്കരി, കാഞ്ഞിരക്കൊല്ലി എന്നീ ഇടവകകളിൽ വന്ന 3 ടീമുകൾക്ക് പ്രോത്സാഹനസമ്മാനവും ലഭിച്ചു. പങ്കെടുത്ത എല്ലാ ഫൊറോനകൾക്കും, സമ്മാനാർഹരായ ടീമുകൾക്കും തലശ്ശേരി അതിരൂപതയുടെ അഭിനന്ദനങ്ങൾ.

ഗ്ലോറിയ 2017 ഏറ്റെടുത്ത് വിവിധ കലാപരിപാടികൾ ചേർത്ത് ഏറ്റവും ഭംഗിയായി പൂർത്തീകരിച്ച പുറവയൽ സെന്റ് ജോർജ് ദൈവാലയ വികാരി ബഹു. സോജൻ കരോട്ട് അച്ചനും, അച്ചനോടൊപ്പം പ്രവർത്തിച്ച പുറവയൽ കെസിവൈഎം, പ്രസിഡന്റ് ശ്രീ. ലിന്റോയ്ക്കും യുവജന സുഹൃത്തുക്കൾക്കും ഞങ്ങളെ സ്വന്തമായി സ്വീകരിച്ച് ഇടവകാംഗങ്ങൾക്കും പൂർണ്ണ പിന്തുണ നല്കി ഞങ്ങളോടൊപ്പമായിരുന്ന ഫൊറോന ഡയറക്ടർ ബഹു. ജോബി ചെരുവിലച്ചനും, ഗ്ലോറിയ 2017 നായി ടീമുകളെ പറഞ്ഞയച്ച ബഹു. എല്ലാ ഡയറക്ടേഴ്സിനും, ആനിമേറ്റേഴ്സിനും, യുവജനസുഹൃത്തുക്കൾക്കും തലശ്ശേരി അതിരൂപതയുടെ സ്നേഹവും നന്ദിയും അറിയിക്കുന്നു.

"Our hope is not the new year… but in the One who makes all things new". *(Anonymous)*

സ്നേഹപൂർവ്വം,

**ഫാ. സോണി സ്ക്കറിയ വടശ്ശേരിൽ**
യുവജനപ്രേഷിതത്വം, ഡയറക്ടർ

# കുടുംബ പ്രേഷിതത്വം

പ്രിയമുള്ള വൈദികരെ, സിസ്റ്റേഴ്സ്, മാതാപിതാക്കളെ,

പുതിയ സ്വപ്നങ്ങളും പ്രതീക്ഷകളുമായി ഒരു പുതുവർഷത്തിലേക്ക് നാം പ്രവേശിക്കുകയാണല്ലോ. കടന്നുപോയ വർഷം ദൈവത്തിൽ നിന്നും സ്വീകരിച്ച നന്മകളെ നന്ദിയോടെ ഏറ്റുപറഞ്ഞ്, പിഴവുകൾ തിരുത്തി, ബന്ധങ്ങൾ കുറേക്കൂടി ഊഷ്മളമാക്കി കുടുംബങ്ങളെ ശക്തിപ്പെടുത്താനുള്ള സുവർണ്ണാവസരമായി ഈ പുതുവർഷത്തെ നമുക്ക് സ്വീകരിക്കാം. കുടുംബത്തെ സ്നേഹിച്ചുകൊണ്ട് അതിന്റെ സമഗ്രമായ വളർച്ചയ്ക്കായി നമുക്ക് പരിശ്രമിക്കാം. കുടുംബത്തെ സ്നേഹിക്കുകയെന്നതിന്റെ അർത്ഥം അതിന്റെ മൂല്യങ്ങളെയും കഴിവുകളെയും വിലമതിക്കുകയും അതിനെ പരിപോഷിപ്പിക്കുകയും ചെയ്യുക എന്നതാണ്. കുടുംബത്തെ സ്നേഹിക്കുക എന്നതിന്റെ അർത്ഥം അതിന്റെ നന്മയ്ക്ക് ഭീഷണിയാകുന്ന അപകടങ്ങളെയും തിന്മകളെയും തിരിച്ചറിഞ്ഞ് അവയെ കീഴ്പ്പെടുത്തുക എന്നതാണ്. കുടുംബത്തെ സ്നേഹിക്കുക എന്നതിന്റെ അർത്ഥം അതിന്റെ വികസനത്തിന് അനുകൂലമായ ഒരു അന്തരീക്ഷം സൃഷ്ടിച്ചു കൊടുക്കാൻ ശ്രമിക്കുകയെന്നാണ്. വചനം മാംസം ധരിച്ച് ഒരു മനുഷ്യശിശുവായി പിറന്നത് ഒരു കുടുംബത്തിലായിരുന്നു. അത് ഈ ഭൂമിയിലെ സകല കുടുംബങ്ങളെയും രക്ഷാകരമായ ദൈവിക പദ്ധതിയിലേക്ക് നയിക്കുവാനായിരുന്നു. ആട്ടിടയർക്ക് രക്ഷകന്റെ പിറവിയെക്കുറിച്ചുള്ള സദ്‌വാർത്തയേകിയ മാലാഖമാരെപ്പോലെ, കുടുംബാംഗങ്ങളോടൊപ്പമായിരുന്നുകൊണ്ട് അവർക്കായുള്ള സന്തോഷത്തിന്റെ സദ്‌വാർത്ത നിരന്തരം അറിയിക്കുവാൻ നമ്മുക്കും കർമ്മോത്സുകരാകാം. ഓരോ കുടുംബവും നസ്രത്തിലെ തിരുക്കുടുംബത്തിന്റെ മാതൃകയിൽ രൂപപ്പെടുത്താൻ പരിശ്രമിക്കാം.

## എം.പി.സി 2017

806, 807, 808 എന്നീ എം.പി.സി കോഴ്സുകൾ നവംബർ 21-23, ഡിസംബർ 5-7, 12-14 എന്നീ തീയതികളിൽ യഥാക്രമം തലശ്ശേരി സന്ദേശഭവൻ, പടന്നക്കാട് ഗുഡ് ഷെപ്പേർഡ് പാസ്റ്ററൽ സെന്റർ എന്നീ സെന്ററുകളിൽ വച്ച് നടക്കുകയുണ്ടായി. രണ്ട് കോഴ്സുകളിലായി 143 ആൺകുട്ടികളും 148 പെൺകുട്ടികളും ഉൾപ്പെടെ ആകെ 291 പേർ കോഴ്സിൽ സംബന്ധിച്ച് വിവാഹത്തിനായി ഒരുങ്ങി.

## എം.പി.സി പേരന്റ്സ് മീറ്റ്

തലശ്ശേരി സന്ദേശഭവൻ, പടന്നക്കാട് ഗുഡ് ഷെപ്പേർഡ് പാസ്റ്ററൽ സെന്റർ എന്നീ സെന്ററുകളിൽവച്ച് നവംബർ 23, ഡിസംബർ 7, 14 എന്നീ തീയതികളിൽ എം പി സി 806, 807, 808 എന്നീ കോഴ്സുകളിൽ സംബന്ധിച്ചവരുടെ മാതാപിതാക്കൾക്ക് ക്ലാസ്സ് നടത്തുകയുണ്ടായി. 490 മാതാപിതാക്കൾ പ്രസ്തുത ക്ലാസിൽ സംബന്ധിച്ചു. ഫാമിലി അപ്പൊസ്റ്റൊലേറ്റ് ഡയറക്ടർ ഫാ. ജോർജ് കോവാട്ട് ക്ലാസ്സ് നയിക്കുകയുണ്ടായി.

## പ്രീ മാരിറ്റൽ കൗൺസലിംഗ്

അതിരൂപതാ ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ നേതൃത്വത്തിൽ 806, 807, 808 എം.പി.സി കോഴ്സുകളിൽ സംബന്ധിച്ചവരിൽനിന്നും ആവശ്യപ്പെട്ടതനുസരിച്ച് 45 പേർക്ക് പ്രീ-മാരിറ്റൽ കൗൺസലിംഗ് നടത്തി വിവാഹത്തിനായി ഒരുക്കി

## MPC - 2018

| MONTH | SANDESABHAVAN | PADANNAKKAD | PERAVOOR |
|---|---|---|---|
| JANUARY | 9 - 11 | 16 - 18 | 23 - 25 |
| FEBRUARY | 6 - 8 | 20 - 22 | Nil |
| MARCH | 6 - 8 | 13 - 15 | 20 - 22 |
| APRIL | 24 - 26 | 10 - 12 | 17 - 19 |
| MAY | 22 - 24 | 8 - 10 | Nil |
| JUNE | 26 - 28 | 12 - 14 | Nil |
| JULY | 10 - 12 | Nil | 24 - 26 |
| AUGUST | 7 - 9, 21 - 23 | Nil | Nil |
| SEPTEMBER | 25 - 27 | 11 - 13 | Nil |
| OCTOBER | 9 - 11 | Nil | 23 - 25 |
| NOVEMBER | 6 - 8, 27 - 29 | 13 - 15 | Nil |
| DECEMBER | 4 - 6 | 11 - 13 | 18 - 20 |

### പ്രത്യേക ശ്രദ്ധയ്ക്ക്:-

**1.** കെ.സി.ബി.സി. ഫാമിലി കമ്മീഷൻ ആവശ്യപ്പെട്ട പ്രകാരം എം.പി.സിയുടെ സമാപനദിനം ഉച്ചയ്ക്ക് 2 മണി മുതൽ 4 മണി വരെ കോഴ്സിൽ പങ്കെടുക്കുന്നവരുടെ മാതാപിതാക്കൾക്കുവേണ്ടി ക്ലാസ് ഉണ്ടായിരിക്കും. കോഴ്സ് സർട്ടിഫിക്കറ്റ് മാതാപിതാക്കളുടെ കൈയ്യിലാണ് നൽകുക. മാതാപിതാക്കൾ നിർബന്ധമായും ഈ ക്ലാസിൽ പങ്കെടുക്കേണ്ടതാണ്. ഇക്കാര്യം വികാരിയച്ചന്മാർ പള്ളികളിൽ അറിയിക്കുമല്ലോ.

2. കോഴ്സ് കൂടാൻ ആഗ്രഹിക്കുന്നവർ www.familytly.com എന്ന വെബ്സൈറ്റിൽ രജിസ്റ്റർ ചെയ്യാൻ വികാരിയച്ചൻമാർ ഓർമ്മിപ്പിക്കുമല്ലോ. മുൻകൂട്ടി പണം അടക്കേണ്ട ആവശ്യമില്ല.

## എം.പി.സി ബുക്ക് ചെയ്യേണ്ട വിധം

www.familytly.com എന്ന വെബ്സൈറ്റ് തുറക്കുക. എം.പി.സി. രജിസ്ട്രേഷൻ എന്ന ലിങ്കിൽ ക്ലിക്ക് ചെയ്യുക.

കോഴ്സ് ബുക്ക് ചെയ്യേണ്ട ആളിന്റെ മുഴുവൻ ബയോഡാറ്റ ഫിൽ ചെയ്യുക.

പേജിന്റെ താഴെ കാണുന്ന സബ്മിറ്റ് ബട്ടണിൽ ക്ലിക്ക് ചെയ്യുക.

അപ്പോൾ കിട്ടുന്ന പേജിന്റെ പ്രിന്റൗട്ട് എടുത്ത് വികാരിയച്ചന്റെ സീലും ഒപ്പുംവെച്ച് കോഴ്സിന് വരുമ്പോൾ കൊണ്ടുവരിക.

കൂടാതെ ഒരു പാസ്പോർട്ട് സൈസ് ഫോട്ടോയും 900 രൂപ കോഴ്സ് ഫീസും കൊണ്ടുവരിക.

അഡ്വാൻസ് പേയ്മെന്റ് ആവശ്യമില്ല.

എം.പി.സി. രജിസ്ട്രേഷൻ 9amന് ആരംഭിക്കും. കൃത്യസമയത്ത് എത്തിച്ചേരാനായി ശ്രദ്ധിക്കുക. 10 മണിക്കുശേഷം വരുന്നവരെ കോഴ്സിൽ പങ്കെടുക്കാൻ അനുവദിക്കുന്നതല്ല.

ഏതെങ്കിലും കാരണവശാൽ കോഴ്സിന് വരാൻ സാധിക്കുന്നില്ല എങ്കിൽ നേരിട്ട് ഓഫീസിൽ വിളിച്ച് Cancel ചെയ്യേണ്ടതാണ്. മറ്റൊരാളുടെ അവസരം നഷ്ടമാക്കരുതേ.

**Family Apostolate**
**Contact Number : 0490 2343414, Mob : 9400206974**

## ജനുവരി മാസത്തിൽ പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

### 1) ജനുവരി 1 പുതുവർഷാരംഭം

പുതിയവർഷം ഈശോയോടുകൂടി ആരംഭിക്കുവാൻ അമ്മമാർ കുടുംബാംഗങ്ങളോടൊപ്പം വി.ബലിയിൽ സംബന്ധിച്ച് പുതിയ വർഷത്തേക്കാവശ്യമായ എല്ലാ അനുഗ്രഹങ്ങൾക്കായും പ്രാർത്ഥിക്കുക.

### 2) ജനുവരി 6 – ദനഹാതിരുനാൾ

കർത്താവിന്റെ മാമ്മോദീസയെ അനുസ്മരിക്കുന്ന ഈ ദിവസം കഴിയുന്നിടത്തോളം അമ്മമാർ വി. ബലിയിൽ പങ്കെടുത്ത് തങ്ങൾക്ക് മാമ്മോദീസ നൽകിയ വൈദികർക്കും, തങ്ങളുടെ ഭർത്താവിനും കുഞ്ഞുങ്ങൾക്കും മാമ്മോദീസ നൽകിയ വൈദികർക്കുംവേണ്ടി പ്രാർത്ഥിക്കുക.

**3) ജനുവരി 26-റിപ്പബ്ലിക് ദിനം: മതേതരത്വ സംരക്ഷണ പദയാത്ര**

നമ്മുടെ മാതൃരാജ്യം ഒരു പരമാധികാര ജനാധിപത്യ മതേതര സോഷ്യലിസ്റ്റ് റിപ്പബ്ലിക് ആയിത്തീർന്ന ദിവസം സാധിക്കുന്നവരെല്ലാം വി. ബലിയിൽ പങ്കെടുത്ത് ജന്മനാടിന്റെ ഐക്യത്തിനും സമാധാനത്തിനുംവേണ്ടി പ്രാർത്ഥിക്കുക. കഴിയുമെങ്കിൽ ഭാരതത്തിന്റെ മതേതരസ്വഭാവം സംരക്ഷിക്കുക, മതത്തിന്റെയും വിശ്വാസത്തിന്റെയും പേരിലുള്ള അതിക്രമങ്ങൾ തടയുക എന്നീ ലക്ഷ്യങ്ങൾ ഉയർത്തിക്കാട്ടി ഇടവകയിലെ മറ്റ് സംഘടനകളുമായി യോജിച്ച് അന്നേദിവസം ഉച്ചകഴിഞ്ഞ് ഒരു മതേതരത്വ സംരക്ഷണ പദയാത്ര നടത്തുവാൻ ശ്രദ്ധിക്കണെ.

## ശാഖാസന്ദർശനം, ക്ലാസ്

### കണ്ണൂർ

എഫ്.സി.സി സന്യാസിനീ സമൂഹത്തിലെ സിസ്റ്റേഴ്സിന് കുടുംബപ്രേഷിതരംഗത്ത് പ്രവർത്തിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് ഡിസം. 9-ാം തീയതി ഫാമിലി അപ്പൊസ്റ്റൊലേറ്റ് ഡയറക്ടർ ഫാ. ജോബി കോവാട്ട് ക്ലാസെടുത്തു.

### പൂപ്പറമ്പ

ഡിസംബർ 9-ാം തീയതി ശനിയാഴ്ച ഉച്ചയ്ക്ക് ശേഷം ഫാമിലി അപ്പൊസ്റ്റൊലേറ്റ് ഡയറക്ടർ ഫാ. ജോബി കോവാട്ട് പൂപ്പറമ്പ ഇടവക സന്ദർശിക്കുകയും മാതൃവേദി അംഗത്വ സ്വീകരണവും ബാഡ്ജ് വിതരണവും നിർവ്വഹിക്കുകയും അമ്മമാർക്കുവേണ്ടി മാതൃവേദിയെക്കുറിച്ചും കുടുംബബന്ധങ്ങളെക്കുറിച്ചും ക്ലാസെടുക്കുകയും ചെയ്തു.

### ചെമ്പേരി

ഡിസംബർ 11 തിങ്കളാഴ്ച ചെമ്പേരി മേഖലാ മാനേജിംഗ് കമ്മിറ്റിയിൽ ഫാമിലി അപ്പൊസ്റ്റൊലേറ്റ് ഡയറക്ടർ പങ്കെടുക്കുകയും ക്ലാസെടുക്കുകയും മാർഗ്ഗനിർദ്ദേശം നൽകുകയും ചെയ്തു.

### ഹോംമിഷൻ - മണിക്കടവ്, ചേപ്പറമ്പ്

ചേപ്പറമ്പ് സെന്റ് ജൂഡ് ഇടവകയിൽ ഡിസം 11 തിങ്കളാഴ്ച മുതൽ 14 വ്യാഴാഴ്ചവരെയും, മണിക്കടവ് ഇടവകയിൽ നവം 20 മുതൽ 26 വരെയുള്ള ദിവസങ്ങളിൽ തലശ്ശേരി അതിരൂപതാ ഹോംമിഷൻ ടീം അംഗങ്ങൾ ഭവനസന്ദർശനം നടത്തി. 160 ഭവനങ്ങളുള്ള ചേപ്പറമ്പ് ഇടവകയിൽ 5 കോൺഗ്രിഗേഷനുകളിൽ നിന്നായി 10 സിസ്റ്റേഴ്സ് 5 ടീമുകളിലായി ഇടവകയിലെ ഭവനങ്ങളിൽ ഹോംമിഷൻ നടത്തി.

800 ഭവനങ്ങളുള്ള മണിക്കടവ് ഇടവകയിൽ 10 കോൺഗ്രിഗേഷനുകളിൽ നിന്നായി 30 സിസ്റ്റേഴ്സ് 15 ടീമുകളായി ഇടവകകളിലെ എല്ലാ ഭവന

ങ്ങളും സന്ദർശിച്ച സിസ്റ്റേഴ്സ് കുടുംബാംഗങ്ങളുടെ വിഷമങ്ങളും കുടുംബ പ്രശ്നങ്ങളും കേട്ടറിഞ്ഞ് ആശ്വസിപ്പിക്കുകയും കൂടുതൽ സുദൃഢമായ കുടുംബബന്ധങ്ങളിലേക്ക് കടന്നുവരാൻ സഹായിക്കുകയും മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. പ്രാർത്ഥനാ കൂട്ടായ്മകളിലൂടെ ഐക്യവും സ്നേഹവും വളർത്താൻ സാധിച്ചു. ഫാമിലി അപ്പൊസ്റ്റൊലേറ്റ് ഡയറക്ടർ ഫാ. ജോബി കോവാട്ട് മണിക്കടവിൽ നവം.19-ാം തീയതിയും ചേപ്പറമ്പ് ഡിസം.10 നും വൈകിട്ട് ഹോംമിഷൻ ടീം അംഗങ്ങൾക്ക് വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചർച്ച നടത്തുകയും പ്രാർത്ഥിച്ച് ഒരുക്കുകയും ചെയ്തു. സഹായ സഹകരണങ്ങൾ നൽകിയ മണിക്കടവ് ഇടവകയിലെ ഫാ. ജോർജ്ജ് ഇലവുംകുന്നേൽ അച്ചനും ചേപ്പറമ്പ് വികാരി ഫാ.തോമസ് കൊട്ടുകാപ്പള്ളി അച്ചനും കൈക്കാരന്മാർക്കും, കോഡിനേറ്റർ, ഇടവകയിൽ പ്രവർത്തിക്കുന്ന സിസ്റ്റേഴ്സ്, വാർഡ് പ്രതിനിധികൾ എന്നിവർക്കും ഹോംമിഷൻ നടത്തിയ ബഹു. സിസ്റ്റേഴ്സിനും അതിരൂപതാ ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ നന്ദിയും അനുമോദനങ്ങളും നേരുന്നു.

## ജീവിത ദർശന കൗൺസലിംഗ്

അതിരൂപതാ ഹോംമിഷൻ ടീം മണിക്കടവ് ഇടവകയിൽ നടത്തിയ ഹോംമിഷനോടനുബന്ധിച്ച് നവംബർ 27-ാം തീയതി മുതിർന്ന ക്ലാസിലെ കുട്ടികൾക്ക് ജീവിതദർശന കൗൺസലിംഗ് നടത്തി. വെല്ലുവിളികൾ നിറഞ്ഞ ഇന്നത്തെ സാഹചര്യത്തിൽ എങ്ങനെ ഉത്തമ വ്യക്തിത്വം വളർത്തിയെടുക്കാം എന്നതിനെക്കുറിച്ച് മാർഗ്ഗനിർദ്ദേശം നൽകി.

## ഫാമിലി അപ്പൊസ്റ്റൊലേറ്റ് കലണ്ടർ - രൂപതാ വിഹിതം

ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ 2018 വർഷത്തെ കലണ്ടർ എല്ലാ വീടുകളിലും ഇതിനോടകം എത്തിച്ചു കാണുമെന്നു കരുതുന്നു. 1 കലണ്ടറിന് 13 രൂപ വീതം മേഖലാതലത്തിൽ ശേഖരിച്ച് ഇനിയും രൂപതയിൽ നൽകാത്ത 8 മേഖലകളും, അതിരൂപതാ വിഹിതം അടയ്ക്കാത്ത 49 ഇടവകകളും ഉണ്ട്. ജനുവരിയിൽ അടുത്ത പ്രവർത്തനവർഷം ആരംഭിക്കുന്നതിനു മുമ്പായി ഈ തുക ശേഖരിച്ച് അതിരൂപതാ ഓഫീസിൽ എൽപ്പിക്കണമെന്ന് പ്രത്യേകം ഓർമ്മപ്പെടുത്തുന്നു. അല്ലാത്തപക്ഷം ഈ മേഖലകളെ ബെസ്റ്റ് മേഖലാ-യൂണിറ്റുകളിലേക്ക് പരിഗണിക്കുന്നതല്ല.

## നവോമി കൂട്ടായ്മ - രൂപീകരണം

നമ്മുടെ അതിരൂപതയിലെ വിധവകളായ സഹോദരികളുടെ നന്മയും വളർച്ചയും ലക്ഷ്യംവച്ച് അതിരൂപതാതലത്തിലും റീജണൽ തലത്തിലും കൂട്ടായ്മകൾ നടത്തുകയുണ്ടായി. ഇടവകകളിൽ ഇത്തരത്തിലുള്ള സഹോ

ദരികളെ ഒരുമിച്ച് കൂട്ടുന്നതു സംബന്ധിച്ച് ബഹു. മേഖലാ ഡയറക്ടേഴ്സിന് അതിരൂപതാ ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ നിന്നും അയച്ച കത്ത് കിട്ടിക്കാണുമല്ലോ. പല ഇടവകകളും ഇത്തരം സംഗമങ്ങൾ ഇതിനോടകം നടത്തിയെന്നറിയുന്നതിൽ സന്തോഷമുണ്ട്. ഇനിയും നടത്താത്ത ഇടവകകളിൽ ഈ കൂട്ടായ്മകൾ സംഘടിപ്പിച്ച് പൊതുവായ നിർദ്ദേശങ്ങൾ സമയാസമയങ്ങളിൽ അറിയിച്ച് അവരെ കർമ്മോത്സുകരാക്കാൻ ഒരാളെ ലീഡറായി തിരഞ്ഞെടുത്ത് പേരുവിവരങ്ങൾ ഫോൺനമ്പർ സഹിതം അതിരൂപതാഓഫീസിൽ അറിയിക്കണമെന്ന് അപേക്ഷിക്കുന്നു.

## റിസോഴ്സ് ടീം മീറ്റിംഗ്

തലശ്ശേരി സന്ദേശഭവനിൽവച്ച് ഡിസം. 2-ാം തീയതി ശനിയാഴ്ച രാവിലെ 10 മണി മുതൽ ഉച്ചയ്ക്ക് 1 മണിവരെ ഫാമിലി അപ്പൊസ്റ്റൊലേറ്റ് റിസോഴ്സ് ടീമിന്റെ മീറ്റിംഗ് നടത്തപ്പെട്ടു. മാര്യേജ് പ്രിപ്പറേഷൻ കോഴ്സിനും മറ്റു ക്ലാസുകൾക്കും നേതൃത്വം നൽകിക്കൊണ്ടിരിക്കുന്ന ബഹു. അച്ചന്മാർക്കും സിസ്റ്റേഴ്സിനും അല്മായരുമടങ്ങുന്ന 15 പേർ പങ്കെടുത്ത മീറ്റിംഗിൽ കുടുംബങ്ങൾക്ക് നടത്താനിരിക്കുന്ന തുടർ പരിശീലന പരിപാടികളെക്കുറിച്ചും എം.പി.സി ക്ലാസ് പരിഷ്കരണത്തെക്കുറിച്ചും ചർച്ചചെയ്ത് തീരുമാനങ്ങളെടുത്തു. റിസോഴ്സ് ടീമിന്റെ വിപുലമായ മീറ്റിംഗ് 2018 ഫെബ്രുവരി 10-ാം തീയതി നടത്തപ്പെടുന്നു.

## അംഗത്വ സ്വീകരണം, നവീകരണം - പൂപ്പറമ്പ്

ഡിസം. 9-ാം തീയതി ശനിയാഴ്ച ഉച്ചയ്ക്കുശേഷം ഫാമിലി അപ്പൊസ്റ്റൊലേറ്റ് ഡയറക്ടർ ഫാ. ജോബി കോവാട്ട് പൂപ്പറമ്പശാഖ സന്ദർശിക്കുകയും മാതൃവേദി അംഗങ്ങളുടെ അംഗത്വസ്വീകരണവും ബാഡ്ജ് വിതരണവും നിർവ്വഹിച്ചു. ഇടവക വികാരി ഫാ. ഡോ. തോമസ് മേൽവെട്ടം സ്വാഗതം പറഞ്ഞു. മേഖല ആനിമേറ്റർ സി.ലിറ്റിൽ ഫ്ളവർ, മേഖല വൈസ് പ്രസിഡണ്ട് ലൈല കൊട്ടാരത്തിൽ, മാതൃവേദിയുടെ ഇടവക കോ-ഓർഡിനേറ്റർ സി. ഷൈനി കുര്യാക്കോസ്, വൈസ് പ്രസിഡണ്ട് വത്സ കരീക്കാട്ടിൽ എന്നിവർ ആശംസ പ്രസംഗം നടത്തി. 65 അമ്മമാർ പങ്കെടുത്ത ഈ യോഗത്തിന് ശ്രീമതി റെജി മുണ്ടയ്ക്കൽ നന്ദി പറഞ്ഞു.

## മാതൃവേദി വാർഷിക റിപ്പോർട്ട്

2017 ജനുവരി മുതൽ ഡിസംബർ 30 വരെയുള്ള വാർഷിക റിപ്പോർട്ട് ജനുവരി 15ന് മുമ്പ് അതിരൂപതാ ഫാമിലി അപ്പൊസ്റ്റൊലേറ്റ് ഓഫീസിൽ എത്തിക്കുമല്ലോ. ജനുവരി 15ന് ശേഷം ലഭിക്കുന്ന റിപ്പോർട്ടുകൾ ഏറ്റവും നല്ല മേഖല/യൂണിറ്റ് സമ്മാനങ്ങൾക്ക് പരിഗണിക്കുന്നതല്ല.

## മരിയൻ മെഗാ ക്വിസ് - 2017 വിജയികൾ

തളിപ്പറമ്പ് സെന്റ് മേരീസ് ഓഡിറ്റോറിയത്തിൽ വച്ച് 2017 ഡിസം. 8ന് അതിരൂപതാ ഫാമിലി അപ്പൊസ്റ്റലേറ്റിന്റെ നേതൃത്വത്തിൽ മരിയൻ മെഗാ ക്വിസ് നടത്തുകയുണ്ടായി. ഫാത്തിമ മാതാവിന്റെ ദർശനത്തിന്റെ 100-ാം വാർഷികത്തോടും തലശ്ശേരി അതിരൂപതാ മാതൃവേദിയുടെ രജതജൂബിലി യോടും അനുബന്ധിച്ച് പരി. അമ്മയെക്കുറിച്ച് കൂടുതൽ അറിയുവാനും പഠി ക്കുവാനും അമ്മമാർക്കായി ഒരുക്കിയ ഈ ക്വിസ് പരിപാടിയിൽ 70 ഇടവക കളിൽ നിന്നായി 137 അമ്മമാർ പങ്കെടുത്തു. താൽപര്യപൂർവ്വം മരിയൻ ക്വിസ് പരിപാടിയിൽ പങ്കെടുത്തവർക്കും വിജയികളായവർക്കും അതിരൂപതാ ഫാമിലി അപ്പൊസ്റ്റലേറ്റിന്റെ ഹൃദ്യമായ അനുമോദനങ്ങൾ അറിയിക്കു ന്നു. വിജയികളായവരുടെ പേരു വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| ഒന്നാം സമ്മാനം | : | 5000 രൂപ - റെജി മുണ്ടയ്ക്കൽ, സിന്ധു കുഴിവേലിപ്പു റത്ത് (പൂപ്പറമ്പ) |
| രണ്ടാം സമ്മാനം | : | 3000 രൂപ - ത്രേസ്യാമ്മ നരിമറ്റത്തിൽ, മോളി കാഞ്ഞി രത്താംകുന്നേൽ (മണിക്കടവ്) |
| മൂന്നാം സമ്മാനം | : | 1500 രൂപ - ഡെയ്സി പയ്യംപള്ളി, മഞ്ജു ഓലിക്കൽപ ള്ളത്ത് (വെള്ളാട്) |
| നാലാം സ്ഥാനം | : | 750 രൂപ - ജെസ്സി വട്ടക്കാട്ട്, ലിസി പെരുമ്പ്രായിൽ (വിജയഗിരി) |
| അഞ്ചാം സ്ഥാനം | : | 250 രൂപ - ഡെയ്സി പെരുംപള്ളിൽ, റെജീന ഈന്തന ക്കുന്നേൽ (ദീപഗിരി) |

## ഹോംമിഷൻ

ഇടവകകളിൽ ഹോംമിഷൻ നടത്താൻ ആഗ്രഹിക്കുന്ന വികാരിയച്ചന്മാർ ഫാമിലി അപ്പൊസ്റ്റലേറ്റ് ഓഫീസിൽ അറിയിക്കുകയാണെങ്കിൽ ടീമുകളെ തയ്യാറാക്കി വേണ്ട ക്രമീകരണങ്ങൾ ചെയ്തുതരുന്നതാണ്.

## മാതൃവേദി അതിരൂപതാ മാനേജിംഗ് കമ്മിറ്റി - ജനുവരി 20 ശനി

ഡിസംബർ 16-ാം തീയതി നടത്താനിരുന്ന തലശ്ശേരി അതിരൂപതാ മാതൃ വേദി മാനേജിംഗ് കമ്മിറ്റി ജനുവരി 20-ാം തീയതി ശനിയാഴ്ച രാവിലെ 10 മണിക്ക് തളിപ്പറമ്പ് സെന്റ് മേരീസ് പള്ളി ഓഡിറ്റോറിയത്തിൽവച്ച് നടത്ത പ്പെടുന്നതാണ്. എല്ലാ മേഖലാ ഭാരവാഹികളും, യൂണിറ്റിൽനിന്ന് ഒരു പ്രസി നിധിയും പ്രസ്തുത മീറ്റിംഗിൽ പങ്കെടുക്കേണ്ടതാണ്. പങ്കെടുക്കുന്നവരുടെ എണ്ണം ഓരോ മേഖലയും ജനുവരി 6-ാം തീയതിക്ക് മുമ്പായി അതിരൂപതാ ഓഫീസിൽ വിളിച്ചറിയിക്കേണ്ടതാണ്.

## ഫാമിലി കൗൺസിലിംഗ്

കുടുംബബന്ധങ്ങളുടെ ശാക്തീകരണം ഉദ്ദേശിച്ച് അതിരൂപതാ ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ ഫാമിലി കൗൺസിലിംഗിനുള്ള സൗകര്യം ഉണ്ടായിരിക്കുന്നതാണ്. ഇടവകകളിൽ ഏതെങ്കിലും തരത്തിൽ പ്രശ്നങ്ങൾ അഭിമുഖീകരിക്കുന്ന കുടുംബങ്ങൾ ഉണ്ടെങ്കിൽ ഈ സൗകര്യം ഉപയോഗപ്പെടുത്താവുന്നതാണെന്ന് സ്നേഹപൂർവ്വം ഓർമ്മിപ്പിക്കുന്നു.

## ഹരിതം 2018

മുൻ വർഷങ്ങളിൽ നാം നടത്തി വന്ന ഹരിതം എന്ന പച്ചക്കറിത്തോട്ട നിർമ്മാണം കുറേക്കൂടി വിപുലമായി ഈ വർഷം നടത്തുവാൻ ശ്രദ്ധിക്കുക. നാം ജീവിക്കുന്ന പ്രപഞ്ചത്തിന്റെയും നമ്മോടൊത്തു കഴിയുന്നവരുടെ ജീവന്റെയും സംരക്ഷകരാണ് നമ്മൾ എന്ന തിരിച്ചറിവിൽ നിന്നുകൊണ്ട് ഈ ജനുവരി മാസത്തിൽ അമ്മമാർ പരമാവധി പച്ചക്കറികൾ, പഴവർഗ്ഗങ്ങൾ, പൂച്ചെടികൾ, കിഴങ്ങുവർഗ്ഗങ്ങൾ, ഔഷധസസ്യങ്ങൾ, മറ്റുവൃക്ഷങ്ങൾ എന്നിവ നട്ടുവളർത്താൻ ശ്രദ്ധിക്കുക. ജൈവവളങ്ങൾ ഉപയോഗിച്ചുകൊണ്ടുള്ള ഈ കൃഷികളിലൂടെ ഭക്ഷ്യസ്വയംപര്യാപ്തതയിലേക്ക് എത്തുവാനും ജീവന്റെയും പ്രപഞ്ചത്തിന്റെയും കാവലാളുകളായി തീരുവാനും നമ്മുക്ക് കഴിയണം. മേഖലാ, ശാഖാ ഭാരവാഹികളുടെ നേതൃത്വത്തിൽ വിത്തുകളും വിവിധഇനം തൈകളും എത്തിച്ച് കൊടുത്ത് മാറ്റാൾ പണിയിലൂടെയും കൂട്ടായ പ്രവർത്തനങ്ങളിലൂടെയും ഇത് വിജയകരകമായി നടപ്പിലാക്കാനും എല്ലാ കുടുംബങ്ങളെയും ഇതിൽ ഉൾച്ചേർക്കാനും ശ്രദ്ധിക്കണേ.

**ഫാ. ജോർജ് കോവാട്ട്**
ഡയറക്ടർ, ഫാമിലി അപ്പൊസ്റ്റൊലേറ്റ്

# കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസി

## തസ്തിക നിർണ്ണയം

2016-2017 അധ്യയന വർഷത്തെ തസ്തിക നിർണ്ണയം നടത്താൻ പൊതുവിദ്യാഭ്യാസ ഡയറക്ടർ വിദ്യാഭ്യാസ ഓഫീസുകളിലേക്ക് നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. 2016-2017 അധ്യയന വർഷാരംഭത്തിൽ തന്നെ തസ്തിക നിർണ്ണയത്തിനുള്ള പ്രൊപ്പോസലുകൾ വിദ്യാഭ്യാസ ഓഫീസുകളിൽ നൽകിയിട്ടുണ്ടല്ലോ. ഡിസംബർ 15നു മുമ്പേ തസ്തിക നിർണ്ണയം പൂർത്തിയാക്കാനാണ് AEO, DEO ഓഫീസുകളിലേക്ക് നൽകിയിരിക്കുന്ന നിർദ്ദേശം.

തസ്തിക നിർണ്ണയത്തിനായി നൽകിയിരിക്കുന്ന പ്രൊപ്പോസലിൽ എല്ലാ രേഖകളും കൃത്യമായി ഉണ്ട് എന്ന് പ്രധാനധ്യാപകർ ഉറപ്പുവരുത്തണം. ഫിറ്റ്നസ് സർട്ടിഫിക്കറ്റുകളിലെ അപാകതകൾ, സ്റ്റാഫ് ലിസ്റ്റുകൾ നൽകിയപ്പോൾ ചിലരുടെ പേരുകൾ വിട്ടു പോവുക, അല്ലെങ്കിൽ തസ്തിക മാറിപോവുക, കുട്ടികളുടെ എണ്ണം അശ്രദ്ധയോടെ രേഖപ്പെടുത്തുക, തുടങ്ങിയ കാരണങ്ങളാൽ പല ഓഫീസുകളിൽ നിന്നും ചില സ്കൂളുകളിലെ ആവശ്യമായ തസ്തികകൾ അനുവദിച്ചു തന്നില്ല DD, DPI ഓഫീസുകളിൽ അപ്പീൽ കൊടുത്താണ് പല തസ്തികകളും പിന്നീട് ലഭിച്ചത്. ചിലരുടെ അശ്രദ്ധ മൂലം ഇപ്രകാരമുള്ള വീഴ്ചകൾ ഉണ്ടായിട്ടുണ്ട്. ഇപ്പോൾ നടക്കുന്ന തസ്തിക നിർണ്ണയത്തിൽ അപ്രകാരമുള്ള അപാകതകൾ ഉണ്ടാകാതെ ശ്രദ്ധിക്കണം. ഓരോ വിദ്യാഭ്യാസ ഓഫീസിലെയും ഉദ്യോഗസ്ഥന്മാരോട് നല്ല ബന്ധം പുലർത്തി, തെറ്റുകൾ പറ്റിയിട്ടുണ്ടെങ്കിൽ ഉടൻ തന്നെ കൃത്യമായ രേഖകൾ എത്തിച്ചുകൊടുത്ത് തസ്തിക നിർണ്ണയ പ്രവർത്തനങ്ങളോട് സഹകരിക്കണം. രേഖകൾ കൃത്യമായി ലഭിക്കുക എന്നത് അധ്യാപക, അനധ്യാപകരുടെയും സ്കൂളിന്റെയും ആവശ്യമാണെന്ന ചിന്തയോടെ ഇക്കാര്യത്തിൽ സത്വര ശ്രദ്ധ പതിപ്പിക്കണം.

തസ്തിക നിർണ്ണയ പ്രെപ്പോസലിൽ ഉൾപ്പെടുത്തുന്ന ഫിറ്റ്നസ് സർട്ടിഫിക്കറ്റിൽ സ്കൂളിലെ എല്ലാ റൂമുകൾക്കും ഫിറ്റ്നസ് ഉള്ളതായി രേഖപ്പെടുത്തിയിട്ടുണ്ടോയെന്നും രേഖപ്പെടുത്തിയിട്ടുള്ള അളവകുൾ കൃത്യമാണോയെന്ന് പരിശോധിക്കണം. എല്ലാ സ്കൂളുകളും ഫിറ്റ്നസ് സർട്ടിഫിക്കറ്റിന്റെ ഫോട്ടോ കോപ്പികൾ കൃത്യമായി ഫയൽ ചെയ്ത് സൂക്ഷിക്കണം.

കുട്ടികളുടെ എണ്ണത്തിനനുസരിച്ചും, ഫിറ്റ്നസ് ലഭിച്ച റൂമുകളുടെ എണ്ണത്തിനനുസരിച്ചും, തസ്തികകൾ അനുവദിച്ചു കിട്ടാൻ പരിശ്രമിക്കണം. അധ്യാപകർ പ്രസ്തുത തസ്തികയിൽ ജോലി ചെയ്താലും ഇല്ലെങ്കിലും തസ്തികകൾ അനുവദിച്ചു തരേണ്ടതാണ്. അങ്ങനെ തസ്തിക ലഭിക്കണമെങ്കിൽ നമ്മുടെ തസ്തിക നിർണ്ണയ പ്രെപ്പോസലിൽ കൃത്യമായി ആവശ്യപ്പെടണം. അതുകൊണ്ട് 2016-17ലെ തസ്തിക നിർണ്ണയ പ്രെപ്പോസലുകൾ പ്രധാനദ്ധ്യാപകരും ഓഫീസ് സ്റ്റാഫും അടിയന്തരമായി ശ്രദ്ധയോടെ പഠനവിധേയമാക്കണം.

തസ്തിക നിർണ്ണയ ഉത്തരവ് ലഭിച്ചു കഴിഞ്ഞാലുടൻ അന്നു തന്നെ അതു പഠിക്കുകയും പരിശോധിക്കുകയും ചെയ്തതിനുശേഷം ഉടൻ തന്നെ ഒരു കോപ്പി കോർപ്പറേറ്റിലേക്ക് അയച്ച്, ലഭിച്ചുവെന്ന് ഉറപ്പു വരുത്തണം. ലഭിച്ച ഉത്തരവിൽ അപാകതകൾ ഉണ്ടെങ്കിൽ, ആവശ്യമുള്ള തസ്തികകൾ അനുവദിച്ചില്ലെങ്കിൽ ആ കാര്യം രേഖാമൂലം കവറിംഗ് ലെറ്ററായി ചേർത്തു വേണം തസ്തിക നിർണ്ണയ ഉത്തരവുകൾ കോർപ്പറേറ്റ് ഓഫീസിലേക്ക് അയക്കാൻ.

## മതബോധന, സന്മാർഗശാസ്ത്ര അക്കാദമിക് പരീക്ഷകൾ

ഈ അധ്യയന വർഷത്ത മതബോധന, സന്മാർഗപാഠ വാർഷിക പരീക്ഷകളും, അക്കാദമിക്, സ്കോളർഷിപ്പ് പരീക്ഷകളും 2018 ജനുവരി 18,19,20 തീയതികളിലാണ്. വാർഷിക പരീക്ഷയ്ക്ക് പാഠപുസ്തകത്തിലെ മുഴുവൻ ഭാഗത്തുനിന്നും ചോദ്യങ്ങൾ ഉണ്ടായിരിക്കും. മുൻവർഷങ്ങളിലേതു പോലെ കെ.സി.ബി.സി തയ്യാറാക്കുന്ന ചോദ്യപേപ്പറുകളാണ് സന്മാർഗ്ഗപാഠ പരീക്ഷയ്ക്ക് ഉപയോഗിക്കുന്നത്. 4,7,10 ക്ലാസുകളിലെ കുട്ടികൾക്ക് കെ.സി.ബി.സി. പ്രത്യേക സ്കോളർഷിപ്പ് നൽകുന്നുണ്ട്. 4,7 ക്ലാസുകളിൽ സംസ്ഥാനതലത്തിൽ 1,2,3 സ്ഥാനങ്ങളിൽ എത്തുന്ന ഓരോ വിദ്യാർത്ഥിക്ക് യഥാക്രമം 2000/-, 1500/-, 1000/- രൂപ വീതവും 10-ാം ക്ലാസിൽ 90% ൽ കൂടുതൽ മാർക്കു കിട്ടുന്ന വിദ്യാർത്ഥികൾക്ക് 1000 രൂപ വീതവും സ്കോളർഷിപ്പ് നൽകുന്നതാണ്. കോർപ്പറേറ്റ് തലത്തിൽ വേദപാഠ, സന്മാർഗപാഠ, അക്കാദമിക് വിഷയങ്ങളിൽ ഉയർന്ന മാർക്കു വാങ്ങുന്നവർക്ക് മുൻവർഷങ്ങളിലേതുപോലെ സമ്മാനങ്ങൾ നൽകുന്നതാണ്.

രണ്ടാംടേമിലെ മതബോധന സന്മാർഗശാസ്ത്ര പരീക്ഷകൾ യഥാക്രമം 2018 ജനുവരി 18, 19 തീയതികളിലാണ്.

**സമയക്രമം**

2018 ജനുവരി 18 വ്യാഴം മതബോധനം

രാവിലെ 9.45am to 11.15 am, III, V, VII, IX

രാവിലെ 11.30am to 1.00 pm വരെ IV, VI, VIII, X

2018 ജനുവരി 19 വെള്ളി സന്മാർഗശാസ്ത്രം

രാവിലെ 9.45am to 11.15 am, III, V, VII, IX

രാവിലെ 11.30am to 1.00 pm വരെ IV, VI, VIII, X

പരീക്ഷസമയം കൃത്യമായും പാലിക്കണം.

സ്കോളർഷിപ്പ് പരീക്ഷ എഴുതുന്ന കുട്ടികൾ പ്രസ്തുത വിഷയത്തിൽ സ്കൂൾതല പരീക്ഷ എഴുതേണ്ടതില്ല.

## സ്കോളർഷിപ്പ് പരീക്ഷ

2018 ജനുവരി 18-ാം തീയതി വ്യാഴാഴ്ച

രാവിലെ 10.00 മുതൽ 11.30 വരെ മതബോധന പരീക്ഷ

2018 ജനുവരി 19-ാം തീയതി വെള്ളിയാഴ്ച

രാവിലെ 10.30 മുതൽ 11.30 വരെ സന്മാർഗ്ഗശാസ്ത്രം.

2018 ജനുവരി 20-ാം തീയതി ശനിയാഴ്ച

രാവിലെ 10.30 മുതൽ 1.00 വരെ അക്കാദമിക് വിഷയങ്ങൾ

## പരീക്ഷ സെന്റുകൾ

പേരാവൂർ എച്ച്.എസ്, എടൂർ എച്ച്.എസ്, കിളിയന്തറ എച്ച്.എസ്., വയത്തൂർ യു.പി, ചെമ്പേരി എച്ച്.എസ്.. വായാട്ടുപറമ്പ് എച്ച്. എസ്, ചെറുപുഴ എച്ച്.എസ്, തോമാപുരം എച്ച്.എസ്, കരിവേടകം യു.പി.

## അഭിനന്ദനങ്ങൾ

- ഇരിട്ടി ഉപജില്ല സംസ്കൃത കലോത്സവത്തിൽ യു.പി. വിഭാഗത്തിൽ വീർപാട് യു.പി. സ്കൂൾ ഒന്നാം സ്ഥാനം നേടി.
- ചിറ്റാരിക്കാൽ ഉപജില്ല ഗെയിംസ് അത്‌ലറ്റിക്സ് മീറ്റ്സ് പ്രവർത്തി പരിചയമേള, ഐടി ഫെയൽ എന്നീ ഇനങ്ങളിൽ വെള്ളരിക്കുണ്ട് ഹൈസ്കൂൾ തുടർച്ചയായി രണ്ടാംവർഷവും ഓവറോൾ ചാമ്പ്യൻഷിപ്പ് നേടി.
- ചിറ്റാരിക്കാൽ ഉപജില്ല ബാലകലോത്സവത്തിലും, സബ്ജില്ല സ്പോർട് മേളയിലും പാലാവയൽ എൽ.പി. സ്കൂൾ രണ്ടാം സ്ഥാനം നേടി.
- ഇരിക്കൂർ ഉപജില്ല കലോത്സവത്തിൽ യു.പി വിഭാഗത്തിലും, എൽ.പി വിഭാഗത്തിലും ചെമ്പേരി യു.പി. സ്കൂൾ ഓവറോൾ രണ്ടാംസ്ഥാനം നേടി.

## മികവ് റിസൽട്ട്

| | | |
|---|---|---|
| ക്ലാസ് V | 1-ാം റാങ്ക് | ആൽബിൻ തോമസ്, പൈസക്കരി യു.പി. |
| | | അർജ്ജുൻ രാജേഷ്, വായാട്ടുപറമ്പ യു.പി. |
| | 2-ാം റാങ്ക് | ഫാത്തിമ കെ, ചെമ്പന്തൊട്ടി യു.പി. |
| | 3-ാം റാങ്ക് | ക്രിസ്റ്റാൽവിയ ജോൺസൺ,വീർപാട് യു.പി |
| ക്ലാസ് VI | 1-ാം റാങ്ക് | സൂര്യനന്ദന, വയത്തൂർ യു.പി. |
| | 2-ാം റാങ്ക് | സംഗീത് സൂര്യ, വയത്തൂർ യു.പി |
| | 3-ാം റാങ്ക് | എഡ്വിൻ അഗസ്റ്റിൻ,വയത്തൂർ യു.പി |
| ക്ലാസ് VII | 1-ാം റാങ്ക് | എയ്ഞ്ചൽ ബി.ടി., അങ്ങാടിക്കടവ് യു.പി. |
| | | ഷോൺ ഷാജി കുടിയാന്മല യു.പി |
| | 2-ാം റാങ്ക് | അർഷ ബിജു തോട്ടത്തിൽ, അങ്ങാടിക്കടവ് യു.പി. |
| | | സാനിയ വർഗ്ഗീസ്, തോമാപുരം യു.പി. |
| | 3-ാം റാങ്ക് | അനുഗ്രഹ കെ.സണ്ണി, കരൂള്ളടുക്കം യു.പി. |
| | | അഭിനന്ദ് പി.വി., കുടിയാന്മല യു.പി. |
| ക്ലാസ് VIII | 1-ാം റാങ്ക് | ഡിയോൺ സാജൻ, കിളിയന്തറ എച്ച്.എസ്. |
| | | ക്രിസ്റ്റ മരിയ ബാബു, തോമാപുരം എച്ച്.എസ്. |
| | | ഡാരിസ് ബെന്നി, വെളിമാനം എച്ച്.എസ്. |
| | | ഷാലറ്റ് മേരി ജോൺ, ചന്ദനക്കാംപാറ എച്ച്.എസ്. |
| | | ആരതി സുരേഷ്, തോമാപുരം എച്ച്.എസ്. |
| | | അലീന ബെന്നി, പാലാവയൽ എച്ച്.എസ്. |
| | 2-ാം റാങ്ക് | പാർവ്വതി വിനോദ്, ചെറുപുഴ എച്ച്.എസ്. |
| | 3-ാം റാങ്ക് | അലീന മരിയ സിബിച്ചൻ പൈസക്കരി എച്ച്.എസ്. |
| | | എലിസബത്ത് ടി മാണി, പേരാവൂർ എച്ച്.എസ്. |
| ക്ലാസ് IX | 1-ാം റാങ്ക് | നവ്യ നാരായണൻ കെ.വി ചെറുപുഴ എച്ച്.എസ് |
| | | വിൽ ക്രിസ്റ്റ് സെബാസ്റ്റ്യൻ, തോമാപുരം എച്ച്.എസ് |
| | | നിർമ്മൽ എം മനോജ്, വെള്ളരിക്കുണ്ട് എച്ച്.എസ്. |
| | 2-ാം റാങ്ക് | പ്രസമിസി പ്രദീപ്, പേരാവൂർ എച്ച്.എസ്. |
| | 3-ാം റാങ്ക് | ആൽബിൻ ജിജി, പെരുമ്പടവ് എച്ച്.എസ്. |
| ക്ലാസ് X | 1-ാം റാങ്ക് | എയ്ഞ്ചൽ സജി, അങ്ങാടിക്കടവ് എച്ച്.എസ് |
| | | കൃഷ്ണപ്രിയ കെ, ചെമ്പന്തൊട്ടി എച്ച്.എസ്. |
| | | ആര്യ ടി.വി, പേരാവൂർ എച്ച്.എസ്. |
| | 2-ാം റാങ്ക് | ജോഷ് മാത്യു മണിക്കടവ് എച്ച്.എസ്. |
| | | സിഞ്ചോ ജെയിംസ്, മണിക്കടവ് എച്ച്.എസ്. |
| | 3-ാം റാങ്ക് | എബിൻ ദേവസ്യ, മണിക്കടവ് എച്ച്.എസ്. |
| | | ക്രിസ്റ്റി ജിൽസ്, വായാട്ടുപറമ്പ് എച്ച്.എസ്. |
| ക്ലാസ് XI | 1-ാംറാങ്ക് | ജോയൽ തോമസ്, അങ്ങാടിക്കടവ് എച്ച്.എസ്.എസ് |
| | | മാത്യു പി.എം, തോമാപുരം എച്ച്.എസ്.എസ്. |
| | 2-ാം റാങ്ക് | കാതറിൻ ജോർജ്, കൊളക്കാട് എച്ച്.എസ്.എസ്. |
| | | അയോണ സന്തോഷ്,തോമാപുരം എച്ച്.എസ്.എസ്. |

| | |
|---|---|
| | മേരി സേവ്യർ, വായാട്ടുപറമ്പ എച്ച്.എസ്.എസ് |
| | ജേതിക്സ ജോൺസ്, വെള്ളരിക്കുണ്ട് എച്ച്.എസ്.എസ് |
| 3-ാം റാങ്ക് | അക്ഷയ ജോണി, ചെമ്പേരി എച്ച്.എസ്.എസ് |
| | ദിൽജിത്ത് കെ.എം, എടൂർ എച്ച്.എസ്.എസ്. |
| | ശ്യാമിലി ശിവദാസ്, മണിക്കടവ് എച്ച്.എസ്.എസ്. |
| ക്ലാസ് XII 1-ാം റാങ്ക് | അഞ്ജു ജോസ്, അങ്ങാടിക്കടവ് എച്ച്.എസ്.എസ്. |
| | നവ്യ ജോർജ്, അങ്ങാടിക്കടവ് എച്ച്.എസ്.എസ്. |
| | സാന്ദ്ര മരിയ സജി, അങ്ങാടിക്കടവ് എച്ച്.എസ്.എസ്. |
| | എയ്ഞ്ചൽ ആഗ്നസ്, മണിക്കടവ് എച്ച്.എസ്.എസ്. |
| | അനിജ എൽദോസ്, പേരാവൂർ എച്ച്.എസ്.എസ്. |
| | നയന കെ, പെരുമ്പടവ് എച്ച്.എസ്.എസ്. |
| 2-ാം റാങ്ക് | സൗരവ് ബാബു യു മണിക്കടവ് എച്ച്.എസ്.എസ്. |
| 3-ാം റാങ്ക് | ജോമോൾ ജോൺസൺ അങ്ങാടിക്കടവ് എച്ച്.എസ്.എസ്. |
| | നവീന ജെയിംസ്, അങ്ങാടിക്കടവ് എച്ച്.എസ്.എസ്. |
| | കൃഷ്ണപ്രിയ പി.ബി, ചെമ്പേരി എച്ച്.എസ്.എസ്. |
| | ആൽബിൻ ഷാജു, ചെമ്പേരി എച്ച്.എസ്.എസ്. |
| | ഭാഗ്യ ലിൻസൺ, പാലാവയൽ എച്ച്.എസ്.എസ്. |

കോർപ്പറേറ്റ്തല പൊതുവിജ്ഞാന (മികവ്) പരീക്ഷയിൽ ഉയർന്ന വിജയം കരസ്ഥമാക്കിയ വിദ്യാർത്ഥികൾക്കും അവരെ പരിശീലിപ്പിച്ച അധ്യാപകർക്കും പ്രത്യേക അഭിനന്ദനങ്ങൾ.

**പൊതുഫണ്ട് സമാഹരണം**

ദേശീയ വിദ്യാഭ്യാസ നയത്തിന്റെ ഭാഗമായി പൊതു വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രമായി മാറ്റുക എന്ന സർക്കാർ നയപ്രകാരം എം.എൽ.എ/ എം.പി/ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവരിൽനിന്ന് സ്കൂളുകൾക്ക് ഫണ്ട് നൽകുന്നുണ്ട്. നാളിതുവരെയും സർക്കാർ സ്കൂളുകൾക്ക് മാത്രമാണ് ഫണ്ട് നൽകിയിരുന്നതെങ്കിൽ ഇപ്പോൾ മാനേജ്മെന്റ് സ്കൂളുകൾക്കും നൽകുന്നുണ്ട്. അതിനാൽ നമ്മുടെ എല്ലാ സ്കൂളുകളും സ്കൂൾ വികസന പ്ലാനുകൾ തയ്യാറാക്കി എം.എൽ.എ/ എം.പി/ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മറ്റ് സ്വകാര്യ ഏജൻസികൾ എന്നിവയ്ക്ക് അപേക്ഷ നൽകേണ്ടതാണ്. കുടിവെള്ള സൗകര്യം, ടോയ്‌ലറ്റുകൾ, ലൈബ്രറി, സ്മാർട്ട് ക്ലാസ്സ് റൂം എന്നിവയ്ക്കാണ് പ്രധാനമായും സഹായം ലഭിക്കുന്നത്. ഹെഡ്മാസ്റ്റർ/ പ്രിൻസിപ്പാൾ ഈ കാര്യത്തിൽ സത്വര ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

നമ്മുടെ സ്കൂളുകൾക്ക് ലഭിച്ച എം.എൽ.എ/എം.പി ഫണ്ടുകളുടെ അംഗീകരിച്ച ഓർഡറുകൾ ലഭിച്ചാൽ അതിന്റെ ഒരു കോപ്പിയും വിശദാംശങ്ങളും ഓഫീസിലേക്ക് അയച്ചുതരേണ്ടതാണ്.

**ഫാ. ജെയിംസ് ചെല്ലങ്കോട്ട്**
കോർപ്പറേറ്റ് മാനേജർ

# വിമൽജ്യോതി വാർത്തകൾ

**ചെമ്പേരി വിമൽജ്യോതിയിൽനിന്നും സ്നേഹാശംസകൾ!**

തലശ്ശേരി അതിരൂപത 2002-ൽ ആരംഭിച്ച വിമൽ ജ്യോതി വിജയകരമായി 15 വർഷം പൂർത്തിയാക്കിയിരിക്കുന്നു. എൻജിനീയറിംഗ് കോളേജുകളുടെ പ്രവർത്തന മികവിന്റെ ദേശീയ അംഗീകാരമായി ഈ വർഷം നമുക്ക് NBA Accreditation ലഭിച്ചിട്ടുണ്ട് (2 B.Tech branches for 3 years). അക്രഡിറ്റേഷൻ ലഭിച്ചതിനാൽ തുടർന്നുള്ള വർഷങ്ങളിൽ നമ്മുടെ കുട്ടികൾക്ക് ബി.ടെക് ഹോണേഴ്സിന് യോഗ്യത ലഭിക്കും. മലബാർ മേഖലയിൽ അക്രഡിറ്റേഷൻ ലഭിച്ച ഏക സർക്കാർ ഇതര എൻജിനീയറിംഗ് കോളേജാണ് വിമൽ ജ്യോതി. ഏറ്റവും മനോഹരമായി രൂപകല്പന ചെയ്ത് എല്ലാ ഭൗതിക സൗകര്യങ്ങളും ഒരുക്കിയിട്ടുള്ള 50 ഏക്കർ ക്യാമ്പസ് വിമൽ ജ്യോതിക്കുണ്ട്.

നിലവിൽ 6 ബ്രാഞ്ചുകളിൽ ബി.ടെക്കും, 6 ബ്രാഞ്ചുകളിൽ എം.ടെക്കും, MBAയും ഇവിടെ പ്രവർത്തിക്കുന്നു. പ്ലസ്ടു മാർക്കിന്റെയും എൻട്രൻസ് സ്കോറിന്റെയും അടിസ്ഥാനത്തിലാണ് വിമൽ ജ്യോതിയിലെ അഡ്മിഷൻ. കത്തോലിക്കരായ കുട്ടികൾക്ക് പ്രത്യേക സ്കോളർഷിപ്പുകൾ ഇവിടെ ലഭ്യമാണ്.

## എൻജിനീയറിംഗ് എൻട്രൻസ് - ക്രാഷ് കോഴ്സ്

2018 ഏപ്രിൽ 23, 24 തീയതികളിലാണ് എൻജിനീയറിംഗ് എൻട്രൻസ് പരീക്ഷ. നിശ്ചിത തീയതിക്ക് മുമ്പ് എൻട്രൻസ് പരീക്ഷക്ക് രജിസ്റ്റർ ചെയ്യുവാൻ ശ്രദ്ധിക്കുമല്ലോ (www.cee.kerala.gov.in). കേരളാ ഗവൺമെന്റ് എൻട്രൻസ് പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്ത കുട്ടികളെ അതിനു തയ്യാറാക്കുന്നതിന് മുൻവർഷങ്ങളിലേതുപോലെ വിമൽ ജ്യോതിയിൽ എൻട്രൻസ് ക്രാഷ് കോഴ്സ് നടത്തുന്നുണ്ട്. ഏപ്രിൽ 2 മുതൽ 21 വരെ നടത്തുന്ന ക്രാഷ് കോഴ്സിന് ഇപ്പോൾ പേര് രജിസ്റ്റർ ചെയ്യാവുന്നതാണ്. ഫോൺ : 0460 2213399, 2212240.

## B.Tech, M.Tech അഡ്മിഷൻ 2018

അടുത്ത വർഷത്തെ അഡ്മിഷൻ നടപടിക്രമങ്ങൾ ആരംഭിച്ചിരിക്കുന്നു. അഡ്മിഷൻ ആഗ്രഹിക്കുന്നവർ കോളേജ് ഓഫീസുമായി ബന്ധപ്പെടുക.

## പ്ലേസ്മെന്റ് സെൽ വാർത്തകൾ

ഡിസംബർ 11,13,18 തീയതികളിൽ വിവിധ കമ്പനികൾ ക്യാമ്പസ് റിക്രൂട്ട്മെന്റ് നടത്തി. Atees Infomedia Private Ltd എന്ന കമ്പനി ഡിസംബർ 11ന് ക്യാമ്പസ് ഇന്റർവ്യൂ നടത്തി. ബാംഗളൂരു ബേസ്ഡ് റിക്രൂട്ട്മെന്റ്

ഏജൻസിയായ 'HIRE ME' അവരുടെ 80 ഓളം ക്ലയന്റ് കമ്പനികൾക്കു വേണ്ടി വിമൽ ജ്യോതിയിൽ വച്ച് അസ്സസ്മെന്റ് ടെസ്റ്റ് സംഘടിപ്പിച്ചു. പ്രമുഖ ഐ.റ്റി കമ്പനിയായ MINDTREE വിമൽ ജ്യോതിയിൽ ഡിസംബർ 18ന് ക്യാമ്പസ് ഇന്റർവ്യൂ നടത്തി.

## NSS Camp 2018

ഈ വർഷത്തെ വിമൽ ജ്യോതി NSS ടീമിന്റെ ക്യാമ്പ് പാത്തൻപാറ യിൽ വച്ച് നടത്തി. പ്രകൃതി മനോഹരമായ രണ്ട് ടൂറിസ്റ്റ് കേന്ദ്രങ്ങളുടെ ഇട യിൽ (വൈതൽമല, പാലക്കയംതട്ട്) കിടക്കുന്ന പാത്തൻപാറയുടെ ഭൂപ്ര കൃതിയും കാലാവസ്ഥയും പട്ടണപ്രദേശങ്ങളിൽനിന്നും മറ്റും വന്ന കുട്ടി കളെ സംബന്ധിച്ച് വലിയ ഒരനുഭവമായിരുന്നു. പാത്തൻപാറ ഇടവക വികാരി ബഹു. സെബാസ്റ്റ്യൻ മുട്ടത്തുപാറയച്ചന്റെയും, യു.പി., എൽ.പി. സ്കൂളുകളുടെയും, നല്ലവരായ നാട്ടുകാരുടെയും സഹകരണവും പ്രോത്സാ ഹനവും വലിയ ഒരനുഗ്രഹമായിരുന്നു. ഡിസംബർ 20 മുതൽ 26 വരെ നടന്ന ക്യാമ്പ് 20.12.2017 വൈകുന്നേരം 5 മണിക്ക് മുൻ മന്ത്രിയും എം.എൽ.എയു മായ ശ്രീ. കെ.സി. ജോസഫ് ഉദ്ഘാടനം ചെയ്തു. നടുവിൽ പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി ബിന്ദു ബാലൻ അദ്ധ്യക്ഷത വഹിച്ചു. കോളേജ് പ്രിൻസിപ്പാൾ ഡോ. ബെന്നി ജോസഫ് ഏവർക്കും സ്വാഗതം ആശംസിച്ചു. ചെയർമാൻ റവ. ഡോ. തോമസ് മേൽവെട്ടത്ത് അനുഗ്രഹപ്രഭാഷണം നട ത്തി. എൻ.എസ്.എസ്. പ്രോഗ്രാം കോർഡിനേറ്റർ പ്രൊഫ. തോമസ് ജോൺ നന്ദി അർപ്പിച്ചു. ക്യാമ്പിന്റെ തുടക്കം കുറിച്ചുകൊണ്ട് വിളംബരജാഥയും, 24ന് വൈകിട്ട് ക്രിസ്തുമസ് കരോളും നടത്തി.

## Faculty Development Programme

വിമൽ ജ്യോതിയിലെ ഇലക്ട്രിക്കൽ ഡിപ്പാർട്ട്മെന്റിന്റെ ആഭിമുഖ്യത്തി ലും, ഇലക്ട്രോണിക്സ് & കമ്മ്യൂണിക്കേഷൻ ഡിപ്പാർട്ട്മെന്റിന്റെ ആഭിമു ഖ്യത്തിലും ഡിസംബർ മാസത്തിൽ ഫാക്കൽറ്റി ഡെവലപ്മെന്റ് പ്രോഗ്രാം നടന്നു. വിവിധ NIT, IIT കളിലെ പ്രഗത്ഭരായ പ്രൊഫസർമാർ ക്ലാസ്സുകൾക്ക് നേതൃത്വം നൽകി. വിമൽ ജ്യോതിയിലെ സ്റ്റാഫിനു പുറമേ മലബാർ മേഖ ലയിലെ ഇതര കോളേജുകളിൽ നിന്നുള്ള സ്റ്റാഫ് അംഗങ്ങളും പങ്കെടുത്തു.

## വിമൽ ജ്യോതി MBA കോളേജ് വാർത്തകൾ

ചെമ്പേരി വിമൽ ജ്യോതി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റിൽ ഗുഡ്സ് & സർവ്വീസ് ടാക്സ് (ജി.എസ്.ടി) യെക്കുറിച്ച് 16.12.2017 ന് ഒരു ഏകദിന സെമിനാർ സംഘടിപ്പിച്ചു. ഡിപ്പാർട്ട്മെന്റ് ഓഫ് സെയിൽസ് ടാക്സ് ഓഫീ സർ കോഴിക്കോട്, ശ്രീ. ബി. ഡിനേഷ്കുമാർ ക്ലാസ്സുകൾക്ക് നേതൃത്വം നൽകി. സെമിനാറിനോടനുബന്ധിച്ച് ഡിബേറ്റും നടന്നു. MBA കോളേജ് പ്രിൻസിപ്പാൾ ഡോ. തോമസ് മൈക്കിൾ മോഡറേറ്ററായിരുന്നു.

# നിർമ്മലഗിരി വാർത്തകൾ

## ഏകദിനസെമിനാർ

നിർമ്മലഗിരി കോളേജ് മലയാള വിഭാഗത്തിന്റെയും ഗവേഷണ കേന്ദ്രമായ ഐറിഷിന്റെയും സംയുക്താഭിമുഖ്യത്തിൽ മലയാളഭാഷാസാഹിത്യ വികാസത്തിലെ വൈദേശിക സ്വാധീന ധാരകൾ എന്ന വിഷയത്തിൽ ഏകദിന സെമിനാർ സംഘടിപ്പിച്ചു. കോളേജ് പ്രിൻസിപ്പാൾ ഡോ. എൻ.ജെ. സെലീന അധ്യക്ഷത വഹിച്ച ചടങ്ങ് കണ്ണൂർ യൂണിവേഴ്സിറ്റി രജിസ്ട്രാർ ഡോ. ബാലചന്ദ്രൻ കീഴോത്ത് ഉദ്ഘാടനം നിർവ്വഹിച്ചു. കൃഷ്ണമേനോൻ വനിതാ കോളേജ് മലയാളം വകുപ്പ് മേധാവി ഡോ. ജിസാ ജോസ് മുഖ്യപ്രഭാഷണം നടത്തി. റവ. ഡോ. എം.ജെ. മാണി. റവ. ഡോ. ജോർജ് തേനാടിക്കുളം, ഡോ സി. ദീപ എന്നിവർ പ്രബന്ധം അവതരിപ്പിച്ചു. ഡോ. പ്രജിത പി., ഡോ. ഷാജി മോൻ റ്റി. ജെ. ലിജി എൻ, ഡോ. സീനു മോൾ തോമസ്, ഡോ. ദീപാമോൾ മാത്യു, ഫാ. മാർട്ടിൻ ജോസഫ് എന്നിവർ സംസാരിച്ചു.

➔ ----------------------

## MBA അഡ്മിഷൻ 2018

2018 വർഷത്തെ അഡ്മിഷൻ നടപടിക്രമങ്ങൾ ആരംഭിച്ചിരിക്കുന്നു. 50% മാർക്കോടെ ഡിഗ്രി പാസ്സായവർക്കും ഈ വർഷം എഴുതുന്നവർക്കും അപേക്ഷിക്കാവുന്നതാണ്. KMAT നിർബന്ധമാണ്. KMATന് പേര് രജിസ്റ്റർ ചെയ്യേണ്ട അവസാന തീയതി 2018 ജനുവരി 19 ആണ്. രജിസ്റ്റർ ചെയ്ത കുട്ടികൾക്ക് വിമൽ ജ്യോതിയിൽ സൗജന്യപരിശീലനം നൽകുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് ഓഫീസുമായി ബന്ധപ്പെടുക. ഫോൺ : 0460 2213900

## വിമൽ ജ്യോതി ജീസസ് യൂത്ത്

വിമൽ ജ്യോതിയിലെ ജീസസ് യൂത്ത് കൂട്ടായ്മയുടെ ആഭിമുഖ്യത്തിൽ ചെമ്പേരി കരുണാലയത്തിൽ സേവനദിനം ആചരിച്ചു. കരുണാലയം ഡയറക്ടർ റവ. ഫാ. ഫിലിപ്പ് കവിയിൽ പ്രത്യേകം അഭിനന്ദിച്ചു. ജീസസ് യൂത്തിന്റെ ക്രിസ്തുമസ് ആഘോഷം ചെമ്പേരി ബാലഭവനിൽ ആയിരുന്നു. അന്തേവാസികളോടൊപ്പം കേക്ക് മുറിച്ചും, കലാപരിപാടികൾ നടത്തിയും സന്തോഷം പങ്കുവെച്ചു. ജിനു അച്ചന്റെ നേതൃത്വത്തിൽ നടന്ന പരിപാടികളിൽ ഫാ. വിപിൻ വെമ്മേനിക്കട്ടയിൽ, ഫാ. ബിബിൻ വരമ്പകത്ത് എന്നിവരും പങ്കുചേർന്നു.

**ഫാ. തോമസ് മേൽവെട്ടം**
ചെയർമാൻ, വിമൽജ്യോതി

## എം.എ. ഇക്കണോമിക്സ്- നിർമ്മലഗിരിക്ക് രണ്ടു റാങ്കുകൾ

കണ്ണൂർ യൂണിവേഴ്സിറ്റി എം.എ. ഇക്കോണോമിക്സ് പരീക്ഷയിൽ നിർമ്മലഗിരി ഒന്നാം റാങ്കും മൂന്നാം റാങ്കും കരസ്ഥമാക്കി. നീതു ഈ ഒന്നാം സ്ഥാനം നേടിയപ്പോൾ ഹരിത പി.പി. മൂന്നാം സ്ഥാനം നേടി.

## അത്‌ലറ്റ് മീറ്റ് 2017

കണ്ണൂർ യൂണിവേഴ്സിറ്റി അത്‌ലറ്റ് മീറ്റിൽ നിർമ്മലഗിരി കോളേജ് കോമേഴ്സ് വിഭാഗം വിദ്യാർത്ഥിനി സിബില ലിനറ്റ് ജോൺ ബെസ്റ്റ് വുമൺ അത്‌ലറ്റ് ആയി തെരഞ്ഞെടുക്കപ്പെട്ടു. മലയാളവിഭാഗത്തിലെ അഞ്ജലി പി. ജാവലിൻ ത്രോയിലും, ഫിസിക്സ് വിഭാഗത്തിലെ സായന്ത് ഹാമ്മർ ത്രോയിലും വെള്ളിമെഡൽ കരസ്ഥമാക്കി 200 മീറ്റർ ഓട്ടമത്സരത്തിൽ ഹിസ്റ്ററി വിഭാഗത്തിലെ അനിറ്റ് വെങ്കലമെഡൽ നേടി 400 100 മീറ്റർ റിലേ മത്സരത്തിലും നിർമ്മലഗിരി വെങ്കലം നേടി.

## നിർമ്മലഗിരിക്ക് ചരിത്ര വിജയം

കണ്ണൂർ യൂണിവേഴ്സിറ്റി ഇന്റർ കോളെജിയേറ്റ് ബോയ്സ് ഹോക്കി ടൂർണമെന്റിൽ ആദ്യമായി നിർമ്മലഗിരി ഒന്നാംസ്ഥാനം കരസ്ഥമാക്കി. (വിമൻസ്) ഹോക്കി ടീം രണ്ടാം സ്ഥാനം കരസ്ഥമാക്കി. ബോൾ ബാഡ്മിന്റൺ ചാമ്പ്യൻഷിപ്പിൽ ആൺകുട്ടികൾ രണ്ടാംസ്ഥാനവും, പെൺകുട്ടികൾ മൂന്നാം സ്ഥാനവും നേടി.

## അനുശോചിച്ചു

1970 മുതൽ 1998 വരെ നിർമ്മലഗിരി കോളേജിൽ ഇക്കണോമിക്സ് വകുപ്പ് അധ്യാപകനും വകുപ്പ് അധ്യക്ഷനുമായി സേവനമനുഷ്ഠിച്ചിരുന്ന പ്രൊഫ വി.ടി. ജോസഫിന്റെ വേർപാടിൽ നിർമ്മലഗിരി സമൂഹം ഒന്നാകെ അനുശോചനം രേഖപ്പെടുത്തി.

## ക്രിസ്തുമസ് ആഘോഷം

